മാസിക
# സുന്നത്ത്

2026 സെപ്തംബർ, 1448 റ. അവ്വൽ – റ. ആഖിർ
പുസ്തകം 49 / ലക്കം 7, വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

**Ph: 0495 277 2846**

sunnethmonthly@gmail.com
Sunnethcirculation@gmail.com




മുഖക്കുറി

## അൽഗരിതങ്ങളെ കരുതിയിരിക്കാം

ഏതു വസ്ത്രം ധരിക്കണം, എന്തെല്ലാം വാങ്ങണം, എവിടെനിന്ന് ഭക്ഷണം കഴിക്കണം, സ്മാർട്ട് ഫോണിൽ എത്രനേരം ചെലവഴിക്കണം, എങ്ങോട്ടെല്ലാം യാത്ര പോകണം തുടങ്ങി ഇന്ന് നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പുകളെ നിർണയിക്കുന്നതാരാണെന്ന് ആഴത്തിൽ ആലോചിച്ചുനോക്കിയിട്ടുണ്ടോ? അതിസൂക്ഷ്മവും അത്ഭുതകരവുമായി പ്രവർത്തിക്കുന്ന സോഷ്യൽമീഡിയ അൽഗരിതങ്ങളുടെ ഉള്ളറകളിലേക്കാണതിന്റെ ഉത്തരം എത്തിച്ചേരുക.

നാം പോലുമറിയാതെ നമ്മുടെ വിചാരങ്ങളെ സോഷ്യൽമീഡിയ അൽഗരിതങ്ങൾ അപഹരിച്ചുകൊണ്ടിരിക്കുന്നു. കുടുംബബന്ധങ്ങളിലും അവശ്യവസ്തുക്കളുടെ വിനിമയങ്ങളിലും വ്യക്തിത്വരൂപീകരണത്തിലും ശാരീരികവും മാനസികവുമായ ആരോഗ്യത്തിലും അൽഗോരിതങ്ങളുടെ ആഴത്തിലുള്ള സ്വാധീനം പ്രകടമാണ്. വ്യക്തിവിവരങ്ങളും താല്പര്യങ്ങളും ചോർത്തിയെടുത്ത് കുത്തകകമ്പനികൾക്ക് കൈമാറുന്ന ഡിജിറ്റൽമാധ്യമങ്ങളെക്കുറിച്ച് വലിയ ജാഗ്രത അനിവാര്യമാണ്.

അത്യാവശ്യമായ ഉപകാരങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിലുപരി എല്ലാവിധ ആസ്വാദനങ്ങളുടെയും പങ്കുവെപ്പിന്റെയും ഇടമായി സോഷ്യൽമീഡിയ മാറരുത്. സ്ക്രീനുകളിൽ പ്രത്യക്ഷപ്പെടുന്ന ട്രെന്റുകൾ മരീചിക പോലെയാണ്. പ്രത്യക്ഷത്തിൽ ആനന്ദദായകമാണെങ്കിലും ഉപഭോക്താക്കളെ കബളിപ്പിക്കുന്ന ഒന്നാന്തരം കെണികളാണവയെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ ബോധ്യമാകും. അപകടങ്ങളിൽ അകപ്പെടാതിരിക്കാനുള്ള ജാഗ്രത വിശ്വാസിയുടെ അടയാളമാണ്.

*എഡിറ്റർ*

**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

കവർസ്റ്റോറി

## നിശ്ശബ്ദമാകുന്ന ഉമ്മറങ്ങൾ

○ ശാക്കിർ കെ മജീദി

ഉമ്മറങ്ങളിൽ നിന്ന് കുശലാന്വേഷണങ്ങളും കൊച്ചുവർത്തമാനങ്ങളും മാഞ്ഞുപോയിരിക്കുന്നു. പകരം, ഡിജിറ്റൽ സ്ക്രീനുകളിൽ നിന്നുള്ള കൃത്രിമ വെളിച്ചവും നിശ്ശബ്ദതയും മാത്രം ശേഷിക്കുന്നു.

06



കവർസ്റ്റോറി

## വിരൽത്തുമ്പിലെ വിപണിലോകം

○ അനസ് ബുഖാരി

വീടിന്റെ പടിയിറങ്ങാതെ തന്നെ, ലോകത്തിന്റെ ഏതു കോണിൽ നിന്നുമുള്ള ഏത് അപൂർവ്വ വസ്തുവും സ്വന്തമാക്കാൻ കഴിയുന്ന ഈ മായാലോകം ഒരു സുപ്രഭാതത്തിൽ ഉണ്ടായതല്ല.

12



കവർസ്റ്റോറി

## ജീലാനീ ദർശനങ്ങളുടെ കെടാവെളിച്ചം

○ സിയാദ് സഖാഫി

വിശുദ്ധജീവിതവും ലൗകികവിരക്തിയും കർശനമായ ആത്മനിയന്ത്രണവും വഴി ഔന്നത്യം നേടിയ അല്ലാഹുവിന്റെ ഔലിയാക്കളിൽ പ്രധാനിയാണ് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ)

26



15



സ്നേഹതീരം

### മറക്കുമോ ആ ബാല്യകാലം

സൈറ അലി അരീക്കോട്

കവർസ്റ്റോറി

### ആരോഗ്യത്തിന്റെ അൽഗരിതം

ജാസിർ കുന്നളം

18



24



ലൈഫ്സ്റ്റൈൽ

### മക്കളെ നയിക്കുന്നത് സ്ക്രീനുകളോ?

കെ എം ഫാത്തിമ ശമീമ

31 അല്ലഫൽ അലിഫ്

**തിരുമദ്ഹിലെ അതുല്യകോർവ**

33 ആത്മയാനം

**ഏകാന്തവാസം സുഖവാസമല്ല**

37 ലൈഫ്സ്റ്റൈൽ

**അതിരുകൾ മറികടക്കരുത്**

40 ആത്മികം

**നിയ്യത്തിന്റെ സൗന്ദര്യം**

42 ആരോഗ്യം

**ഉറക്കക്കുറവിന്റെ ലക്ഷണങ്ങൾ**

43 ലൈഫ്സ്റ്റൈൽ

**അതിരുകൾ മറികടക്കരുത്**

22 ശാഫിഈ ഫിഖ്ഹ്
41 ഹനഫീ ഫിഖ്ഹ്
36 ചരിതം
48 വാർത്തകൾ


*സാങ്കേതിക തടസ്സം കാരണം നോവൽ, ചരിത്രാഖ്യായിക ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രിയ വായനക്കാർ ക്ഷമിക്കുമല്ലോ!*

തസ്കിയ

# ഭയം വേണം; പ്രതീക്ഷയും

‘ഹൻളല കപടവിശ്വാസിയായിപ്പോയല്ലോ, മുനാഫിഖായിപ്പോയല്ലോ.’ തെരുവിലൂടെ വിതുമ്പിക്കരഞ്ഞുകൊണ്ട് നടക്കുകയാണ് തിരുനബി(സ)യുടെ എഴുത്തുകാരിൽ പ്രധാനിയായിരുന്ന ഹൻളല(റ).

വഴിയിൽ കണ്ടുമുട്ടിയ അബൂബക്കർ സിദ്ദീഖ്(റ) കാര്യമന്വേഷിച്ചു: ‘എന്തുപറ്റി ഹൻളല?’

ഹൻളല(റ) വിശദീകരിച്ചു: ‘പ്രിയപ്പെട്ട സിദ്ദീഖോരേ, ഹൻളല മുനാഫിഖായിപ്പോയി. അല്ലാഹുവിന്റെ റസൂലിന്റെ സന്നിധിയിലിരിക്കുമ്പോൾ നരകത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും പാരത്രികലോകത്തെക്കുറിച്ചും അവിടുന്ന് നമുക്ക് വിവരിച്ചു തരും. കൺമുന്നിലെന്നപോലെ നാമത് അനുഭവിക്കുകയും ചെയ്യും. വീട്ടിലേക്ക് തിരിച്ചെത്തി ഭാര്യമാരോടൊപ്പം സമയം ചെലവഴിക്കുമ്പോൾ നാം പാരത്രികവിചാരങ്ങളെല്ലാം മറന്നുപോകും!’

അതുകേട്ടപ്പോൾ അബൂബക്കർ(റ) പ്രതികരിച്ചു: ‘അല്ലാഹുവാണെ, നമ്മുടെയും അവസ്ഥ അങ്ങനെതന്നെ! വരൂ, നമുക്ക് റസൂലിന്റെ സന്നിധിയിൽ പോയി പറയാം.’

ഇരുവരും റസൂലിന്റെ സന്നിധിയിലെത്തി. ഹൻളല(റ)വിന്റെ മുഖത്തെ സങ്കടവും ക്ഷീണവും കണ്ട് തിരുനബി(സ) ചോദിച്ചു: ‘എന്തുപറ്റി ഹൻളല?’

ഹൻളല(റ) വിതുമ്പിക്കൊണ്ടു പറഞ്ഞു: ‘ആറ്റലോരേ, ഹൻളല കപടവിശ്വാസിയായിപ്പോയല്ലോ! അങ്ങയുടെ സദസ്സിലിരുന്ന് സ്വർഗ്ഗനരകങ്ങളെക്കുറിച്ച് കേൾക്കുമ്പോൾ കൺമുന്നിലെന്ന പോലെ ഞങ്ങൾ പാരത്രിക ചിന്തകളിൽ മുഴുകും. വീട്ടിലേക്ക് തിരിച്ചുപോയി ഭാര്യമാരോടൊപ്പം ലൗകിക ചിന്തകളിൽ സമയം ചെലവഴിക്കുമ്പോൾ പാരത്രിക ചിന്തകളെല്ലാം മറന്നുപോകും!’

ഉടനെ റസൂൽ(സ) പ്രതികരിച്ചു: ‘പ്രിയരേ, സദാസമയവും പാരത്രിക ചിന്തകളിൽ മുഴുകുകയാണെങ്കിൽ ഇരിക്കുന്ന സദസ്സുകളിലും നടക്കുന്ന വഴികളിലും കിടപ്പറയിലും മലക്കുകൾ നിങ്ങൾക്ക് ഹസ്തദാനം നൽകുമായിരുന്നു. എന്നാൽ, ഹൻളലാ, മനുഷ്യജീവിതത്തിൽ എല്ലാ കാര്യങ്ങൾക്കും ഉചിതമായ സമയമുണ്ട്!’ (സ്വഹീഹുമുസ്‌ലിം: 2750, തിർമുദി: 2514)

വിശ്വാസിയുടെ വിചാരങ്ങൾ എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചുള്ള നിർദ്ദേശമാണ് തിരുനബി(സ) ഈ ഹദീസിലൂടെ കൈമാറുന്നത്. പാരത്രികലോകത്തുള്ള വിചാരണയെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും മനസ്സിനുള്ളിൽ പേടിയും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയുമുണ്ടാവണം.

ഭൗതികലോകത്ത് നിർവഹിക്കേണ്ട ഉത്തരവാദിത്തങ്ങളും കടമകളും മറന്നുപോകരുത്. ഓരോ കർമ്മവും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടാകുമ്പോൾ ആരാധനയായി മാറും. പ്രിയതമയുടെ വായിൽ വെച്ചുകൊടുക്കുന്ന ഒരുപിടി ഭക്ഷണത്തിനു പോലും പ്രതിഫലം ലഭിക്കുമെന്ന് തിരുനബി(സ) അരുൾ ചെയ്തതായി സഅദുബ്നു അബീവഖാസ്(റ) നിവേദനം ചെയ്ത ഹദീസിൽ കാണാം. (ബുഖാരി 1295, മുസ്‌ലിം 1628)

ചെയ്തുപോയ പാപങ്ങളിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങി സുകൃതങ്ങൾ ചെയ്ത് ജീവിക്കാനുള്ള പ്രതിജ്ഞയാണ് വിശ്വാസിയുടെ ഉള്ളിലുണ്ടാവേണ്ടത്. ഖേദപൂർവ്വം, ഇനിയൊരിക്കലും പാപങ്ങളിലേക്ക് മടങ്ങിപ്പോകില്ലെന്നുറച്ച് അടിമ തൗബ ചെയ്യുന്നതിൽ സ്രഷ്ടാവായ അല്ലാഹു ഏറെ സന്തോഷിക്കുമെന്ന് ഹദീസിൽ കാണാം.

വിജനമായ മരുഭൂമിയിലൂടെയുള്ള യാത്രയിലായിരുന്നു ഒരാൾ. ഇടയ്ക്കുവെച്ച് ഭക്ഷണവും വെള്ളവും വഹിച്ചിരുന്ന ഒട്ടകത്തെ കാണാതായി. അങ്ങേയറ്റം നിരാശയോടെ അയാൾ ഒരു മരത്തണലിൽ കിടന്നുറങ്ങി. ഏതാനും സമയത്തിനുശേഷം ഉറക്കമുണർന്നപ്പോൾ നഷ്ടപ്പെട്ടെന്നു കരുതിയ ഒട്ടകം അതാ മുന്നിൽ നിൽക്കുന്നു! അപ്പോൾ ആ യാത്രികന്റെ സന്തോഷം എത്രയായിരിക്കുമെന്ന് ആലോചിച്ചു നോക്കൂ! തിരുനബി(സ) പറയുന്നു: ‘അടിമ തൗബ ചെയ്യുമ്പോൾ യജമാനനായ അല്ലാഹുവിന് ഇതിനെക്കാൾ വലിയ സന്തോഷമായിരിക്കും!’

(മുസ്‌ലിം: 2747)



കവർസ്റ്റോറി

ശാകിർ കെ മജീദി

# നിശ്ശബ്ദമാകുന്ന ഉമ്മറങ്ങൾ

സന്ധ്യാസമയത്ത് വീടിന്റെ ഉമ്മറത്തോ സ്വീകരണമുറിയിലോ ഒരുമിച്ചിരിക്കുന്ന നാലംഗകുടുംബം പുറമെ നിന്ന് നോക്കുന്നവർക്ക് ഒരു സുന്ദരചിത്രമാണ്. അച്ഛനും അമ്മയും രണ്ട് മക്കളുമടങ്ങുന്ന സന്തുഷ്ട കുടുംബം. എന്നാൽ, അല്പം കൂടി അടുത്തറിയിമ്പോൾ നമ്മെ ഭയപ്പെടുത്തുന്ന ഒരു നിശ്ശബ്ദത ആ ചിത്രത്തെ മുഴുവൻ പൊതിഞ്ഞതായി കാണാം. ആരും പരസ്പരം സംസാരിക്കുന്നില്ല. നാലുപേരുടെയും കണ്ണുകളും വിരലുകളും തങ്ങളുടെ കൈയിലിരിക്കുന്ന തിളങ്ങുന്ന ചെറിയ സ്ക്രീനുകളിൽ തളയ്ക്കപ്പെട്ടിരിക്കുന്നു. അച്ഛൻ ഏതോ രാഷ്ട്രീയഗ്രൂപ്പിലെ പ്രകോപനപരമായ ചർച്ചയിൽ മുഴുകിയിരിക്കുന്നു. അമ്മ ഇൻസ്റ്റാഗ്രാം റീലുകളിലൂടെയും ഷോപ്പിംഗ് പേജുകളിലൂടെയും വിരലോടിക്കുന്നു. മുതിർന്ന മകൻ ഓൺലൈൻ ഗെയിമിന്റെ മാസ്മരികതയിലാണ്. ചെറിയ മകൾ യൂട്യൂബ് ഷോർട്സിൽ ഡാൻസ് ചെയ്യുന്ന മറ്റാരെയോ കണ്ടിരിക്കുന്നു. ഒരേ മേൽക്കൂരയ്ക്ക് കീഴിൽ, തൊട്ടടുത്തിരിക്കുമ്പോഴും അവർ ജീവിക്കുന്നത് ആയിരക്കണക്കിനു മൈലുകൾ അകലെയുള്ള നാല് വ്യത്യസ്ത ലോകങ്ങളിലാണ്.

ഉമ്മറങ്ങളിൽ നിന്ന് കുശലാന്വേഷണങ്ങളും കൊച്ചുവർത്തമാനങ്ങളും ചിരികളും മാഞ്ഞുപോയിരിക്കുന്നു. പകരം, അവിടെ ഡിജിറ്റൽ സ്ക്രീനുകളിൽ നിന്നുള്ള കൃത്രിമവെളിച്ചവും നിശ്ശബ്ദതയും മാത്രം ശേഷിക്കുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് കുടുംബങ്ങളുടെ ഇന്നത്തെ നിത്യജീവിതത്തിലെ യാഥാർത്ഥ്യമാണിത്. വിവരസാങ്കേതികവിദ്യയുടെ അതിവേഗ മുന്നേറ്റം മനുഷ്യന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ജീവിതമേഖലകളെ മുഴുവൻ വൻതോതിൽ സ്വാധീനിച്ചിരിക്കുകയാണ്.

ഈ നിശ്ശബ്ദത കേവലം സാങ്കേതിക പുരോഗതിയുടെ സ്വാഭാവിക ഫലമല്ല; മറിച്ച്, കോർപ്പറേറ്റ് വമ്പന്മാർ അതിരഹസ്യമായി രൂപകൽപ്പന ചെയ്ത, മനുഷ്യന്റെ മനഃശാസ്ത്രത്തെയും വികാരങ്ങളെയും ചൂഷണം ചെയ്യുന്ന അൽഗോരിതങ്ങളുടെ ആസൂത്രിതമായ വിജയമാണ്. നാം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ചെയ്യുന്ന ഓരോ കുഞ്ഞു ചലനവും അഥവാ ഒരു ചിത്രത്തിൽ നിർത്തുന്ന ശ്രദ്ധ, ഒരു വീഡിയോ കണ്ടുതീർക്കുന്ന സമയം, നൽകുന്ന ലൈക്കുകൾ, കമന്റുകൾ, സെർച്ച് ചെയ്യുന്ന വാക്കുകൾ തുടങ്ങിയവയെല്ലാം വിശകലനം ചെയ്ത് അടുത്ത നിമിഷം നാം എന്താണ് കാണേണ്ടതെന്ന് തീരുമാനിക്കുന്ന സങ്കീർണ്ണമായ കമ്പ്യൂട്ടർകോഡുകളാണ് അൽഗോരിതങ്ങൾ.

## അടുപ്പിക്കാനല്ല; അകറ്റാൻ

ആധുനിക ലോകത്തെ പ്രമുഖ സാങ്കേതിക പ്ലാറ്റ്ഫോമുകളുടെ പ്രാഥമിക ലക്ഷ്യം നമ്മെ വിവരമുള്ളവരാക്കുകയോ മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുകയോ അല്ല, മറിച്ച്, നമ്മെ കഴിയുന്നത്ര കൂടുതൽ സമയം ആപ്പുകളിൽ തളച്ചിടുക എന്നതാണ്. കാലിഫോർണിയയിലെ സിലിക്കൺ വാലിയിലെ ടെക്

**ഉമ്മറങ്ങളിൽ നിന്ന് കുശലാന്വേഷണങ്ങളും കൊച്ചുവർത്തമാനങ്ങളും ചിരികളും മാഞ്ഞുപോയിരിക്കുന്നു. പകരം, അവിടെ ഡിജിറ്റൽ സ്ക്രീനുകളിൽ നിന്നുള്ള കൃത്രിമവെളിച്ചവും നിശ്ശബ്ദതയും മാത്രം ശേഷിക്കുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് കുടുംബങ്ങളുടെ ഇന്നത്തെ നിത്യജീവിതത്തിലെ യാഥാർത്ഥ്യമാണിത്.**



ഭീമന്മാർ ഇതിനെ വിളിക്കുന്നത് 'ശ്രദ്ധയുടെ സാമ്പത്തിക ശാസ്ത്രം' (Attention Economy) എന്നാണ്. നമ്മുടെ ശ്രദ്ധയാണ് അവരുടെ ഉൽപ്പന്നം. നമ്മുടെ സമയമാണ് അവരുടെ വില്പനച്ചരക്ക്. നമ്മുടെ ശ്രദ്ധയും സമയവും പരസ്യക്കാർക്ക് വിറ്റാണ് അവർ കോടികൾ കൊയ്യുന്നത്.

മനുഷ്യതലച്ചോറിലെ ഡോപമിൻ (Dopamine) എന്ന നാഡീരസായനത്തെ ലക്ഷ്യമിട്ടാണ് ഈ അൽഗോരിതങ്ങൾ പ്രവർത്തിക്കുന്നത്. നാം സോഷ്യൽമീഡിയയിൽ ഓരോ തവണ വിരലോടിക്കുമ്പോഴും ഒരു പുതിയ നോട്ടിഫിക്കേഷൻ ലഭിക്കുമ്പോഴും തലച്ചോറിൽ ചെറുതല്ലാത്ത ഡോപാമിൻ തരംഗങ്ങളുണ്ടാകുന്നുണ്ടെന്നാണ് മാഞ്ചസ്റ്റർ സർവ്വകലാശാലയിലെ മനഃശാസ്ത്ര ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. ചൂതാട്ടകേന്ദ്രങ്ങളിലെ സ്ലോട്ട് മെഷീനുകളിൽ പ്രവർത്തിക്കുന്ന അതേ തത്ത്വമാണിത്. 'അടുത്ത സ്ക്രോളിൽ വലിയൊരു സർപ്രൈസ് എന്നെ കാത്തിരിക്കുന്നു' എന്ന മനഃശാസ്ത്രപരമായ പ്രതീക്ഷയാണ് നമ്മെ നയിക്കുന്നത്.

ഇത്തരം കൃത്രിമ ഉത്തേജനങ്ങൾ നമ്മെ നിരന്തരം സ്ക്രീനിലേക്ക് വലിച്ചടുപ്പിക്കുമ്പോൾ, യഥാർത്ഥ ജീവിതത്തിലെ ലളിതമായ സന്തോഷങ്ങൾ അഥവാ കുടുംബാംഗങ്ങളോടൊപ്പമുള്ള സംഭാഷണങ്ങൾ, കുട്ടികളുടെ കുസൃതികൾ, പങ്കാളിയുടെ കൂടെയുള്ള ശാന്തമായ നിമിഷങ്ങൾ തുടങ്ങിയവയെല്ലാം നമുക്ക് വിരസമായി അനുഭവപ്പെടാൻ തുടങ്ങുന്നു. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിനും ഗവേഷണങ്ങൾക്കും ഉപജീവനത്തിനും ഏറെ സഹായകമാണെന്ന് പലരും വാദിക്കാറുണ്ടെങ്കിലും, അത് കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തെയും പെരുമാറ്റരീതികളെയും പ്രതികൂലമായി ബാധിക്കുന്നുവെന്നത് തള്ളിക്കളയാനാവാത്ത യാഥാർത്ഥ്യമാണ്.

## തകരുന്ന ദാമ്പത്യം

സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ ഉണ്ടാക്കുന്ന ഏറ്റവും വലിയ ആഘാതം നേരിടുന്നത് ദാമ്പത്യബന്ധങ്ങളിലും കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിലുമാണ്. ആധുനിക സാമൂഹികശാസ്ത്രത്തിൽ 'ഫബ്ബിംഗ്' (Phubbing - Phone Snubbing) എന്നൊരു വാക്ക് ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. പങ്കാളിയോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോഴോ ഒപ്പമിരിക്കുമ്പോഴോ അവരെ അവഗണിച്ച് ഫോണിലേക്ക് മാത്രം ശ്രദ്ധിക്കുന്ന പ്രവണതയാണ് ഫബ്ബിംഗ്.

ജേണൽ ഓഫ് സോഷ്യൽ ആൻഡ് പേഴ്സണൽ റിലേഷൻഷിപ്പ്സ് എന്ന അന്താരാഷ്ട്ര ജേണലിൽ പ്രസിദ്ധീകരിച്ച പഠനമനുസരിച്ച്, പങ്കാളിയിൽ നിന്നുള്ള നിരന്തരമായ 'ഫബ്ബിംഗ്' ദാമ്പത്യസംതൃപ്തിയെ അതിവേഗം തകർക്കുകയും വിഷാദത്തിനും അപകർഷതാബോധത്തിനും വഴിവെക്കുകയും ചെയ്യുന്നു. 'എന്റെ പങ്കാളിക്ക് എന്നേക്കാൾ പ്രധാനം ആ സ്ക്രീനിലെ അപരിചിതരായ ആളുകളുടെ വിശേഷങ്ങളാണ്' എന്ന തോന്നൽ വ്യക്തികളിൽ നിരാശയും ആകാംക്ഷയും സൃഷ്ടിക്കുന്നു.



**സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ ഉണ്ടാക്കുന്ന ഏറ്റവും വലിയ ആഘാതം നേരിടുന്നത് ദാമ്പത്യബന്ധങ്ങളിലും കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിലുമാണ്. ആധുനിക സാമൂഹികശാസ്ത്രത്തിൽ 'ഫബ്ബിംഗ്' എന്നൊരു വാക്ക് ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. പങ്കാളിയോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോഴോ ഒഷമിരിക്കുമ്പോഴോ അവരെ അവഗണിച്ച് ഫോണിലേക്ക് മാത്രം ശ്രദ്ധിക്കുന്ന പ്രവണതയാണ് ഫബ്ബിംഗ്.**

ഇന്ന് പല കുടുംബങ്ങളിലും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുമ്പോഴോ യാത്ര ചെയ്യുമ്പോഴോ പോലും ആശയവിനിമയങ്ങളോ സംസാരമോ നടക്കുന്നില്ല. യാത്രകളിൽ മിക്കപ്പോഴും പോകുന്ന സ്ഥലങ്ങളോ കൂടെയുള്ളവരോടുള്ള സന്തോഷ നിമിഷങ്ങളോ മനോഹരമാക്കുന്നതിനു പകരം റീലുകളുണ്ടാക്കുന്ന, മികച്ച ഫോട്ടോകളെടുക്കുന്ന തിരക്കിലാണ് ഭൂരിഭാഗം ആളുകളും. സ്വന്തം സ്ക്രീനുകളിലേക്ക് ഒതുങ്ങുന്നതിലൂടെ കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും ആശയവിനിമയ ശേഷിയും പതുക്കെ നശിച്ചുപോകുന്നു. സഹോദരങ്ങൾ തമ്മിലും ദമ്പതികൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലുമുള്ള ആത്മബന്ധവും പരസ്പരം കണ്ടുമനസ്സിലാക്കാനുള്ള അവസരങ്ങളും ഇതിലൂടെ നഷ്ടപ്പെടുന്നു.

## താരതമ്യങ്ങൾ

ദാമ്പത്യത്തിൽ വിള്ളലുണ്ടാക്കാൻ അൽഗോരിതങ്ങൾ ഉപയോഗിക്കുന്ന മറ്റൊരു ആയുധമാണ് കൃത്രിമമായ ഒത്തുനോക്കലുകൾ. ഇൻസ്റ്റാഗ്രാമിലും ഫേസ്ബുക്കിലും ആളുകൾ പങ്കുവെക്കുന്നത് അവരുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ, എഡിറ്റ് ചെയ്ത, ഫിൽട്ടർ ചെയ്ത നിമിഷങ്ങൾ മാത്രമാണ്. അൽഗോരിതങ്ങൾ ഇത്തരം 'ആകർഷകമായ' ദൃശ്യങ്ങളെ വീണ്ടും വീണ്ടും നമ്മുടെ ഫീഡുകളിലേക്ക് തള്ളിവിടുന്നു. മറ്റുള്ളവരുടെ ആഡംബര യാത്രകൾ, സമ്മാനങ്ങൾ, കൃത്രിമമായി ചിത്രീകരിക്കപ്പെട്ട സ്നേഹപ്രകടനങ്ങൾ എന്നിവ നിരന്തരം കാണുന്ന ഒരു വ്യക്തി സ്വന്തം ജീവിതത്തിലും പങ്കാളിയിലും അസംതൃപ്തനാകാൻ തുടങ്ങുന്നു. ഇത് യാഥാർത്ഥ്യബോധമില്ലാത്ത പ്രതീക്ഷകളിലേക്ക് നയിക്കുന്നു.

അതോടൊപ്പം, ദമ്പതികൾ തമ്മിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് തുറന്നുപറഞ്ഞു പരിഹരിക്കുന്നതിനു പകരം, പലരും സ്വന്തം സ്ക്രീനുകളിലെ സമാന്തരലോകങ്ങളിലേക്ക് ഒളിച്ചോടുന്നു. ഈ ഡിജിറ്റൽ

അകൽച്ച കുടുംബത്തിലെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. കൂടാതെ, അൽഗോരിതങ്ങൾ വ്യക്തിഗതമാക്കിയ മെസ്സേജിംഗ് ആപ്പുകളും പ്രൈവറ്റ് ഗ്രൂപ്പുകളും പങ്കാളിയിൽ നിന്ന് കാര്യങ്ങൾ മറച്ചുവെക്കാനുള്ള സൗകര്യമൊരുക്കുന്നു. ഈ രഹസ്യജീവിതങ്ങൾ കുടുംബത്തിലെ പരസ്പരവിശ്വാസത്തിന് വലിയ കോട്ടമുണ്ടാക്കുന്നു.

## മാതൃകയാകണം മാതാപിതാക്കൾ

ഒരു കുട്ടി വളരുമ്പോൾ ലഭിക്കേണ്ട ഏറ്റവും വലിയ സമ്മാനം മാതാപിതാക്കളുടെ ശ്രദ്ധയും സ്നേഹവും സുരക്ഷിതത്വവുമാണ്. എന്നാൽ മാതാപിതാക്കളുടെ ശ്രദ്ധയ്ക്കു വേണ്ടി സ്മാർട്ട്ഫോണുകളോട് മത്സരിക്കേണ്ടിവരുന്നു എന്നതാണ് പുതിയ തലമുറയിലെ കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പലപ്പോഴും കുട്ടികളേക്കാൾ കൂടുതൽ മാതാപിതാക്കൾ തന്നെ ഈ ഡിജിറ്റൽ ഉപകരണങ്ങൾക്ക് അടിമകളാകുന്ന കാഴ്ച ദാരുണമാണ്. രാത്രികാലങ്ങളിലും ഭക്ഷണസമയത്തും ഫോണുകൾ ലോക്ക് ചെയ്തു വെക്കേണ്ട അവസ്ഥയിലേക്ക് മുതിർന്നവർ പോലും എത്തിച്ചേരുന്നു.

ഗവേഷകർ ഇതിനെ 'ടെക്നോഫെറൻസ്' (Technoference) എന്ന് വിളിക്കുന്നു. മാതാപിതാക്കളുടെയും മക്കളുടെയും ഇടയിലുള്ള ബന്ധത്തിൽ സാങ്കേതികവിദ്യ തടസ്സമായി നിൽക്കുന്ന അവസ്ഥയാണിത്. ഇതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമാണ്. കുട്ടികളുടെ സംസാരത്തോട് മാതാപിതാക്കൾ യന്ത്രവിഹിതമായി പ്രതികരിക്കുന്നത് വൈകാരിക അകൽച്ചയുണ്ടാക്കുന്നു. മാതാപിതാക്കളുടെ ശ്രദ്ധ കിട്ടാൻ കുട്ടികൾ വാശിയും ദേഷ്യവും കാട്ടുന്ന പെരുമാറ്റ വൈകല്യങ്ങളിലേക്ക് ഇത് വഴിമാറുന്നു. മാതാപിതാക്കൾ ഫോണിൽ മുഴുകുന്നതു കണ്ട് കുട്ടികളും സ്ക്രീൻ അടിമകളാകുന്നു. മാതാപിതാക്കൾ വൈകാരികമായി ലഭ്യമല്ലാതിരിക്കുന്നത് കുട്ടികളിൽ വലിയ

> ദാമ്പത്യത്തിന്റെയും കുടുംബത്തിന്റെയും അടിത്തറ 'മവദ്ദഃ' (സ്നേഹം), 'റഹ്മഃ' (കാരുണ്യം) എന്നിവയാണ്. എന്നാൽ സോഷ്യൽമീഡിയയുടെ അനിയന്ത്രിതമായ ഉപയോഗം ഈ സ്നേഹത്തെയും കാരുണ്യത്തെയും ശോഷിപ്പിക്കുന്നു. സ്ക്രീനിൽ പരതി നടക്കുമ്പോൾ നഷ്ടപ്പെടുന്നത് പരസ്പരമുള്ള കരുതലും സ്നേഹവുമാണ്. ജീവിതത്തിൽ ഒരുമിച്ചിരുന്ന് സന്തോഷിക്കേണ്ട ഏറ്റവും മനോഹരവും അമൂല്യവുമായ സമയങ്ങളാണ് നമുക്ക് നഷ്ടപ്പെടുന്നത്.

അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെയും പീഡിയാട്രിക് സംഘടനകളുടെയും മുന്നറിയിപ്പുകൾ പ്രകാരം, ആദ്യകാല ബാല്യത്തിൽ മാതാപിതാക്കളിൽ നിന്ന് നേരിട്ടുള്ള ആശയവിനിമയവും വൈകാരിക സാന്നിധ്യവും ആവശ്യത്തിന് ലഭിക്കാത്ത കുട്ടികളിൽ ഭാഷാവികാസവും സാമൂഹിക കഴിവുകളും നഷ്ടപ്പെടുന്നു. മാതാപിതാക്കൾ ഫോണിൽ മുഴുകുമ്പോൾ കുട്ടികളുടെ കൈകളിലേക്കും സ്മാർട്ട്ഫോണുകൾ എത്തുന്നു. യൂട്യൂബ് കിഡ്സ്, ടിക് ടോക്, ഇൻസ്റ്റാഗ്രാം, റോബ്ലോക്സ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിലെ അൽഗോരിതങ്ങൾ കുട്ടികളുടെ പിഞ്ചുമനസ്സുകളെ കുരുക്കിലാക്കാൻ പ്രത്യേകം രൂപകൽപ്പന ചെയ്തവയാണ്.

യൂണിസെഫ് പുറത്തുവിട്ട ഡിജിറ്റൽ ചൈൽഡ് സേഫ്റ്റി റിപ്പോർട്ടുകൾ പ്രകാരം, അൽഗോരിതങ്ങൾ കുട്ടികളെ അതിവേഗം അക്രമാസക്തമായ ഗെയിമുകളിലേക്കും, പ്രായത്തിന് അനുയോജ്യമല്ലാത്ത ദൃശ്യങ്ങളിലേക്കും, അപകർഷതാബോധം ഉണ്ടാക്കുന്ന ഉള്ളടക്കങ്ങളിലേക്കും നയിക്കുന്നു. പെൺകുട്ടികളിൽ വിഷാദവും ആത്മഹത്യാ പ്രവണതയും വർദ്ധിക്കാൻ സോഷ്യൽ മീഡിയയിലെ അൽഗോരിതങ്ങൾ കാരണമാകുന്നു എന്ന് വൻകിട ടെക് കമ്പനികളുടെ ഗവേഷണങ്ങൾ തന്നെ വ്യക്തമാക്കുന്നു. ഫേസ്ബുക്ക് വിഷയം പുറത്തുകൊണ്ടുവന്ന ഫ്രാൻസെസ് ഹൗഗൻ എന്ന വിസിൽബ്ലോവറുടെ വെളിപ്പെടുത്തലുകൾ ഇതിന് തെളിവാണ്. കുട്ടികൾക്ക് ആക്സസില്ലെന്ന് പറയുന്ന പല കണ്ടന്റുകളും ഇത്തരം സോഷ്യൽമീഡിയ പ്ലാറ്റുഫോമുകൾ വഴി കുട്ടികൾക്ക് ലഭിക്കുന്നുവെന്നും കോർപ്പറേറ്റ് കമ്പനികളുടേത് പലതും കളവുകളാണെന്നും പഠനറിപ്പോർട്ടിൽ പുറത്തുവന്നിരുന്നു.

## സമാന്തരലോകങ്ങൾ

സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ കുടുംബത്തിനുള്ളിലെ വ്യക്തിബന്ധങ്ങളെ മാത്രമല്ല തകർക്കുന്നത്; അവ കുടുംബങ്ങൾ ജീവിക്കുന്ന സാമൂഹികാന്തരീക്ഷത്തെത്തന്നെ വിഷലിപ്തമാക്കുന്നു. അൽഗോരിതങ്ങളുടെ അടിസ്ഥാന തത്ത്വമാണ് 'എംഗേജ്മെന്റ് മാക്സിമൈസേഷൻ.' അഥവാ, ആളുകളെ കൂടുതൽ കോപാകുലരോ ഭയചകിതരോ ഉത്കണ്ഠാകുലരോ ആക്കുന്ന ഉള്ളടക്കങ്ങൾക്ക് കൂടുതൽ പ്രചാരം നൽകൽ. സന്തോഷകരമായ വാർത്തകളേക്കാൾ അതിവേഗം പടരുന്നത് വെറുപ്പും, വ്യാജവാർത്തകളും, രാഷ്ട്രീയ-മത ധ്രുവീകരണ ഉള്ളടക്കങ്ങളുമാണ്. ഇന്ന് പല കുടുംബങ്ങളിലും അത്താഴമേശകളിൽ രാഷ്ട്രീയത്തിന്റെയോ മതത്തിന്റെയോ പേരിലുള്ള കടുപ്പമേറിയ തർക്കങ്ങൾ പതിവാണ്. കാരണം, ഒരേ കുടുംബത്തിലെ

**കുടുംബബന്ധങ്ങളെ വീണ്ടെടുക്കാനും ഡിജിറ്റൽ ലോകത്തെ ആരോഗ്യകരമായി നേരിടാനും കുടുംബത്തിൽ മാതാപിതാക്കൾ തന്നെ മുന്നിൽ നിന്ന് ഡിജിറ്റൽ അതിരുകൾ നിശ്ചയിക്കേണ്ടതുണ്ട്. കുട്ടികൾ വളർന്നു വരുമ്പോൾ അവരെ സന്മാർഗ്ഗത്തിൽ വളർത്തേണ്ടത് മാതാപിതാക്കളുടെ പ്രധാന കടമയാണ്. വീടുകളിലെ അത്താഴമേശ, കിടപ്പുമുറികൾ, പ്രാർത്ഥനാ മുറികൾ എന്നിവ സ്മാർട്ട്ഫോൺ വിമുക്ത മേഖലകളാക്കുക.**



അച്ഛനും മകനും ജീവിക്കുന്നത് രണ്ട് വ്യത്യസ്ത അൽഗോരിതങ്ങൾ നിർമ്മിച്ച സമാന്തര ലോകങ്ങളിലാണ്.

ഒരാൾക്ക് ഏതെങ്കിലും പ്രത്യയശാസ്ത്രത്തോടോ രാഷ്ട്രീയ പാർട്ടിയോടോ അല്പം താല്പര്യം തോന്നിയാൽ, അൽഗോരിതം ആ വിഷയത്തിലുള്ള തീവ്രമായ നിലപാടുകൾ മാത്രം അയാൾക്ക് മുന്നിലേക്ക് എറിഞ്ഞുകൊടുക്കുന്നു. സ്വന്തം ഗ്രൂപ്പിലെ ആശയങ്ങൾക്കു പുറത്തുള്ള പ്രപഞ്ചത്തെ മുഴുവൻ ശത്രുക്കളായി കാണാൻ ഇതയാളെ പ്രേരിപ്പിക്കുന്നു.

കൂടാതെ, തലമുറകൾ തമ്മിലുള്ള വലിയ അകൽച്ചയ്ക്കും ഇത് കാരണമാകുന്നു. മുതിർന്ന തലമുറ വ്യാജവാർത്തകൾക്കും വർഗീയ പ്രചാരണങ്ങൾക്കും അതിവേഗം ഇരയാകുമ്പോൾ, യുവതലമുറ പാശ്ചാത്യ സംസ്കാരത്തിന്റെ തീവ്രതരംഗങ്ങളിൽ അകപ്പെടുന്നു. സോഷ്യൽമീഡിയയിലെ പ്രശസ്തരായ ഇൻഫ്ളുവൻസർമാരും കൂട്ടുകെട്ടുകളും നല്ല സ്വഭാവത്തെയും സംസ്കാരത്തെയും തകർത്തുകളയാൻ സാധ്യതയേറെയാണ്. ഇരു കൂട്ടരുടെയും ഫീഡുകളെ അൽഗോരിതം വ്യത്യസ്തമായി രൂപകൽപ്പന ചെയ്യുന്നതിനാൽ അവർ തമ്മിലുള്ള ആശയവിനിമയം അസാധ്യമാകുന്നു.

## കുടുംബം അമാനത്താണ്

കേവലം കുറച്ചാളുകൾ ഒന്നിച്ച് ജീവിക്കുന്ന ഒരു സംവിധാനമല്ല കുടുംബം. മറിച്ച്, അതിന് വിശുദ്ധവും ധാർമ്മികവുമായ ഒരു വലിയ ഉത്തരവാദിത്തമുണ്ട്. ഇസ്‌ലാമിക അധ്യാപനങ്ങളിൽ കുടുംബം ദൈവീകമായ ഒരു വലിയ അമാനത്താണ് അഥവാ, സൂക്ഷിപ്പുസ്വത്താണ്. വിശുദ്ധ ഖുർആൻ ദാമ്പത്യത്തെക്കുറിച്ച് പരാമർശിക്കുന്നത് ശ്രദ്ധേയമാണ്: 'നിങ്ങൾക്ക് സമാധാനപൂർവ്വം ജീവിക്കേണ്ടതിന് നിങ്ങളിൽ നിന്നുതന്നെ പങ്കാളികളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും (മവദ്ദഃ) കരുണയും (റഹ്മഃ) ഉണ്ടാക്കുകയും ചെയ്തത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.' (സൂറതുറൂം 30:21)

ദാമ്പത്യത്തിന്റെയും കുടുംബത്തിന്റെയും അടിത്തറ 'മവദ്ദഃ' (സ്നേഹം), 'റഹ്മഃ' (കാരുണ്യം) എന്നിവയാണ്. എന്നാൽ സോഷ്യൽമീഡിയയുടെ അനിയന്ത്രിതമായ ഉപയോഗം ഈ സ്നേഹത്തെയും കാരുണ്യത്തെയും ശോഷിപ്പിക്കുന്നു. സ്ക്രീനിൽ പരതി നടക്കുമ്പോൾ നഷ്ടപ്പെടുന്നത് പരസ്പരമുള്ള കരുതലും സ്നേഹവുമാണ്. ജീവിതത്തിൽ ഒരുമിച്ചിരുന്ന് സന്തോഷിക്കേണ്ട ഏറ്റവും മനോഹരവും അമൂല്യവുമായ സമയങ്ങളാണ് നമുക്ക് നഷ്ടപ്പെടുന്നത്.

തിരുനബി(സ) അരുളി: 'നിങ്ങളെല്ലാവരും ഉത്തരവാദിത്തമുള്ളവരാണ്. ആ ഉത്തരവാദത്തിലുള്ളവരെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും.' (സഹീഹ് ബുഖാരി) ഒരു കുടുംബനാഥനോ കുടുംബനാഥയോ സ്വന്തം ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടി മണിക്കൂറുകളോളം തികച്ചും ഉപയോഗശൂന്യമോ ഹാനികരമോ ആയ ഉള്ളടക്കങ്ങളിൽ മുഴുകിയിരിക്കുമ്പോൾ, അത് ഖുർആൻ വിശേഷിപ്പിച്ച അമാനത്തിനോട് ചെയ്യുന്ന അനീതിയാണ്.

സമയത്തെക്കുറിച്ചുള്ള ബോധം ഇസ്‌ലാമിക മൂല്യങ്ങളിൽ പ്രധാനമാണ്. നാം നമ്മുടെ ആയുസ്സിലെ ഓരോ നിമിഷവും എങ്ങനെ ചെലവഴിച്ചു എന്നതിന് കണക്കു പറയേണ്ടിവരും. അൽഗോരിതങ്ങൾക്ക് നമ്മുടെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട സമയത്തെയും വൈകാരിക ഊർജ്ജത്തെയും അനായാസം ചോർ

> **കുട്ടികളോട് 'ഫോൺ വെക്കൂ' എന്ന് ഗർജ്ജിക്കുന്നതിന് പകരം, ഫോണില്ലാത്ത ലോകം എത്ര മനോഹരമാണെന്ന് സ്വന്തം പെരുമാറ്റത്തിലൂടെ മാതാപിതാക്കൾ കാണിച്ചുകൊടുക്കുക. നമുക്ക് ചുറ്റുമുള്ള ഡിജിറ്റൽ തിളക്കങ്ങൾ കൃത്രിമമമാണ്. അൽഗോരിതങ്ങൾ വാഗ്ദാനം ചെയ്യുന്ന ലൈക്കുകളും ഷെയറുകളും വലിപ്പമേറിയ ഫോളോവേഴ്സ് അക്കങ്ങളും നമ്മുടെ യഥാർത്ഥ ജീവിതത്തിലെ ഏകാന്തതയ്ക്ക് പരിഹാരമാവില്ല.**

ത്തിയെടുക്കാൻ നാം അവസരം നൽകരുത്. ടെക്നോളജിയെ അന്ധമായി നിഷേധിക്കുകയോ പൂർണ്ണമായി ഉപേക്ഷിക്കുകയോ ചെയ്യുക എന്നത് ഇന്നത്തെ ലോകത്ത് പ്രായോഗികമല്ല. സാങ്കേതികവിദ്യ ഒരു ഉപാധിയാണ്. എന്നാൽ നമ്മൾ അൽഗോരിതങ്ങളുടെ അടിമകളാണോ അതോ അവയുടെ യജമാനന്മാരാണോ എന്നതാണ് പ്രധാന ചോദ്യം.

## വേണം, അതിരുകൾ

കുടുംബബന്ധങ്ങളെ വീണ്ടെടുക്കാനും ഡിജിറ്റൽ ലോകത്തെ ആരോഗ്യകരമായി നേരിടാനും കുടുംബത്തിൽ മാതാപിതാക്കൾ തന്നെ മുന്നിൽ നിന്ന് ഡിജിറ്റൽ അതിരുകൾ നിശ്ചയിക്കേണ്ടതുണ്ട്. കുട്ടികൾ വളർന്നുവരുമ്പോൾ അവരെ സന്മാർഗ്ഗത്തിൽ വളർത്തേണ്ടത് മാതാപിതാക്കളുടെ പ്രധാന കടമയാണ്. വീടുകളിലെ അത്താഴമേശ, കിടപ്പുമുറികൾ, പ്രാർത്ഥനാ മുറികൾ എന്നിവ സ്മാർട്ട്ഫോൺ വിമുക്ത മേഖലകളാക്കുക. രാത്രി ഭക്ഷണസമയത്തും, വൈകുന്നേരങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ചിരിക്കുന്ന സമയത്തും ഫോണുകൾ മാറ്റിവെക്കുക.

തങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായി കുട്ടികൾ ഇത്തരം നിയന്ത്രണങ്ങളെ കാണാതിരിക്കാൻ അവരുടെ നന്മയ്ക്കും സംരക്ഷണത്തിനും വേണ്ടിയാണിതെന്ന് മാതാപിതാക്കൾ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കണം. കുട്ടികളെ കേൾക്കാനും അവരുടെ സ്കൂൾ വിശേഷങ്ങളും വികാരങ്ങളും ചോദിച്ചറിയാനും മാതാപിതാക്കൾ സമയം കണ്ടെത്തണം.

അൽഗോരിതങ്ങളെ നിയന്ത്രിക്കാനും നാം ശ്രദ്ധിക്കണം. മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ സ്ക്രീൻ ഉപയോഗം നിരീക്ഷിക്കാൻ പാരന്റ് കൺട്രോൾ സൗകര്യങ്ങൾ ഉപയോഗിക്കാം. ഏറ്റവും പ്രധാനപ്പെട്ട കോൾ, മെസ്സേജ് ആപ്പുകൾ ഒഴികെ മറ്റെല്ലാ സോഷ്യൽമീഡിയ ആപ്പുകളുടെയും നോട്ടിഫിക്കേഷനുകൾ ഓഫാക്കാം. അൽഗോരിതം വിളിക്കുമ്പോഴല്ല, ആവശ്യമുള്ളപ്പോൾ മാത്രം ആപ്പുകൾ തുറക്കാൻ ശിലിക്കുക. ഡിജിറ്റൽ വെൽബീയിംഗ് ടൂളുകൾ ഉപയോഗിച്ച് ഓരോ ആപ്പിലും ചെലവഴിക്കുന്ന സമയം പരിമിതപ്പെടുത്തുക.

ഡിജിറ്റൽലോകത്തിനു പകരം വെക്കാവുന്ന സന്തോഷങ്ങൾ നാം കണ്ടെത്തണം. ദിവസവും കുറഞ്ഞത് മുപ്പതു മിനിറ്റെങ്കിലും കുടുംബാംഗങ്ങളുമായി കണ്ണിൽ നോക്കി സംസാരിക്കുകയും ദിവസത്തെ വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്യുക. വാരാന്ത്യങ്ങളിൽ ഫോണുകൾ മാറ്റിവെച്ച് പ്രകൃതിയിലേക്കിറങ്ങാനും, ഒന്നിച്ചിരുന്ന് പുസ്തകങ്ങൾ വായിക്കാനും, ഗെയിമുകളിലും കായിക വിനോദങ്ങളിലും ഏർപ്പെടാനും സമയം കണ്ടെത്തുക.

എല്ലാറ്റിലുമുപരി, കുട്ടികൾക്ക് മാതൃകയാവാൻ മാതാപിതാക്കൾക്ക് സാധിക്കണം. മാതാപിതാക്കൾ ആദ്യം സ്വന്തം ഫോൺ ഉപയോഗം കുറയ്ക്കുക. കുട്ടികളോട് 'ഫോൺ വെക്കൂ' എന്ന് ഗർജ്ജിക്കുന്നതിന് പകരം, ഫോണില്ലാത്ത ലോകം എത്ര മനോഹരമാണെന്ന് സ്വന്തം പെരുമാറ്റത്തിലൂടെ കാണിച്ചുകൊടുക്കുക. നമുക്ക് ചുറ്റുമുള്ള ഡിജിറ്റൽ തിളക്കങ്ങൾ കൃത്രിമമമാണ്. അൽഗോരിതങ്ങൾ വാഗ്ദാനം ചെയ്യുന്ന ലൈക്കുകളും ഷെയറുകളും വലിപ്പമേറിയ ഫോളോവേഴ്സ് അക്കങ്ങളും നമ്മുടെ യഥാർത്ഥ ജീവിതത്തിലെ ഏകാന്തതയ്ക്ക് പരിഹാരമാവില്ല.

ഒരു അപകടം സംഭവിക്കുമ്പോഴോ, രോഗം വരുമ്പോഴോ, മനോവിഷമം അനുഭവപ്പെടുമ്പോഴോ നമുക്ക് താങ്ങാവുന്നത് സ്ക്രീനിലെ അപരിചിതരല്ല; മറിച്ച് നമ്മുടെ തൊട്ടടുത്തിരിക്കുന്ന, നമ്മെ സ്നേഹിക്കുന്ന കുടുംബാംഗങ്ങളാണ്. മാതാപിതാക്കളും മക്കളും തങ്ങൾക്കു ലഭിച്ചിരിക്കുന്ന നിമിഷങ്ങളെ സന്തോഷത്തോടെയും സ്നേഹത്തോടെയും പങ്കുവെക്കാൻ മറന്നുപോകരുത്. അൽഗോരിതങ്ങളുടെ തടവറയിൽ നിന്ന് നമ്മുടെ കുടുംബങ്ങളെ മോചിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതത്ര എളുപ്പമുള്ള കാര്യമായിരിക്കില്ല; കാരണം നമ്മൾ പോരാടുന്നത് ലോകത്തിലെ ഏറ്റവും ബുദ്ധിമാന്മാരായ കോഡർമാർ ഉണ്ടാക്കിയ പ്രലോഭനങ്ങളോടാണ്. എന്നാൽ, നമ്മുടെ കുട്ടികളുടെ ഭാവിക്കു വേണ്ടി, നമ്മുടെ ദാമ്പത്യവിശുദ്ധിക്കു വേണ്ടി, നമ്മുടെ മനശ്ശാന്തിക്കു വേണ്ടി നാം ആ പോരാട്ടത്തിൽ ജയിച്ചേ തീരൂ.

ഇന്നത്തെ രാത്രിയിൽ, സ്മാർട്ട്ഫോണുകൾ ദൂരേക്ക് മാറ്റിവെച്ച്, നമ്മുടെ കൈകൾ പങ്കാളിയുടെ കൈകളുമായി ചേർത്തുവെക്കാം. മക്കളുടെ കണ്ണുകളിലേക്ക് നോക്കി അവരുടെ കഥകൾ കേൾക്കാം. ഉമ്മറങ്ങളിലേക്ക് ചിരിയും സമാധാനവും തിരികെ കൊണ്ടുവരാം. സ്ക്രീനുകളുടെ കൃത്രിമ വെളിച്ചത്തേക്കാൾ എത്രയോ മനോഹരമാണ് സ്നേഹത്തിന്റെ യഥാർത്ഥ വെളിച്ചമെന്ന് തിരിച്ചറിയാം.

കവർസ്റ്റോറി

അനസ് ബുഖാരി ആമപ്പൊയിൽ

# വിരൽത്തുമ്പിലെ വിപണിലോകം

കവലകളിലെ ചർച്ചകളും മീൻചന്തകളിലെ വിലപേശലുകളും ഉത്സവപ്പറമ്പുകളെ അനുസ്മരിപ്പിക്കുന്ന തിരക്കുകളും നിറഞ്ഞ ഒരു വാണിജ്യസംസ്കാരം മലയാളികൾക്കുണ്ടായിരുന്നു. തുണിക്കടകളിലെ കണ്ണാടിക്കൂട്ടിൽ നോക്കി മണിക്കൂറുകൾ ചെലവഴിച്ചും പലചരക്കുകടയിലെ പരിചയക്കാരനോട് കുശലം പറഞ്ഞും സാധനങ്ങൾ വാങ്ങിയിരുന്ന ആ പഴയ കാലത്തിൽ നിന്ന് നാം ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. ഇന്ന്, രാത്രിയുടെ നിശ്ശബ്ദതയിൽ, കിടപ്പുമുറിയിലെ മങ്ങിയ വെളിച്ചത്തിൽ, സ്മാർട്ട്ഫോണിന്റെ നീലവെളിച്ചത്തിലേക്ക് കണ്ണുംനട്ടിരിക്കുന്ന ശരാശരി മലയാളിയുടെ വിരൽത്തുമ്പിലാണ് ലോകത്തെ ഏറ്റവും വലിയ വാണിജ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. വീടിന്റെ പടിയിറങ്ങാതെ തന്നെ, ലോകത്തിന്റെ ഏതു കോണിൽ നിന്നുമുള്ള ഏത് അപൂർവ്വ വസ്തുവും സ്വന്തമാക്കാൻ കഴിയുന്ന ഈ മായാലോകം ഒരു സുപ്രഭാതത്തിൽ ഉണ്ടായതല്ല. നമ്മുടെ സർവ്വ ചലനങ്ങളെയും വികാരങ്ങളെയും കൃത്യമായി അളന്നു തിട്ടപ്പെടുത്തുന്ന, 'അൽഗോരിതങ്ങൾ' എന്ന അദൃശ്യശക്തികളാണ് ഈ ഡിജിറ്റൽവിപ്ലവത്തിന്റെ അമരക്കാരൻ.

നമ്മേക്കാൾ കൂടുതൽ നമ്മെ അറിയുന്ന ഒരാളുണ്ട് ഡിജിറ്റൽ ലോകത്ത്. ഒരുപക്ഷേ, ഏറ്റവും അടുത്ത സുഹൃത്തിനോ ജീവിത പങ്കാളിക്കോ അറിയാത്ത നമ്മുടെ രഹസ്യമോഹങ്ങളും ഇഷ്ടാനിഷ്ടങ്ങളും ആ അദൃശ്യനായ കച്ചവടക്കാരന് മനഃപാഠമാണ്. ഫേസ്ബുക്കിലൂടെയും ഇൻസ്റ്റഗ്രാമിലൂടെയും അലക്ഷ്യമായി വിരലോടിക്കുമ്പോൾ, നാം എവിടെയൊക്കെയാണ് കൂടുതൽ സമയം നോക്കിനിൽക്കുന്നതെന്നും ഏതെല്ലാം ചിത്രങ്ങളാണ് സൂം ചെയ്തുനോക്കുന്നതെന്നും ഈ യന്ത്രക്കണ്ണുകൾ ഒപ്പിയെടുക്കുന്നുണ്ട്. പിന്നീട് നാം കാണുന്ന പരസ്യങ്ങളൊന്നും യാദൃച്ഛികമല്ല; അത് നമ്മുടെ മനസ്സറിഞ്ഞ്, കൃത്യമായ അളവുകോലുകളോടെ നമ്മുടെ മുന്നിലേക്ക് അൽഗോരിതം എറിഞ്ഞുതരുന്ന ചൂണ്ടകളാണ്.

## അകത്തളത്തിലെ സംരംഭങ്ങൾ

ഈ മാന്ത്രികവലയുടെ ഏറ്റവും മനോഹരമായ കാഴ്ചകളിലൊന്ന്, അടച്ചിട്ട വീട്ടുചുവരുകൾക്കുള്ളിൽ പിറവിയെടുക്കുന്ന വലിയ സംരംഭങ്ങളുടേതാണ്. നഗരമധ്യത്തിൽ ലക്ഷങ്ങൾ മുൻകൂർ നൽകി കടമുറികൾ വാടകയ്ക്കെടുക്കാൻ കഴിയാത്ത സാധാരണക്കാർക്ക് ഇന്ന് സോഷ്യൽമീഡിയ ഒരു വലിയ ആകാശമാണ് തുറന്നിട്ടിരിക്കുന്നത്. അടുക്കളയുടെ ഒരു കോണി





**സുഹൃത്തുക്കളുമായി നേരിട്ടോ ഫോണിലൂടെയോ സംസാരിച്ച ഒരു വിഷയം, മിനിറ്റുകൾക്കകം സോഷ്യൽമീഡിയയിൽ പരസ്യമായി പ്രത്യക്ഷപ്പെടുമ്പോൾ നാം ഞെട്ടിപ്പോകാറുണ്ട്. നമ്മുടെ ശബ്ദങ്ങൾ, നാം സഞ്ചരിക്കുന്ന വഴികൾ, നമ്മുടെ സാമ്പത്തിക ഇടപാടുകൾ എന്നിങ്ങനെ സകല വിവരങ്ങളും എങ്ങനെയോ ചോർത്തപ്പെട്ടുകൊണ്ടാണ് കൃത്യമായ പരസ്യങ്ങൾ നമുക്കു മുന്നിലെത്തുന്നത്.**

ലിരുന്ന് കേക്കുകൾ നിർമിക്കുന്ന വീട്ടമ്മയോ, ഒഴിവുസമയങ്ങളിൽ വസ്ത്രങ്ങളിൽ വിസ്മയം തീർക്കുന്ന വിദ്യാർത്ഥിയോ ഇന്ന് നിസ്സഹായരല്ല. ഹൃദ്യമായ പാട്ടുകളുടെയോ സംഭാഷണങ്ങളുടെയോ പശ്ചാത്തലത്തിൽ അവർ പങ്കുവെക്കുന്ന ചെറിയ വീഡിയോകളെ ഈ അൽഗോരിതങ്ങൾ ഏറ്റെടുത്ത് ലക്ഷക്കണക്കിന് ആളുകളിലേക്ക് പറത്തിവിടുന്നു. യാതൊരുവിധ പരസ്യച്ചെലവുകളുമില്ലാതെ, സ്വന്തം കഴിവു മാത്രം കൈമുതലാക്കി വലിയ വാണിജ്യസാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കാൻ ഇന്ന് കേരളത്തിലെ ചെറുകിട സംരംഭകർക്ക് കഴിയുന്നത് ഈ ഡിജിറ്റൽ മാന്ത്രികതയുടെ പിൻബലത്തിലാണ്.

## താരങ്ങളും വിപണനതന്ത്രങ്ങളും

വലിയ ഫ്ളെക്സ് ബോർഡുകളിൽ ചിരിച്ചുനിൽക്കുന്ന സിനിമാ താരങ്ങളെ കണ്ട് ഉൽപ്പന്നങ്ങൾ വാങ്ങിയിരുന്ന മലയാളിയുടെ ശീലങ്ങളും ഇന്ന് മാറിയിരിക്കുന്നു. ഇന്ന് വാങ്ങൽ തീരുമാനങ്ങളെ സ്വാധീനിക്കുന്നത് ദിവസവും കണ്ടും കേട്ടും പരിചയിച്ച സോഷ്യൽമീഡിയയിലെ താരങ്ങളാണ്. ഒരു ഫുഡ്‌വ്ളോഗർ നാട്ടിൻപുറത്തെ ഒരു ചെറിയ തട്ടുകടയിലിരുന്ന് അവിടുത്തെ ദോശയെയും ചമ്മന്തിയെയും കുറിച്ച് വാചാലനാകുമ്പോൾ, അൽഗോരിതം ആ വീഡിയോ ആളിക്കത്തിക്കുകയും, പിറ്റേദിവസം അവിടെ വൻജനസാഗരം ഒഴുകിയെത്തുകയും ചെയ്യുന്നത് സ്ഥിരം കാഴ്ചയാണിന്ന്. വസ്ത്രങ്ങളായാലും ഇലക്ട്രോണിക് സാധനങ്ങളായാലും, തങ്ങൾക്ക് പ്രിയപ്പെട്ട യൂട്യൂബർമാർ ഉപയോഗിക്കുന്നതെന്തും കണ്ണടച്ചു വിശ്വസിക്കാൻ മലയാളി തയ്യാറാണ്. ബ്രാൻഡുകൾ തങ്ങളുടെ കോടിക്കണക്കിന് രൂപയുടെ പരസ്യബജറ്റുകൾ ഇത്തരം ഇൻഫ്ളുവൻസർമാരിലൂടെ, സോഷ്യൽമീഡിയ സെലിബ്രിറ്റികളിലൂടെയാണിന്ന് മാറ്റിയെറിയുന്നത്.

## ഇപ്പോഴല്ലെങ്കിൽ പിന്നെപ്പോൾ

എല്ലാ മായാജാലങ്ങൾക്കും ഒരു ഇരുണ്ടവശമുള്ളതുപോലെ, ഡിജിറ്റൽ കച്ചവടത്തിനും അതിന്റേതായ ചില അപകടങ്ങളുണ്ട്. മനുഷ്യമനസ്സിനെയാണ് ഈ അൽഗോരിതങ്ങൾ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നത്. രാത്രിയുടെ ഏകാന്തതയിൽ വെറുതെ ഫോൺ നോക്കിയിരിക്കുന്ന ഒരാളുടെ മുന്നിലേക്ക്, അവർ പണ്ട് എപ്പോഴോ ആഗ്രഹിച്ച ഒരു ഉൽപ്പന്നം വലിയ വിലക്കുറവോടെ അവതരിപ്പിക്കപ്പെടുമ്പോൾ അവിടെ യുക്തികൾക്ക് സ്ഥാനമില്ലാതാകുന്നു. 'ഇപ്പോൾ വാങ്ങിയില്ലെങ്കിൽ ഈ അവസരം നഷ്ടപ്പെടും' എന്ന ഒരു അദൃശ്യ ബോധം അത് നമ്മുടെ ഉള്ളിൽ ജനിപ്പിക്കുന്നു. ആവശ്യമില്ലാത്ത സാധനങ്ങൾ പോലും പെട്ടെന്നുള്ള ആവേശത്തിൽ വാങ്ങിക്കൂട്ടാൻ നാം പ്രേരിപ്പിക്കപ്പെടുന്നു. പലപ്പോഴും ദിവസങ്ങൾക്കു ശേഷം ഉൽപ്പന്നം കൈയിൽ കിട്ടുമ്പോഴായിരിക്കും, ഓൺലൈനിൽ ഓർഡർ ചെയ്ത ഈ വസ്തു യഥാർത്ഥത്തിൽ തനിക്ക് യാതൊരു ആവശ്യവുമില്ലാത്തതായിരുന്നുവല്ലോ എന്ന് ഉപഭോക്താവ് തിരിച്ചറിയുക.



## മിന്നുന്നതെല്ലാം പൊന്നല്ല

മറ്റുള്ളവർക്കു മുന്നിൽ തങ്ങളുടെ ജീവിതം വർണാഭമാണെന്ന് കാണിക്കാനുള്ള വല്ലാത്ത വ്യഗ്രതയും ഈ ഡിജിറ്റൽലോകം നമ്മിൽ സൃഷ്ടിച്ചെടുക്കുന്നുണ്ട്. നമ്മുടെ സുഹൃത്തുക്കളും പ്രിയപ്പെട്ടവരും നിരന്തരം പുതിയ ട്രെൻഡുകൾ ആഘോഷിക്കുന്നത് അൽഗോരിതം നമ്മുടെ ഫീഡുകളിൽ നിറയ്ക്കുമ്പോൾ, നമ്മളും ആ ഓട്ടമത്സരത്തിൽ ഒരു കണ്ണിയാകാൻ നിർബന്ധിതരാകുന്നു. മറ്റുള്ളവർക്കുള്ളതൊന്നും തനിക്ക് നഷ്ടപ്പെടാൻ പാടില്ല എന്ന തോന്നൽ യുവതലമുറയെ പലപ്പോഴും സാമ്പത്തിക അച്ചടക്കമില്ലായ്മയിലേക്കാണ് നയിക്കുന്നത്. കൈയിലുള്ളതിനേക്കാൾ വലിയ തുകകൾക്ക് ക്രെഡിറ്റ് കാർഡുകൾ ഉരച്ചും, മാസത്തവണകളായി കടമെടുത്തും ആഡംബരങ്ങൾ വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്ന ഒരു ജനതയെ ഈ സാങ്കേതികവിദ്യ സൃഷ്ടിച്ചെടുക്കുന്നുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ പ്രലോഭനങ്ങളിൽ വീണ് സ്വന്തം സാമ്പത്തികഭദ്രത തകർക്കുന്ന നിരവധി കുടുംബങ്ങൾ നമുക്കിടയിലുണ്ട്.

## ഒളിഞ്ഞുനോക്കുന്ന കണ്ണുകൾ

നമ്മെ ഏറ്റവും ഭയപ്പെടുത്തേണ്ടത് നമ്മുടെ സ്വകാര്യതയിലേക്കുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ ഈ കടന്നുകയറ്റമാണ്. സുഹൃത്തുക്കളുമായി നേരിട്ടോ ഫോണിലൂടെയോ സംസാരിച്ച ഒരു വിഷയം, മിനിറ്റുകൾക്കകം സോഷ്യൽമീഡിയയിൽ പരസ്യമായി പ്രത്യക്ഷപ്പെടുമ്പോൾ നാം ഞെട്ടിപ്പോകാറുണ്ട്. നമ്മുടെ ശബ്ദങ്ങൾ, നാം സഞ്ചരിക്കുന്ന വഴികൾ, നമ്മുടെ സാമ്പത്തിക ഇടപാടുകൾ എന്നിങ്ങനെ സകല വിവരങ്ങളും എങ്ങനെയോ ചോർത്തപ്പെട്ടുകൊണ്ടാണ് കൃത്യമായ പരസ്യങ്ങൾ നമുക്കു മുന്നിൽ എത്തുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള നമ്മുടെ തീരുമാനങ്ങൾ യഥാർത്ഥത്തിൽ നമ്മുടേതാണോ അതോ ഈ അൽഗോരിതങ്ങൾ തന്ത്രപരമായി നമ്മിൽ അടിച്ചേൽപ്പിക്കുന്നതാണോ എന്ന വലിയൊരു ചോദ്യം ഇവിടെ ബാക്കിയാകുന്നു. നമ്മുടെ ഇഷ്ടങ്ങളെപ്പോലും രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ഈ ഡിജിറ്റൽ കോഡുകളാണെന്നത് ഒരു ഭയപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്.

## വിരൽത്തുമ്പിലെ വിവേകം

മാറ്റങ്ങളെ ഉൾക്കൊള്ളാതെ നമുക്ക് മുന്നോട്ട് പോകാനാകില്ല. മലയാളികളുടെ വാണിജ്യവിനിമയങ്ങളെയും ഉപഭോഗസംസ്കാരത്തെയും സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ പുനർനിർവ്വചിച്ചത് അനന്തമായ സാധ്യതകളോടെയാണ്. ഒരുപാടാളുകൾക്ക് അതൊരു ഉപജീവന മാർഗവും വലിയ സ്വപ്നങ്ങളിലേക്കുള്ള ചവിട്ടുപടിയുമായി മാറി. എന്നാൽ മറുവശത്ത്, ഇത് തീർക്കുന്ന പ്രലോഭനങ്ങളുടെ മായാലോകത്ത് സ്വയം മറന്ന് വീണുപോയവരുമുണ്ട്. സാങ്കേതികവിദ്യയെ നമ്മുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾതന്നെ വാണിജ്യതാല്പര്യങ്ങൾക്കായി സാങ്കേതികവിദ്യ നമ്മെ ഉപയോഗിക്കുന്ന അവസ്ഥ ഉണ്ടായിക്കൂടാ. സ്മാർട്ട്ഫോണുകളിലെ അദൃശ്യ കച്ചവടക്കാരനു മുന്നിൽ നമ്മുടെ ബുദ്ധിശക്തിയും സാമ്പത്തിക അച്ചടക്കവും അടിയറവു വെക്കാതെ, കാര്യങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് വിവേകത്തോടെ ഡിജിറ്റൽ വിപണിയിൽ ഇടപഴകാൻ നാം ശീലിക്കേണ്ടതുണ്ട്. ആത്യന്തികമായി, ആ സ്ക്രീനിലെ 'ബൈ നൗ' ബട്ടൺ അമർത്തേണ്ടത് അൽഗോരിതങ്ങളുടെ നിർബന്ധത്തിനു വഴങ്ങിയാവരുത്. നമ്മുടെ വിവേകപൂർണ്ണമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

സ്നേഹതീരം

സൈറ അലി അരീക്കോട്

# മറക്കുമോ ആ ബാല്യകാലം?



നമ്മുടെ ബാല്യമായിരുന്നോ നമ്മുടെ മക്കൾ ഇപ്പോൾ അനുഭവിക്കുന്ന ബാല്യമാണോ ഏറ്റവും മനോഹരമെന്നു ചോദിച്ചാൽ ഒറ്റവാക്കിലൊരുത്തരം പറയാൻ പാടുപെടും. കാരണം, കുട്ടിക്കാലത്ത് നമുക്കു ലഭിച്ച പല സൗഭാഗ്യങ്ങളും അവർക്ക് ലഭിച്ചിട്ടില്ല. അവർക്കിന്ന് ലഭിക്കുന്നതാകട്ടെ, പഴയ തലമുറക്ക് സ്വപ്നം കാണാൻ പോലും കഴിയാതിരുന്നത്ര അവസരങ്ങളാണ്.

ബാല്യകാലത്തിലേക്കു പറഞ്ഞയച്ചാൽ കണ്ണിമാങ്ങയുടെ മണമുണ്ടാവും ഓർമകൾക്ക്. മഞ്ഞവെയിൽ തെങ്ങോലക്കീറുകൾക്കിടയിലൂടെ എത്തിനോക്കുന്ന നടവരമ്പുകളിലൂടെ ഓർമ്മകൾ നടന്നുനീങ്ങും. മനസ്സിലിപ്പോൾ തെളിയുന്നത് അതിമനോഹരമായ കൈയക്ഷരങ്ങളാണ്..! നീല മഷികൊണ്ട് ഇംഗ്ലീഷിൽ വിലാസമെഴുതിയ അത്തറ് മണക്കുന്ന ഇൻലാന്റ് കവർ. നീലക്കത്തെന്നു ഞങ്ങൾ കുട്ടികൾ വിളിച്ചിരുന്ന ആ കത്തിനു പിന്നിൽ വേർപാടിന്റെ വേദനകളും കാത്തിരിപ്പിന്റെ തിടുക്കങ്ങളുമുണ്ടായിരുന്നു.

നാലാം ക്ലാസ്സിലെ അധ്യാപകനായിരുന്നു അബ്ദുല്ലാഹുസൈൻ ഉസ്താദ്. കുട്ടികൾക്കും നാട്ടുകാർക്കും ഒരുപോലെ പ്രിയപ്പെട്ടവർ. അറപ്പുഴ മഹല്ലിലെ സേവനം പൂർത്തിയാക്കി ഉസ്താദ് മറ്റൊരിടത്തേക്ക് പോവുകയാണെന്നറിഞ്ഞതു മുതൽ ഞങ്ങൾ കുട്ടികൾ വല്ലാതെ അസ്വസ്ഥരായി. കാരണം, ഉസ്താദ് പെരുമാറ്റം കൊണ്ടും വിനയം കൊണ്ടും ഞങ്ങളുടെ കുഞ്ഞുമനസ്സുകളെ വല്ലാതെ സ്വാധീനിച്ചിരുന്നു. അവസാനത്തെ ക്ലാസ്സിൽ വെച്ച് ഉസ്താദ് ഞങ്ങൾക്ക് വാക്കു തന്നു: 'എവിടെയായാലും ഞാനെന്റെ മക്കൾക്കു വേണ്ടി എഴുതാം!' പുഞ്ചിരി മാത്രം കണാറുള്ള ഉസ്താദിന്റെ മുഖത്തന്ന് ആദ്യമായി കണ്ണുനീർ കിനിയുന്നത് ഞങ്ങൾ കണ്ടു!

ഉസ്താദ് പോയി ഒരു മാസം കഴിഞ്ഞു. നാലാം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളുടെ വീടുകളിലേക്കും ഉസ്താദിന്റെ മനോഹരമായ കൈപ്പടയിലുള്ള അക്ഷരങ്ങൾ നീലക്കത്തുകളായി എത്തിച്ചേർന്നു. ഞങ്ങൾ കത്തുകൾ വായിച്ചുതീർന്നിട്ടും പിന്നെയും പിന്നെയും വായിച്ചുകൊണ്ടേയിരുന്നു. ജീവിതത്തിൽ ആദ്യമായി കിട്ടുന്ന കത്തുകളായിരുന്നു അവ! കത്തിന്റെ വാലറ്റത്തു ചേർത്ത വിലാസത്തിൽ മറുപടി അയക്കാൻ ഉസ്താദ് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാക്കയാണ് ഇൻലാന്റ് കവർ വാങ്ങിക്കൊണ്ടുവന്നത്. അങ്ങനെ ആദ്യമായി ഞാൻ നീലക്കടലാസിൽ എഴുതിത്തുടങ്ങി: 'അസ്സലാമു അലൈക്കും....' എഴുതിത്തീർന്നപ്പോഴുള്ള എന്റെ ആശങ്ക ഉസ്താദിനത് വായിക്കാൻ പറ്റുമോ എന്നായിരുന്നു. എന്റെ കൈയക്ഷരത്തെക്കുറിച്ച് എനിക്കൊട്ടും മതിപ്പുണ്ടായിരുന്നില്ല. പക്ഷേ, ഉസ്താദ് ആ കത്ത് വായിക്കുകയും അതിനു മറുപടി

> വായിച്ചുകഴിഞ്ഞ പുസ്തകങ്ങൾ വഗത്തിൽ മടക്കിക്കൊണ്ടെത്തിച്ച് ഞാൻ വായനശാലയിലെ സ്ഥിരം സന്ദർശകയായതും വായനശാലയിലെ ബിന്ദുച്ചേച്ചി 'ഒരു പാട്ടു പാടിത്തരാതെ ഇനി പുസ്തകം തരില്ല' എന്നു പറഞ്ഞ് നിർബന്ധിച്ചപ്പോൾ ഉസ്താദ് എപ്പോഴും പാടാറുള്ള 'കിളിയേ.... ദിക്റ് പാടി കിളിയേ.....' എന്നു തുടങ്ങുന്ന പാട്ടിന്റെ ആദ്യ വരികൾ ഒറ്റശ്വാസത്തിൽ പാടിത്തീർത്തതുമെല്ലാം എഴുതി.



എഴുതുകയും ചെയ്തു.

വിശേഷങ്ങൾ പങ്കുവെച്ചുള്ള എഴുത്തുകൾ തുടർന്നു. സ്കൂളിലെയും മദ്റസയിലെയും മാർക്കും മറ്റു വിവരങ്ങളും ചർച്ച ചെയ്യപ്പെട്ടു. നാട്ടിലെ മരണങ്ങളും കല്യാണങ്ങളും അറിയിച്ചുകൊണ്ട് എഴുതി. റോഡുപണിയെക്കുറിച്ചും മറ്റു വികസനങ്ങളെക്കുറിച്ചും എഴുതി. മീലാദാഘോഷങ്ങളെക്കുറിച്ചും വിശേഷദിനങ്ങളെക്കുറിച്ചുമെഴുതി. മദ്റസയിലേക്കുള്ള വഴിയിൽ പുതുതായി കിളിർത്ത മഷിത്തണ്ടിനെക്കുറിച്ച്, ഹസ്നയുടെ വീട്ടിലെ പുളിമരം കായ്ച്ചതനെക്കുറിച്ച്, മദ്റസക്കടുത്തുള്ള അയനിമരം കാറ്റിൽ കടപുഴകിവീണതിനെക്കുറിച്ച്... അങ്ങനെയങ്ങനെ നാട്ടിലെ സകല സംഭവവികാസങ്ങളെക്കുറിച്ചും ഉസ്താദിനെഴുതി. വായിച്ചു തീർന്ന പുസ്തകങ്ങളെക്കുറിച്ചും അതിലെ കഥാപാത്രങ്ങളോടൊപ്പം കരഞ്ഞതിനെക്കുറിച്ചും ഉസ്താദിനെഴുതി. വായിച്ചുകഴിഞ്ഞ പുസ്തകങ്ങൾ ഏറ്റവും വേഗത്തിൽ മടക്കിക്കൊണ്ടെത്തിച്ച് ഞാൻ വായനശാലയിലെ സ്ഥിരം സന്ദർശകയായതും ഒരിക്കൽ വായനശാലയിലെ ബിന്ദുച്ചേച്ചി 'ഒരു പാട്ടു പാടിത്തരാതെ ഇനി നിനക്ക് പുസ്തകം തരില്ല' എന്നു പറഞ്ഞ് നിർബന്ധിച്ചപ്പോൾ ഉസ്താദ് എപ്പോഴും പാടാറുള്ള 'കിളിയേ.... ദിക്റ് പാടി കിളിയേ.....' എന്നു തുടങ്ങുന്ന പാട്ടിന്റെ ആദ്യ നാലു വരികൾ ഒറ്റശ്വാസത്തിൽ പാടിത്തീർത്തതുമെല്ലാം എഴുതി. അവയ്ക്കെല്ലാം ഉസ്താദ് പ്രോത്സാഹിപ്പിച്ചും തിരുത്തിയും കൃത്യമായി മറുപടികൾ തന്നു കൊണ്ടിരുന്നു. കൂട്ടുകാരൊക്കെ എവിടെയോ വെച്ച് എഴുത്തു നിർത്തിയപ്പോഴും ഞാൻ എഴുത്തു തുടർന്നു.

വീടിന്റെ ജപ്തി കാരണം അപ്രതീക്ഷിതമായി എന്റെ വിലാസം മാറി. ജപ്തിയോടനുബന്ധിച്ച് കുറെ പുസ്തകങ്ങളും വസ്ത്രങ്ങളും വീട്ടുസാധനങ്ങളും നഷ്ടപ്പെട്ടു. അതോടൊപ്പം ഉസ്താദിന്റെ കത്തുകളും വിലാസവും പഴയ വീട്ടിൽ നഷ്ടമായി. ആദ്യമൊക്കെ മഞ്ചേരിയിലുള്ള ഒരു വിലാസമായിരുന്നു ഉസ്താദിന്റേത്. ആ വിലാസം എനിക്ക് മനഃപാഠമായിരുന്നു. എന്നാൽ പിന്നീട് പുതിയ വിലാസത്തിലേക്ക് ഉസ്താദ് മാറിയ കാര്യം അറിയിച്ചിരുന്നെങ്കിലും ഓർത്തുവെക്കാൻ കഴിഞ്ഞില്ല. അങ്ങനെ ആ എഴുത്തുകൾ അവിടെ അവസാനിച്ചു. എഴുതി പൂർത്തിയാക്കിവെച്ച ഒരു ഇൻലാന്റ് കവർ ഇപ്പോഴും ഉള്ളിലുണ്ട്. വിലാസമറിയാതെ കിടക്കുന്നൊരു നീലക്കത്ത്. അതിൽ, സ്കൂളിൽ വച്ച് നടത്തിയ കൈയക്ഷരമത്സരത്തിന് ഒന്നാം സമ്മാനം കിട്ടിയ ഒരു കുട്ടിയുടെ ആഹ്ലാദമുണ്ട്. 'ഉസ്താദിനെഴുതിയെഴുതി എന്റെ കൈയക്ഷരം മനോഹരമായേയ്.....' എന്ന് വിളിച്ചു പറയുന്ന ഒരു ഏഴാം ക്ലാസ്സുകാരി!

കാലം അതിവേഗത്തിൽ കടന്നു പോയി. കത്തുകൾക്കു പരിണാമം സംഭവിച്ചു. ലാന്റ് ഫോണുകൾ വന്നു. മൊബൈൽ ഫോണുകൾ വന്നു. ഇന്റർനെറ്റും ഇമെയിലും വന്നു. ഓർകുട്ടും ഫേസ്ബുക്കും വന്നു. ഇൻസ്റ്റഗ്രാമും വട്സാപ്പും വന്നു. നീലക്കത്തുകൾ വാട്സാപ്പിലെ ബ്ലൂടിക്കുകളായി പരിണമിച്ചു. മറുതലക്കലുള്ളയാൾ സന്ദേശം വായിച്ചുവെന്നതിന്റെ അടയാളമായി മാറിയ നീലശരികൾ! ഈ ശരികളുടെ ലോകത്താണ് പുതിയ തലമുറ ജീവിക്കുന്നത്. ആഴ്ചകളുടെയോ മാസങ്ങളുടെയോ നീണ്ട കാത്തിരിപ്പുകൾ അവർക്കറിയില്ല. വിലാസക്കാരന് കൃത്യമായി സന്ദേശം എത്തിച്ചേർന്നിട്ടുണ്ടാകുമോ എന്ന ആശങ്കകളില്ല. വേഗതയുടെയും കൃത്യതയുടെയും ഒരു സൂപ്പർസോണിക് ലോകം!

പുതിയ കാലത്തിലേക്കനുയോജ്യമായ പുതിയ പല

**പഴയ തലമുറയുടെ ആഘോഷങ്ങൾക്ക് വല്ലാത്തൊരു പൈതൃകത്തനിമയുണ്ടായിരുന്നു. വളരെ ലളിതമായിരുന്നു ആഘോഷങ്ങൾ. വയറുനിറയുവോളം മട്ടനും ബീഫും ചിക്കനും ഒന്നിച്ചുവിളമ്പാൻ അവർക്ക് പറ്റിയിരുന്നില്ല. പഞ്ഞമില്ലാതെ ലഭിച്ചിരുന്നത് പട്ടിണി മാത്രമായിരുന്നു. എങ്കിലും ഒരുപിടി തേങ്ങാചോറും വറ്റില്ലാത്ത കഞ്ഞിയും മധുരമില്ലാത്ത കട്ടൻചായയും അതിമനോഹരമായി അവർ പങ്കുവെച്ചു. എന്നാൽ, ഇന്ന് വിഭവങ്ങളുടെ ആധിക്യമാണെങ്ങും.**

കണ്ടുപിടുത്തങ്ങളും മുന്നോട്ടു വെക്കുന്നത് ഇന്ന് കുട്ടികളാണ്. അബുദാബിയിലെ മലയാളി വിദ്യാർത്ഥിനിയായ നക്ഷത്ര എന്ന പന്ത്രണ്ടുകാരിയുടെ മൊബൈൽ അപ്ലിക്കേഷൻ ഈയടുത്ത് ഏറെ ശ്രദ്ധ നേടി. ഗൾഫ് രാജ്യങ്ങളിൽ നടക്കുന്ന യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തിര സുരക്ഷാ മുന്നറിയിപ്പുകൾ കുട്ടികളെ വല്ലാതെ ഭയപ്പെടുത്തിയിരുന്നു. താൻ ഭയപ്പെടുന്നതു പോലെ മറ്റു കുട്ടികളും ഭയപ്പെടുന്നുവെന്ന തിരിച്ചറിവാണ് ഈ മൊബൈൽ ആപ്പിന്റെ പിറവിയിലേക്ക് നയിച്ചത്. 'അൽ അമൽ' എന്ന മൊബൈൽ അപ്ലിക്കേഷനിൽ പരിഭ്രാന്തിയുടെ നിമിഷങ്ങളിൽ മനസിനെ ശാന്തമാക്കാനുള്ള മാർഗങ്ങൾ, അടിയന്തിരമായി ബന്ധപ്പെടേണ്ട നമ്പറുകൾ, ആത്മവിശ്വാസം പകരുന്ന സന്ദേശങ്ങൾ, വ്യക്തിഗത സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു.

പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ജനിച്ച ആദിത്യൻ എന്ന ബാലൻ മറ്റൊരു ഉദാഹരണമാണ്. അഞ്ചാം വയസ്സിൽ കമ്പ്യൂട്ടറുമായി പരിചയപ്പെട്ട ആദിത്യൻ ഒൻപതാം വയസ്സിൽ ബോറടി മാറ്റാൻ തന്റെ ആദ്യ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. പിന്നീട് വെബ്സൈറ്റ്, ലോഗോസ് എന്നിവയിലേക്ക് താൽപര്യം വ്യാപിപ്പിച്ചു. പന്ത്രണ്ടാം വയസ്സിൽ കൂട്ടുകാരോടൊപ്പം സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് വെഞ്ചുർ ആരംഭിക്കുകയും പതിമൂന്നാം വയസ്സിൽ ട്രൈനേറ്റു സൊല്യൂഷൻ എന്ന സംരംഭവുമായി മുന്നോട്ടുപോകുകയും ചെയ്തു. അധ്യാപകർക്കായി ക്ലാസ് മാനേജ്മന്റ് ആപ്പ് വികസിപ്പിച്ചതും തന്റെ അറിവ് യുട്യൂബ് വഴി മറ്റുള്ളവരുമായി പങ്കുവച്ചതുമെല്ലാം പുതിയ കാലത്തെ കുട്ടികളുടെ അപാരശേഷികളുടെ പ്രതിഫലനങ്ങളാണ്.

'ബോറടി' വന്നാൽ മുറ്റത്തേക്കോടിയിരുന്ന 'കുട്ടികളുടെ' മക്കളിപ്പോൾ ബോറടി മാറ്റാൻ ആപ്പുകളും സോഫ്റ്റ്‌വെയറുകളും വികസിപ്പിക്കുന്ന തിരക്കിലാണ്.

സ്കൂൾ ലീവായിപ്പോകുന്നതിനെക്കുറിച്ച് വലിയ പേടിയായിരുന്നു എനിക്ക്. കാരണം, അടുത്ത ക്ലാസ്സിൽ വരുമ്പോൾ കഴിഞ്ഞ ക്ലാസ്സിൽ എടുത്തതിനെക്കുറിച്ച് വലിയ ധാരണയൊന്നും ഉണ്ടാവില്ല. മാത്രവുമല്ല, ഒത്തിരി നോട്ടെഴുതാനുമുണ്ടാവും. അതുകൊണ്ടുതന്നെ അസുഖമായിരുന്നാൽ പോലും സ്കൂൾ മുടക്കാറില്ലായിരുന്നു. എന്നാൽ, ഇന്നത്തെ കുട്ടികൾക്ക് അതിനെല്ലാം പരിഹാരമുണ്ട്. അറിയാത്ത പാഠഭാഗങ്ങൾ പറഞ്ഞുകൊടുക്കാനും മനസ്സിലായില്ലെങ്കിൽ എത്ര തവണ വേണമെങ്കിലും ചോദിക്കാനും പറ്റിയ എ ഐ അധ്യാപകർ അവരുടെ വിരൽതുമ്പുകളിൽ തന്നെയുണ്ട്. ഒട്ടുമിക്ക പാഠഭാഗങ്ങളും റെക്കോർഡഡ് ക്ലാസ്സുകളായി യൂട്യൂബിലും ലഭ്യമാണ്. പക്ഷേ, സൗകര്യങ്ങളെല്ലാം വരുന്നതിനു മുമ്പേ പഠിച്ചു വളർന്നവർക്കായിരിക്കാം ഈ സൗകര്യങ്ങളുടെ യഥാർത്ഥ വിലയറിയുന്നത്. ഇങ്ങനെയൊക്കെയായിട്ടും പുതിയ തലമുറയുടെ പരിഭവങ്ങളുടെ പട്ടിക നീണ്ടുപോവുകയാണ്.

പഴയ തലമുറയുടെ ആഘോഷങ്ങൾക്ക് വല്ലാത്തൊരു പൈതൃകത്തനിമയുണ്ടായിരുന്നു. വളരെ ലളിതമായ രീതിലായിരുന്നു അന്നത്തെ ആഘോഷങ്ങൾ. വയറുനിറയുവോളം മട്ടനും ബീഫും ചിക്കനും ഒന്നിച്ചുവിളമ്പാൻ അവർക്ക് പറ്റിയിരുന്നില്ല. വീടുകളിൽ പഞ്ഞമില്ലാതെ ലഭിച്ചിരുന്നത് പട്ടിണി മാത്രമായിരുന്നു. എങ്കിലും ഒരുപിടി തേങ്ങാചോറും വറ്റില്ലാത്ത കഞ്ഞിയും മധുരമില്ലാത്ത കട്ടൻചായയും അതിമനോഹരമായി അവർ പങ്കുവെച്ചു. എന്നാൽ, ഇന്ന് വിഭവങ്ങളുടെ ആധിക്യമാണെങ്ങും. വിവാഹവേളകളിൽ പ്രഫഷണൽ ഫോട്ടോഗ്രാഫി, ഡ്രസ്സ് കോഡുകൾ, സോഷ്യൽമീഡിയ പോസ്റ്റുകൾ, റീലുകൾ, ലൈവ് സ്ട്രീമിംഗുകൾ.... ഇവയെല്ലാം കാണുമ്പോൾ തോന്നിപ്പോകും, നമ്മളിപ്പോൾ ആഘോഷങ്ങളിൽ ജീവിക്കുകായാണോ, അതോ മറ്റുള്ളവരെ ജീവിച്ചു കാണിക്കുകയാണോ?

പുതിയ കാലത്തെ മക്കളെ കുറ്റപ്പെടുത്താനുമാവില്ല. നമുക്ക് തീർത്തും അപ്രാപ്യമായിരുന്ന ഒരു ലോകത്താണല്ലോ അവർ വളരുന്നത്. നമുക്കുണ്ടായിരുന്നത് പരിമിതികളായിരുന്നുവെങ്കിൽ അവർക്കു മുന്നിലുള്ളത് അനന്തമായ അവസരങ്ങളാണ്. നമ്മൾ പുസ്തകങ്ങളിലൂടെ ലോകം കണ്ടപ്പോൾ അവർ സ്ക്രീനുകളിലൂടെ ലോകം കൈ വെള്ളയിലേക്ക് കൊണ്ടുവരുന്നു. അതുകൊണ്ടുതന്നെ, പഴയ കാലത്തെ പൂർണ്ണമായി തിരിച്ചു കൊണ്ടുവരാനോ പുതിയ കാലത്തെ പൂർണ്ണമായി നിരാകരിക്കാനോ ശ്രമിക്കുന്നതിൽ അർത്ഥമില്ല. പഴയ കാലത്തിലെ നന്മകൾക്കൊപ്പം പുതിയ കാലത്തിനൊപ്പം ചുവടുവെക്കാനുള്ള കരുത്തും ധാർമിക പരിശീലനങ്ങളും പകർന്നുനൽകുക എന്നതാണ് പരിഹാരം.

കവർസ്റ്റോറി

ജാശിർ കുന്നളം

# ആരോഗ്യത്തിന്റെ അൽഗോരിതം

സമയമറിയാൻ ഫോൺ കൈയിലെടുക്കുന്നു, സ്ക്രീൻ തെളിയുമ്പോൾ സമയം കാണുന്നതിനു മുമ്പേ ഒരു നോട്ടിഫിക്കേഷൻ കണ്ണിൽപ്പെടുന്നു. ‘ഒന്നു നോക്കിയിട്ടു വെക്കാം’ എന്ന വിചാരത്തിൽ അതിൽ തൊടുന്നു. ഒരു വീഡിയോയിൽ തുടങ്ങി തൊട്ടുപിന്നാലെ മറ്റൊന്ന്, അതിനുശേഷം വേറൊന്ന്... മിനിറ്റുകൾ മണിക്കൂറുകളായി മാറുന്നു. ഒടുവിൽ ഫോൺ താഴെ വെച്ച് ചുറ്റും നോക്കുമ്പോഴാണ് തിരിച്ചറിവുണ്ടാകുന്നത്; സമയം അറിയാനെടുത്ത ഫോൺ, എത്രയോ സമയം കവർന്നെടുത്തു കഴിഞ്ഞിരിക്കുന്നു!

സോഷ്യൽ മീഡിയ ആപ്പുകളിലും വെബ്സൈറ്റുകളിലും പേജുകൾ മറിക്കാതെ തന്നെ ഉള്ളടക്കങ്ങൾ തുടർച്ചയായി താഴേക്ക് കാണാൻ സഹായിക്കുന്ന ‘ഇൻഫിനിറ്റ് സ്ക്രോൾ’ (Infinite Scroll) എന്ന സാങ്കേതികവിദ്യയാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. ഉപയോക്താവിന്റെ ശ്രദ്ധ ആപ്പിൽ തന്നെ നിലനിർത്താനും സമയബോധമില്ലാതെ സ്ക്രീനിൽ തളച്ചിടാനുമാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇവിടെ ഉള്ളടക്കങ്ങൾക്ക് കൃത്യമായ ഒരു അവസാനമില്ല; ഒരു വീഡിയോ കഴിയുമ്പോൾ അടുത്തത് താനേ വരുന്നു, ഒരു പോസ്റ്റ് പിന്നിടുമ്പോൾ മറ്റൊന്ന്. ഓരോ സ്ക്രോളിലും പുതിയ കാഴ്ചകൾ തുറക്കപ്പെടുന്നതോടെ, ‘ഇവിടെവെച്ച് അവസാനിപ്പിക്കാം’ എന്ന സ്വാഭാവിക അതിരുകൾ പൂർണ്ണമായും ഇല്ലാതാവുകയാണ്.

ഉപയോക്താവിനെ സൂക്ഷ്മമായി പഠിച്ചുകൊണ്ടാണ് സോഷ്യൽമീഡിയ അൽഗോരിതം പ്രവർത്തിക്കുന്നത്. ഏതാനും സെക്കന്റുകൾ മാത്രം നോക്കുന്ന ചിത്രങ്ങൾ, ലൈക്ക് ചെയ്യുന്ന പോസ്റ്റുകൾ, പങ്കുവെക്കുന്ന വീഡിയോകൾ, തിരയുന്ന വാക്കുകൾ എന്നിവയെല്ലാം നമ്മുടെ താല്പര്യങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളായി ശേഖരിക്കപ്പെടുന്നു. ഈ ഡാറ്റയുടെ അടിസ്ഥാനത്തിലാണ് അടുത്തതായി നാം എന്തു കാണണമെന്ന് അൽഗോരിതം തീരുമാനിക്കുന്നത്. മനുഷ്യന്റെ ശ്രദ്ധയെയും വികാരങ്ങളെയും ദീർഘനേരം കെട്ടിയിടാൻ രൂപകൽപ്പന ചെയ്ത ഒരു ഡിജിറ്റൽ സംവിധാനത്തിനുള്ളിലാണ് നാം ജീവിക്കുന്നതെന്ന യാഥാർഥ്യമാണ് ഇത് വെളിപ്പെടുത്തുന്നത്. സോഷ്യൽ മീഡിയ തുറക്കുമ്പോൾ നാം കാണുന്നത്, യഥാർത്ഥ ലോകത്തിനപ്പുറം അൽഗോരിതം നമുക്കായി പ്രത്യേകം തിരഞ്ഞെടുത്ത ഒരു ചെറിയ പതിപ്പ് മാത്രമാണ്. രാഷ്ട്രീയ വീഡിയോകൾ കൂടുതലായി കാണുന്നവർക്ക് രാഷ്ട്രീയ ഉള്ളടക്കങ്ങളും, കായികത്തിൽ താത്പര്യം കാണിക്കുന്നവർക്ക് അതിനോടനുബന്ധമായ ചിത്രങ്ങളും വീഡിയോകളും വീണ്ടും വീണ്ടും ഫീഡിലെത്തുന്നു. ഇനി, വിഷാദമോ ഏകാന്തതയോ പ്രമേയമാകുന്ന വിഷയങ്ങളിലാണ് ഒരാൾ ഇടപെടുന്നതെങ്കിൽ അതിനോട് സാമ്യമുള്ള കാര്യങ്ങളായിരിക്കും ആപ്പുകൾ എത്തിച്ചുനൽകുക. ക്രമേണ, താൻ കാണുന്നതു മാത്രമാണ് യഥാർത്ഥ ലോകം എന്ന് കാഴ്ച്ചക്കാർ ധരിച്ചുവശാകുന്നു. ഒരാൾ എന്താണ് അന്വേഷിക്കുന്നത് എന്നു മാത്രമല്ല, എന്തിനു വേണ്ടിയാണ് കൂടുതൽ സമയവും പണവും



ചെലവഴിക്കുന്നത് എന്നും അൽഗോരിതം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്.

ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് സർവകലാശാലാ ഗവേഷകർ നടത്തിയ ഒരു പഠനം ഇതിന്റെ

**ഡിജിറ്റൽ ലോകത്ത് ഏറ്റവും വിലപിടിപ്പുള്ള വിഭവം ഉപയോക്താവിന്റെ 'ശ്രദ്ധ' തന്നെയാണ്. സ്ക്രീനിൽ ചെലവഴിക്കുന്ന ഓരോ അധികനിമിഷവും കൂടുതൽ പരസ്യങ്ങളിലേക്ക് നമ്മെ എത്തിക്കുക മാത്രമല്ല, നമ്മുടെ പെരുമാറ്റരീതികളെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ നിർമ്മിച്ചെടുക്കുക കൂടിയാണ് ചെയ്യുന്നത്. ഇതിന്നായി ഓട്ടോപ്ലേ, ഇൻഫിനിറ്റ് സ്ക്രോൾ തുടങ്ങിയ അതിസൂക്ഷ്മമായ തന്ത്രങ്ങളിലൂടെ പ്ലാറ്റ്ഫോമുകൾ നമ്മെ സ്ക്രീനിൽ തളച്ചിടുന്നു.**



ഗുരുതരാവസ്ഥ വ്യക്തമാക്കുന്നുണ്ട്. 11 മുതൽ 18 വയസ്സുവരെയുള്ള 32,102 വിദ്യാർത്ഥികളിൽ നടത്തിയ പഠനത്തിൽ, 34.5 ശതമാനം പേർ ഒരു മാസത്തിനിടെ ഓൺലൈനിൽ സ്വയം മുറിവേൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ കണ്ടതായി വെളിപ്പെടുത്തി. ഇതിൽ 66.2 ശതമാനം പേർക്കും ഇത്തരം വിവരങ്ങൾ ലഭിച്ചത് ആപ്പുകളുടെ ഫീഡ് നിർദ്ദേശങ്ങളിലൂടെയാണ്. അതായത്, കുട്ടികൾ സ്വയം തിരഞ്ഞുപോയതല്ല; അൽഗോരിതം അവരിലേക്കെത്തിക്കുകയായിരുന്നു.

ഡിജിറ്റൽ ലോകത്ത് പ്ലാറ്റ്ഫോമുകളുടെ ഏറ്റവും വിലപിടിപ്പുള്ള വിഭവം ഉപയോക്താവിന്റെ 'ശ്രദ്ധ' തന്നെയാണ്. സ്ക്രീനിൽ നാം ചെലവഴിക്കുന്ന ഓരോ അധികനിമിഷവും കൂടുതൽ പരസ്യങ്ങളിലേക്ക് നമ്മെ എത്തിക്കുക മാത്രമല്ല, നമ്മുടെ പെരുമാറ്റരീതികളെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ നിർമ്മിച്ചെടുക്കുക കൂടിയാണ് ചെയ്യുന്നത്. ഇതിന്നായി ഓട്ടോപ്ലേ, ഇൻഫിനിറ്റ് സ്ക്രോൾ, വ്യക്തിഗത നിർദ്ദേശങ്ങൾ, നോട്ടിഫിക്കേഷനുകൾ, ലൈക്കുകൾ തുടങ്ങിയ അതിസൂക്ഷ്മമായ തന്ത്രങ്ങളിലൂടെ പ്ലാറ്റ്ഫോമുകൾ നമ്മെ സ്ക്രീനിൽ തളച്ചിടുന്നു.

## ശ്രദ്ധാവിഭജനവും പെരുമാറ്റച്ചക്രവും

സോഷ്യൽമീഡിയയിലെ ഓരോ ലൈക്കും കമന്റും കേവലം സന്തോഷം നൽകുന്നതു കൊണ്ടല്ല നമ്മെ ആകർഷിക്കുന്നത്. മറിച്ച്, അടുത്തതായി എന്തു സംഭവിക്കുമെന്ന അനിശ്ചിതത്വവും, ലഭിക്കാൻ പോകുന്ന അംഗീകാരത്തെക്കുറിച്ചുള്ള പ്രതീക്ഷയും ഉള്ളതുകൊണ്ടാണ്. അടുത്ത സ്ക്രോളിൽ എന്താണ് കാണാൻ പോകുന്നതെന്ന ആകാംക്ഷയും, പുതിയൊരു സന്ദേശം എത്തിയിട്ടുണ്ടാകുമോ എന്ന കൗതുകവുമാണ് നമ്മെക്കൊണ്ട് വീണ്ടും വീണ്ടും ഫോൺ പരിശോധിപ്പിക്കുന്നത്. ഇത്തരത്തിൽ ആകാംക്ഷയോടെ ഫോൺ തുറക്കുകയും, പുതിയ ഉള്ളടക്കങ്ങളിലൂടെ ലഭിക്കുന്ന പ്രതീക്ഷയിൽ വീണ്ടും സ്ക്രീൻ പരിശോധിപ്പിക്കുകയും ചെയ്യുന്ന ഒരു പെരുമാറ്റച്ചക്രത്തിലാണ് നമ്മൾ ചെന്നുപെടുന്നത്. ഫലത്തിൽ, ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കേണ്ട ഒരു സാങ്കേതിക ഉപകരണം, പതിയെ നമ്മുടെ ചിന്തകളെത്തന്നെ നിയന്ത്രിക്കുന്ന ശീലമായി പരിണമിക്കുന്നു.

ഈ പെരുമാറ്റച്ചക്രം നമ്മുടെ ചിന്താശേഷിയെ തകർക്കുന്ന 'ശ്രദ്ധയുടെ വിഭജനം' എന്ന

വലിയ ഭീഷണിയിലേക്കാണ് തള്ളിയിടുന്നത്. ഒരു നോട്ടിഫി ക്കേഷൻ കണ്ട് ഫോൺ തുറ ക്കുകയും, അതിനു പിന്നാലെ കാണുന്ന മെസ്സേജും റീൽസും വാർത്തകളും കണ്ടുതീർത്ത് ഒടുവിൽ എന്തിനാണ് ഫോൺ എടുത്തതെന്നു പോലും മറന്നു പോവുകയും ചെയ്യുന്ന അവസ്ഥ ഇതിന്റെ കൃത്യമായ ഉദാഹരണ മാണ്. പഠനം, ജോലി, ഭക്ഷണം തുടങ്ങി നാം വ്യത്യസ്തമായ പ്രവർത്തനങ്ങളിൽ ഏർപ്പെടു മ്പോൾ മുന്നിലെത്തുന്ന ഒരു സന്ദേശം, ഒരേ സമയം പല കാര്യങ്ങളിൽ ശ്രദ്ധ പങ്കുവെ ക്കാൻ നമ്മെ നിർബന്ധിതരാ ക്കുന്നു. ഇത്തരത്തിൽ ശ്രദ്ധ നിരന്തരം മുറിഞ്ഞുപോകുന്നതു കാരണം ഏതെങ്കിലും ഒരു വി ഷയത്തിൽ ദീർഘനേരം മനസ്സ് ഉറപ്പിച്ചുനിർത്താനോ, ആഴത്തിൽ ചിന്തിക്കാനോ ഉള്ള മനുഷ്യ ന്റെ സ്വാഭാവികശേഷി ക്രമേണ നഷ്ടപ്പെടുകയും മനസ്സ് എപ്പോ ഴും ചിതറിയ അവസ്ഥയിലാവുക യും ചെയ്യുന്നു.

**പഠനം, ജോലി, ഭക്ഷണം തുടങ്ങി വ്യത്യസ്ത മായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ മുന്നിലെത്തുന്ന ഒരു സന്ദേശം, ഒരേ സമയം പല കാര്യങ്ങളിൽ ശ്രദ്ധ പങ്കുവെക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. ഇത്തരത്തിൽ ശ്രദ്ധ നിരന്തരം മുറിഞ്ഞുപോകുന്നതു കാരണം ഏതെങ്കിലും ഒരു വിഷയത്തിൽ ദീർഘനേരം മനസ്സ് ഉറപ്പിച്ചുനിർത്താനോ, ആഴത്തിൽ ചി ന്തിക്കാനോ ഉള്ള മനുഷ്യന്റെ സ്വാഭാവികശേഷി ക്രമേണ നഷ്ടപ്പെടുകയും മനസ്സ് എപ്പോഴും ചി തറിയ അവസ്ഥയിലാവുകയും ചെയ്യുന്നു.**



## ട്രെൻഡിംഗ് വിഭവങ്ങളും നഷ്ടപ്പെടുന്ന ആരോഗ്യവും

സോഷ്യൽമീഡിയ അൽ ഗോരിതങ്ങൾ മലയാളിയുടെ ഭക്ഷണശീലങ്ങളിലും ആരോ ഗ്യത്തിലും ഉണ്ടാക്കിയ പ്രഹരം വളരെ വലുതാണ്. ആശയവി നിമയത്തിനപ്പുറം മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ നിർണ്ണ യിക്കുന്ന തലത്തിലേക്ക് നമ്മുടെ ഫോണിലെ പല ആപ്പുകളും വളർന്നു കഴിഞ്ഞു. വിപണി വി ശകലന റിപ്പോർട്ടുകൾ പ്രകാരം, ഡയറ്റ് - ന്യൂട്രീഷ്യൻ ആപ്പുകളു ടെ ആഗോള വിപണി മൂല്യം 2025 ഓടെ 5.76 ബില്യൺ ഡോളറില ധികം പിന്നിട്ടിട്ടുണ്ട്. ലോകമെ മ്പാടും 300 ദശലക്ഷത്തിലധികം ആളുകളാണ് ഇന്ന് തങ്ങളുടെ ഭക്ഷണക്രമവും ഭാരവും നിയന്ത്രി ക്കാൻ ഇത്തരം ഡിജിറ്റൽ പ്ലാറ്റ് ഫോമുകളെ ആശ്രയിക്കുന്നത്. എന്നാൽ, ഓരോ വ്യക്തിയുടെ യും ശരീരഘടന പരിശോധിക്കാ തെ പൊതുവായ നിർദ്ദേശങ്ങൾ നൽകുന്ന ഡയറ്റിംഗ് ആപ്പുകളും, വിദഗ്ധരല്ലാത്ത ഇൻഫ്ളുവൻസർ മാരുടെ വ്യാജ പ്രചാരണങ്ങളും പിന്തുടർന്ന് അശാസ്ത്രീയമായ ഭക്ഷണനിയന്ത്രണത്തിൽ ഏർപ്പെ ടുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കാണ് വഴിതെളിക്കു ന്നത്.

ഇത്തരം അശാസ്ത്രീയ ഭക്ഷ ണ നിയന്ത്രണങ്ങൾ മൂലം ചെ റുപ്പക്കാരിൽ കണ്ടുവരുന്ന രണ്ട് പ്രധാന രോഗാവസ്ഥകൾ:

**1. അനോറെക്സിയ നെർവോസ (Anorexia Nervosa):** സോ ഷ്യൽമീഡിയ സങ്കൽപ്പിക്കുന്ന ശരീരസൗന്ദര്യം നിലനിർത്താൻ അമിതമായ ഭക്ഷണം ഒഴിവാക്കു കയും, അതുകാരണം പോഷകാ ഹാരക്കുറവിലൂടെയും രക്തസ മ്മർദ്ദ വ്യതിയാനത്തിലൂടെയും മരണത്തിലേക്ക് വരെ നയിക്കുക യും ചെയ്യുന്ന അവസ്ഥ. യൂട്യൂബ് നോക്കി അശാസ്ത്രീയ ഡയറ്റിംഗ് നടത്തി ആമാശയവും അന്നനാള വും ചുരുങ്ങി മരണപ്പെട്ട കണ്ണൂർ സ്വദേശിനി ഇതിന്റെ ഇരയാണ്.

**2. ഓർത്തോറെക്സിയ നെർവോസ** (Ortherexia Nervosa): ആരോഗ്യകരമായ ഭക്ഷണം മാ ത്രം കഴിക്കണമെന്ന അമിതമായ

നിർബന്ധത്താൽ ഭയം മൂലം റെസ്റ്റോറന്റുകൾ, കുടുംബ ആഘോഷങ്ങൾ, സാമൂഹിക ജീവിതം എന്നിവയിൽ നിന്ന് പൂർണ്ണമായും വിട്ടുനിൽക്കുന്ന മാനസികാവസ്ഥ.

മറുവശത്ത്, ഫുഡ് ബ്ലോഗിംഗ് സംസ്കാരവും റീൽസുകളും മലയാളിയുടെ ജീവിതത്തെ മറ്റൊരു രീതിയിൽ പിടിച്ചുലയ്ക്കുന്നുണ്ട്. ഇന്ന് സോഷ്യൽമീഡിയ ഉപയോഗിക്കുന്നവരിൽ ഭൂരിഭാഗവും ദിനംപ്രതി 'ഡെയിലി റൂട്ടീൻ' വ്‌ളോഗുകളിലൂടെയും ഫുഡ്‌റിവ്യൂകളിലൂടെയും ഭക്ഷണരംഗങ്ങൾ പ്രചരിപ്പിക്കുന്നു. നാടൻ ചായക്കടകൾ മാത്രം കണ്ടിരുന്ന കേരളത്തിൽ പുതിയ കാലത്ത് വൻകിട കഫേകളും ആഡംബര റെസ്റ്റോറന്റുകളും ഉയർന്നു വരാൻ കാരണം, ഇത്തരം വീഡിയോകൾ കണ്ട് ആകർഷിക്കപ്പെടുന്ന പുതുതലമുറയുടെ സ്വാധീനമാണ്. ഉയർന്ന തുക കൊടുത്തു വാങ്ങുന്ന ഇത്തരം ഫാസ്റ്റ്ഫുഡുകളിൽ പലപ്പോഴും ആവശ്യത്തിന് ഗുണനിലവാരമോ അളവോ ഉണ്ടാകാറില്ല. മുമ്പ് ഐസ്ക്രീമുകളിലും മറ്റും താല്പര്യം കാട്ടിയിരുന്ന സ്ഥാനത്ത്, ഇന്ന് ദിവസവും ധാരാളം പണം ചെലവഴിച്ച് ട്രെൻഡിംഗ് വിഭവങ്ങൾ വാങ്ങി കഴിക്കുന്നത് മലയാളി കുടുംബങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു. ഇത് അമിതവണ്ണം, ഹൃദ്രോഗം, ഉറക്കമില്ലായ്മ, പ്രമേഹം തുടങ്ങിയ ഒട്ടനേകം ജീവിതശൈലീ രോഗങ്ങളിലേക്ക് മലയാളിയെ തള്ളിയിടുകയും ചെയ്യുന്നു.

## ഫോമോ, എക്കോ ചേമ്പർ

സോഷ്യൽമീഡിയയിലെ ആത്മാഭിമാനം നമ്മുടെ ആന്തരിക വികാരങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന വ്യക്തിഗത അനുഭവമാണ്. പങ്കുവെക്കുന്ന ചിത്രങ്ങൾക്ക് ലഭിക്കുന്ന പ്രതികരണങ്ങൾക്കനുസരിച്ച് ആളുകളുടെ മനസ്സിന്റെ സന്തോഷവും സങ്കടവും മാറിമറിയാറുണ്ട്. സാങ്കേതിക ഫീച്ചറുകളേക്കാൾ ഇവിടെ അപകടകരമാകുന്നത്, സ്വന്തം ആത്മാഭിമാനം ഡിജിറ്റൽ ലോകത്തിന്റെ അംഗീകാരങ്ങൾക്ക് പൂർണ്ണമായി പണയപ്പെടുത്തുന്ന അവസ്ഥയാണ്. സമൂഹത്തിൽ തനിക്കുള്ള സ്വീകാര്യത സ്ക്രീനിലെ പ്രതികരണങ്ങളാണെന്ന ധാരണ വളരുമ്പോഴാണ് മാനസിക പ്രതിസന്ധികൾ രൂക്ഷമാകുന്നത്.

ഇത് സൃഷ്ടിക്കുന്ന പ്രധാനപ്പെട്ട രണ്ട് മാനസികാവസ്ഥകളാണ് 'ഫോമോ'യും 'ഇമ്പോസ്റ്റർ സിൻഡ്രോ'മും. മറ്റുള്ളവർ എന്താണ് ചെയ്യുന്നതെന്ന് നിരന്തരം അറിയണമെന്ന ആഗ്രഹവും, ലോകം മുഴുവൻ എന്തൊക്കെയോ ആസ്വദിക്കുമ്പോൾ തനിക്കു മാത്രം അത് നഷ്ടപ്പെടുന്നുണ്ടോ എന്ന പേടിയുമാണ് ഫോമോ (FOMO- Fear of Missing Out). സോഷ്യൽമീഡിയയിൽ കാണുന്ന മറ്റുള്ളവരുടെ ജീവിതത്തിന്റെ തിളക്കമുള്ള നിമിഷങ്ങളുമായി സ്വന്തം ജീവിതത്തെ താരതമ്യം ചെയ്യുമ്പോൾ ഇത് അപകർഷതാബോധമായി മാറുന്നു. അതേസമയം, സ്വന്തം കഴിവിനും വിജയത്തിനും താൻ അർഹനല്ലെന്നും താനൊരു വഞ്ചകനായി എന്നെങ്കിലും പുറത്തറിയപ്പെടുമോ എന്നും ഭയക്കുന്ന മാനസികാവസ്ഥയാണ് 'ഇമ്പോസ്റ്റർ സിൻഡ്രോം.' സോഷ്യൽമീഡിയയിലെ നിരന്തരമായ താരതമ്യങ്ങൾ വ്യക്തികളിൽ താൻ എവിടെയും എത്തിയിട്ടില്ലെന്ന തോന്നലുണ്ടാക്കുകയും, ഈ അവസ്ഥയെ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു. സൈബറിടങ്ങളിലെ അധിക്ഷേപങ്ങൾ കൂടി ചേരുമ്പോൾ വ്യക്തികളുടെ സ്വയംമൂല്യവും മാനസികാരോഗ്യവും തകരുന്നു. വിരൽത്തുമ്പിൽ ആയിരക്കണക്കിന് ഫോളോവേഴ്സുള്ളപ്പോഴും, വികാരങ്ങൾ നേരിട്ടു പറയാൻ ആരുമില്ലാത്ത ആഴത്തിലുള്ള ഏകാന്തതയാണിത് ബാക്കിയാക്കുന്നത്.

അൽഗോരിതത്തിന്റെ പ്രവർത്തനം മൂലം നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് 'എക്കോ ചേമ്പർ' അഥവാ ഒരേ ശബ്ദങ്ങൾ മാത്രം ആവർത്തിച്ചു കേൾക്കുന്ന ലോകം. നാം നിരന്തരം കാണുകയും പ്രതികരിക്കുകയും ചെയ്യുന്ന ഉള്ളടക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന അൽഗോരിതം, നമ്മുടെ താൽപ്പര്യങ്ങൾക്കനുയോജ്യമായ വിചാരങ്ങൾ മാത്രമാണ് ഫീഡുകളിലേക്ക് എത്തിച്ചുനൽകുന്നത്. ഇതിന്റെ ഫലമായി വിരുദ്ധാഭിപ്രായങ്ങൾ പൂർണ്ണമായും മറയ്ക്കപ്പെടുകയും, 'എല്ലാവരും എന്നെപ്പോലെ തന്നെയാണ് ചിന്തിക്കുന്നത്' എന്ന തെറ്റിദ്ധാരണ നമ്മിൽ വളരുകയും ചെയ്യുന്നു. രാഷ്ട്രീയ, സാമൂഹിക, മതപര മേഖലകളിൽ ഇത് വലിയ അപകടമാണ് സൃഷ്ടിക്കുന്നത്; ആളുകളിൽ സഹിഷ്ണുത കുറയുകയും സമൂഹം 'നമ്മൾ' എന്നും 'അവർ' എന്നും രണ്ട് ചേരികളായി തിരിയുകയും ചെയ്യുന്നു.

നാം നിരന്തരം കാണുകയും പ്രതികരിക്കുകയും ചെയ്യുന്ന ഉള്ളടക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന അൽഗോരിതം, നമ്മുടെ താൽപ്പര്യങ്ങൾക്കനുയോജ്യമായ വിചാരങ്ങൾ മാത്രമാണ് ഫീഡുകളിലേക്ക് എത്തിച്ചുനൽകുന്നത്. ഇതിന്റെ ഫലമായി വിരുദ്ധാഭിപ്രായങ്ങൾ പൂർണ്ണമായും മറയ്ക്കപ്പെടുകയും, 'എല്ലാവരും എന്നെപ്പോലെ തന്നെയാണ് ചിന്തിക്കുന്നത്' എന്ന തെറ്റിദ്ധാരണ നമ്മിൽ വളരുകയും ചെയ്യുന്നു. രാഷ്ട്രീയ, സാമൂഹിക, മതപര മേഖലകളിൽ ഇത് വലിയ അപകടമാണ് സൃഷ്ടിക്കുന്നത്.

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# ഓഡിറ്റോറിയം വിവാഹങ്ങൾ

*ചോദ്യം: ഒരാളുടെ ഭൂമിയിലുള്ള മരവും ചില്ലകളും അയൽവാസിയുടെ ഭൂമിയിലേക്കും വീടിന്റെ മുകളിലേക്കും നീണ്ടു നിൽക്കുകയും അദ്ദേഹത്തിന്റെ കൃഷിക്കും വീടിനും പ്രയാസമുണ്ടാക്കുകയും ചെയ്യുന്നു. 'മരങ്ങൾ പല ഭാഗത്തേക്കും നീളും. അത് മുറിച്ചുകളയാനൊന്നും പറ്റില്ല' എന്ന് മരത്തിന്റെ ഉടമസ്ഥനും 'എന്റെ ഭൂമിയിലേക്കും വീടിനു മുകളിലേക്കും നീണ്ട ഭാഗം മുറിച്ചു മാറ്റണം' എന്ന് അയൽവാസിയും പറയുന്നു. ശരീഅത്ത് നിയമമനുസരിച്ച് ആരു പറയുന്നതാണ് ശരി?*

**ഉത്തരം:** അയൽവാസിയുടെ ഭൂമിക്കും വീടിനും മുകളിലേക്ക് നീണ്ടുനിൽക്കുന്ന ഭാഗങ്ങൾ മുറിച്ച് ഒഴിവാക്കിക്കൊടുക്കേണ്ടതാണ്. മരത്തിന്റെ ഉടമസ്ഥൻ മുറിച്ചു മാറ്റുന്നില്ലെങ്കിൽ പ്രസ്തുത അയൽവാസിക്ക് ആ ഭാഗം മുറിച്ചു മാറ്റുന്നതിന് വിരോധമില്ല. തുഹ്ഫതുൽ മുഹ്താജിൽ (5/199) ഇത് വ്യക്തമാണ്. അതേ സമയം അയൽവാസികൾ ഇത്തരം കാര്യങ്ങളിൽ പരസ്പരം ഉൾകൊണ്ടും സഹകരിച്ചും പ്രവർത്തിക്കലാണ് കരണീയം.

*ചോദ്യം: അയൽവാസികളായ രണ്ടു പേരിൽ ഒരാളുടെ ഭൂമി ഉയർന്നും മറ്റൊരാളുടെ ഭൂമി താഴ്ന്നുമാണ്. മഴക്കാലത്ത് മണ്ണിടിഞ്ഞ് ഉയർന്ന ഭൂമിയിലെ മതിലും മണ്ണും കല്ലുമെല്ലാം താഴെ ഭൂമിയിൽ താമസിക്കുന്നയാളുടെ പറമ്പിലും വീട്ടുമുറ്റത്തുമെല്ലാം പ്രയാസകരമാം വിധം കൂടിക്കിടക്കുന്നു. അത് നീക്കം ചെയ്യാനാവശ്യമായ ചെലവുകൾ മേലേ ഭൂമിയുടെ ഉടമസ്ഥൻ വഹിക്കേണ്ടതാണെന്ന് താഴെ ഭൂമിക്കാരനും ബോധപൂർവ്വം ചെയ്തതല്ലാത്തതിനാൽ തനിക്കാ ബാധ്യതയില്ലെന്ന് മേലെ ഭൂമിക്കാരനും വാദിക്കുന്നു. ഇക്കാര്യത്തിൽ ശറഇന്റെ തീരുമാനം എന്താണ്?*

**ഉത്തരം:** മേലെ ഭൂമിയുടെ ഉടമസ്ഥൻ അത് നീക്കം ചെയ്തു കൊടുക്കേണ്ടതാണ്. (തുഹ്ഫ 5/435)

*ചോദ്യം: പല പള്ളികളിലും ജുമുഅക്ക് ശേഷം മയ്യിത്ത് നിസ്കാരം നടക്കുമ്പോൾ നൂറാളുകളുടെ മേൽ (ഉദാഹരണം) മയ്യിത്ത് നിസ്കരിക്കാനുണ്ടെന്ന് പറഞ്ഞ് ഇമാം തക്ബീർ ചൊല്ലും. അപ്പോൾ മഅ്മൂം എങ്ങനെയാണ് നിയ്യത്ത് ചെയ്യേണ്ടത്?*

**ഉത്തരം:** 'ഇമാം നിസ്കാരം നിർവ്വഹിക്കുന്ന മയ്യിത്തുകളുടെ മേൽ ഫർളായ മയ്യിത്ത് നിസ്കാരം ഇമാമിന്റെ കൂടെ ഞാൻ നിസ്കരിക്കുന്നു' എന്ന് നിയ്യത്ത് ചെയ്താൽ മതിയാകുന്നതാണ്. മയ്യിത്ത് നിസ്കാരത്തിൽ മയ്യിത്തിനെ കൃത്യമായി അറിയലോ നിർണ്ണയിക്കലോ നിർബന്ധമില്ല. ഈ മയ്യിത്തിന്റെ മേൽ/ ഇമാം നിസ്കരിക്കുന്നവരുടെ മേൽ എന്നിങ്ങനെ നിയ്യത്ത് ചെയ്താൽ മതിയാകുന്നതാണ്. ഇന്ന്/ ഈ ആഴ്ച/ ഈ മാസം മരണപ്പെട്ട, മയ്യിത്ത് നിസ്കാരം സ്വഹീഹാകുന്ന എല്ലാവരുടെയും മേൽ എന്ന് നിയ്യത്ത് ചെയ്തും നിസ്കരിക്കാവുന്നതാണ്.

ഇമാം ഇബ്നുഹജർ(റ) രേഖപ്പെടുത്തുന്നു: മയ്യിത്ത് നിസ്കാരത്തിന്റെ നിയ്യത്തിൽ മയ്യിത്തിനെ നിർണ്ണയിക്കലോ കൃത്യമായി അറിയലോ നിർബന്ധമില്ല. ഈ മയ്യിത്തിന്റെ മേൽ / ഇമാം നിസ്കരിക്കുന്ന മയ്യിത്തുകളുടെ മേൽ എന്നിങ്ങനെ നിയ്യത്ത് ചെയ്താൽ മതിയാകുന്നതാണ്. മറഞ്ഞ മയ്യിത്തുകളുടെ മേൽ നിസ്കാരം നിർവ്വഹിക്കുമ്പോൾ 'ഇമാം നിസ്കരിക്കുന്നവരുടെ മേൽ' എന്ന നിയ്യത്ത് മതിയാകുമെന്ന് ഇമാം ബഗ്‌വിയും മറ്റും വ്യക്തമായി പറഞ്ഞിട്ടുണ്ട്. മറഞ്ഞ മയ്യിത്താണെങ്കിൽ പേരുകൊണ്ട് നിർണ്ണയിക്കേണ്ടതുണ്ടെന്ന് ചിലർ പറഞ്ഞത് ശരിയല്ല. ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ ഇന്ന് മരണപ്പെട്ടിട്ടുള്ള, മയ്യിത്ത് നിസ്കാരം സ്വഹീഹാവുന്നവരുടെ മേലിലെല്ലാം നിസ്കരിക്കുന്നു എന്ന് നിയ്യത്ത് ചെയ്തു നിസ്കരിക്കൽ അനുവ

ദനീയമാണെന്നത് പ്രബലമാണെന്ന് മജ്മൂഇൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ നിസ്കരിക്കൽ സുന്നത്തുമാണ്. ഇന്നയാളുടെ മയ്യിത്തെന്നോ അവരുടെ എണ്ണമോ അറിയൽ നിബന്ധനയല്ല. (തുഹ്ഫ 3/133)

***ചോദ്യം: ഇന്ന് കല്യാണങ്ങളും മറ്റു പരിപാടികളും കൂടുതലായി നടക്കുന്നത് ഓഡിറ്റോറിയങ്ങളിലാണല്ലോ. ഇത്തരം കല്യാണങ്ങളിൽ ആണ്ണും പെണ്ണും ഇഖ്തിലാത്വ് (കൂടിക്കലരൽ) വ്യാപകമാണ്. അതുകൊണ്ട് ഓഡിറ്റോറിയം നിർമ്മിക്കുന്നതും വാടകക്ക് നൽകുന്നതും ഹറാമാകുമോ? ഓഡിറ്റോറിയം നിർമ്മിച്ചുനൽകിയവർ കുറ്റക്കാരാകുമോ?***

**ഉത്തരം:** ഹറാമായ കാര്യത്തിനു വേണ്ടി വാടകക്ക് നൽകുന്നതും സൗകര്യമൊരുക്കിക്കൊടുക്കുന്നതും ഹറാം തന്നെയാണ്. എന്നാൽ, വിവാഹം / വിവാഹ സൽക്കാരം പോലുള്ള അനുവദനീയ കാര്യങ്ങൾക്കു വേണ്ടി വാടകക്ക് നൽകിയാൽ അതിൽ പങ്കെടുക്കുന്നവരിൽ പലരും ഹറാം ചെയ്യുന്നു എന്നതുകൊണ്ടു മാത്രം ഓഡിറ്റോറിയം നിർമ്മിച്ചതോ വാടകക്ക് നൽകിയതോ ഹറാമാണെന്ന് പറയാവുന്നതല്ല. അന്യരായ സ്ത്രീ പുരുഷൻമാർ ഒരിടത്ത് ഒന്നിച്ച് സംഗമിക്കുന്നത് തെറ്റുകൾക്ക് വഴിവെക്കുന്നതും അതിനാൽ ഒഴിവാക്കപ്പെടേണ്ടതുമാണ്. പുരുഷൻമാരും സ്ത്രീകളും പങ്കെടുക്കുന്ന പ്രോഗ്രാമുകളിൽ പരസ്പരം ദർശനം, സ്പർശനം തുടങ്ങിയവക്ക് ഇടയാകുന്ന വിധം കൂടിക്കലരാതെ സൗകര്യപ്പെടുത്തുകയാണ് വേണ്ടത്. അതേസമയം, സ്ത്രീപുരുഷൻമാർ ഒരിടത്ത് സംഗമിക്കുന്ന സർവ്വ രൂപങ്ങളും നിരുപാധികം ഹറാമാണെന്ന് പറഞ്ഞുകൂടാ. ഹറാമായതും അല്ലാത്തതുമായ ഇഖ്തിലാത്വുകൾ ഉണ്ടെന്ന് കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. പരസ്പരം കൂട്ടിമുട്ടുകയും തൊട്ടുരുമ്മുകയും ചെയ്യുന്ന വിധമാണെങ്കിൽ ഹറാം തന്നെയാണ്. (ശറഹുൽ മുഹദ്ദബ് 4/449, തുഹ്ഫ 2/107, ഇആനത്വുത്ത്വാലിബീൻ 1/313)

***ചോദ്യം: ഒരാൾക്ക് നിസ്കാരത്തിനു നിൽക്കാൻ കഴിയും, തറയിലിരിക്കാനോ സുജൂദ് ചെയ്യാനോ കഴിയില്ല. അയാൾ ഇഅ്തിദാൽ കഴിഞ്ഞ് കസേരയിൽ ഇരുന്ന് തലതാഴ്ത്തി സുജൂദ് ചെയ്താൽ മതിയാകുമോ? ഇഅ്തിദാലിനു ശേഷം കസേരയിൽ ഇരിക്കുന്നത് പിഴവാകുമോ? ആ ഇരുത്തം കൊണ്ട് നിസ്കാരം ബാത്വിലാകുമോ?***

**ഉത്തരം:** നിൽക്കാൻ കഴിയുന്നവർക്ക് ഫർള് നിസ്കാരത്തിൽ നിറുത്തം നിർബന്ധമാണ്. നിറുത്തത്തിൽ നിന്ന് തന്നെ നട്ടെല്ല് വളച്ച് സുജൂദ് നിർവ്വഹിക്കണം. സുജൂദിനു വേണ്ടി ഇരിക്കണമെന്നില്ല. എന്നാൽ കസേരയിൽ ഇരുന്ന് സുജൂദ് ചെയ്യുന്നതുകൊണ്ട് നിസ്കാരം ബാത്വിലാവുകയില്ല. ഇമാം ഇബ്നുഹജർ(റ) എഴുതുന്നു: നിൽക്കാൻ കഴിയും, റുകൂഇനും സുജൂദിനും കഴിയില്ല; എങ്കിൽ നിർബന്ധമായും നിൽക്കുകയും സാധ്യമാകുന്ന വിധം റുകൂഉം സുജൂദും നിർവ്വഹിക്കുകയും വേണം. (തുഹ്ഫ 2/22) നിറുത്തത്തിൽ തന്നെ റുകൂഉം സുജൂദും ചെയ്യാമെന്നും സുജൂദിനു വേണ്ടി ഇരിക്കൽ നിർബന്ധമില്ലെന്നും ശർഹുൽഉബാബിൽ പറഞ്ഞിട്ടുണ്ട്. (ഹാശിയതുശ്ശർവാനി) ഫിഅ്ലിയ്യായ ഫർളിനെ ബോധപൂർവം കൂടുതലാക്കിയാൽ നിസ്കാരം ബാത്വിലാകുമെന്നുണ്ടെങ്കിലും സുജൂദിനു മുമ്പ് ഇസ്തിറാഹത്തിന്റെ ഇരുത്തത്തിന്റെ അളവിലുള്ള ഇരുത്തം കൊണ്ട് നിസ്കാരം ബാത്വിലാവുകയില്ലെന്ന് ഫത്ഹുൽമുഈൻ 95, തുഹ്ഫ 2/151, നിഹായ 2/48 തുടങ്ങിയവയിൽ പറഞ്ഞിട്ടുണ്ട്. റുകൂഇനും സുജൂദിനും കഴിയില്ലെങ്കിൽ നിൽക്കണമെന്നും സാധിക്കുന്ന വിധം റുകൂഉം സുജൂദും നിർവ്വഹിക്കണമെന്നും അസ്നൽമത്വാലിബിൽ പറഞ്ഞത് വിശദീകരിച്ചുകൊണ്ട് ഇമാം അഹ്മദ് റംലി(റ) പറയുന്നു: നിൽക്കാനും ഇരിക്കാനും കഴിയും, റുകൂഇനും സുജൂദിനും കഴിയില്ല. എങ്കിൽ നിൽക്കേണ്ടിടത്ത് നിൽക്കുകയും ഇരിക്കേണ്ടിടത്ത് ഇരിക്കുകയും ചെയ്യണം. റുകൂഅ് നിന്നുകൊണ്ടും സുജൂദ് ഇരുന്നുകൊണ്ടും ചെയ്യണമെന്നാണ് 'അൽകാഫി'യിൽ പറഞ്ഞിട്ടുള്ളത്. പ്രസ്തുത പരാമർശം കൂടുതൽ വ്യക്തവും കൃത്യവുമാണ്. കാരണം നിന്നുകൊണ്ടുള്ള സുജൂദിനേക്കാൾ സുജൂദിലേക്ക് കൂടുതൽ അടുത്തത് ഇരുന്നുകൊണ്ടുള്ളതാണല്ലോ. (ഹാശിയതു അസ്നൽമത്വാലിബ്)

***ചോദ്യം: ഫുട്ബോൾ കളിക്കുന്നതും കളി കാണുന്നതും ഹറാമാണോ? എല്ലാ കളികളും ഹറാമാണെന്നാണോ ഇസ്ലാമിക നിയമം?***

**ഉത്തരം:** എല്ലാ കളികളും ഹറാമാണെന്നില്ല. ഹറാമായതും ഹറാമല്ലാത്തതുമായ കളികളുണ്ട്. തുഹ്ഫ 9/399, 10/216 നിഹായ 8/166,295 ഉൾപ്പെടെയുള്ള പ്രമുഖ ഗ്രന്ഥങ്ങളിൽ നിന്നെല്ലാം ഇക്കാര്യം വ്യക്തമാണ്. ഹോക്കി ഹറാമല്ലാത്ത കളികളുടെ കൂട്ടത്തിൽ ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ എണ്ണിയിട്ടുണ്ട്. ഫുട്ബോൾ കളിക്കുന്നതും കളി കാണുന്നതും ഹറാമല്ല. പക്ഷേ, നിർബന്ധ നിസ്കാരം സമയം തെറ്റിച്ചോ നിർബന്ധ ബാധ്യത ഒഴിവാക്കിയോ നിർബന്ധമായും മറയ്ക്കേണ്ടതായ ശരീരഭാഗങ്ങൾ വെളിപ്പെടുത്തിയോ പന്തയസ്വഭാവത്തിലോ കളിക്കുമ്പോൾ ഹറാമായിത്തീരുന്നതാണ്. അത്തരം കുറ്റകരമായ കാര്യമൊന്നുമില്ലാതെ ഫുട്ബോൾ കളിക്കലും കാണലും നിഷിദ്ധമല്ല. എന്നാൽ, മനുഷ്യജീവിതം കളിയല്ലെന്നും അനശ്വരവും സമ്പൂർണ്ണവുമായ സുഖം ലഭ്യമാക്കലാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്നുമാണ് ഇസ്ലാമികാധ്യാപനം. പ്രസ്തുത ലക്ഷ്യം മറന്നുകൊണ്ട് കളി കാര്യമാക്കുന്നതിനെ വിശുദ്ധ ഇസ്ലാം അംഗീകരിക്കുന്നില്ല. സമയവും സമ്പത്തും അമിതമായി കളിക്കായി ഉപയോഗപ്പെടുത്തുന്നതിനെ ഇസ്ലാം നിരുത്സാഹപ്പെടുത്തിയിരിക്കുന്നു.

ലൈഫ്സ്റ്റൈൽ

കെ.എം ഫാത്തിമ ശമീമ

# മക്കളെ നയിക്കുന്നത് സ്ക്രീനുകളോ?

'നികാഹ് കഴിഞ്ഞിട്ടൊരു വർഷമായി, കല്യാണം കൂടണമെങ്കിൽ വധുവിന് ഒരുപാട് നിബന്ധനകളാണ്. ഞാനിപ്പോൾ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു നിൽക്കുകയാണ്.' പ്രീ-മാരിറ്റൽ കൗൺസിലിംഗിനു വന്ന ഒരു യുവാവിന്റെ പരാതിയായിരുന്നു ഇത്. കല്യാണത്തിന് മിനികൂപ്പർ കാർ വേണം, ക്യാമറമാൻ നിന്ന് തിരിക്കുന്ന വീഡിയോഗ്രഫി വേണം, പടക്കം പൊട്ടുന്ന സ്റ്റേജ് വേണം, ഡിസൈൻ ചെയ്ത കോസ്റ്റ്യൂം വേണം.... അങ്ങനെയങ്ങനെ നീളുന്നു നിബന്ധനകൾ.

വൈവാഹികജീവിതം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഇത്തിരിപോലും ധാരണയില്ലെങ്കിലും കല്യാണാഘോഷങ്ങളും അനുബന്ധകൂത്തുകളും എങ്ങനെ വേണമെന്നതിനെക്കുറിച്ച് എല്ലാവർക്കും നല്ല ബോധ്യമുണ്ട്. ഈ അധമസംസ്ക്കാരം എങ്ങനെ നമ്മുടെ മനസ്സുകളിലേക്ക് കുടിയേറി? കൂടുതൽ ആലോചിക്കാതെത്തന്നെ മറുപടി തെളിഞ്ഞുവരും; സോഷ്യൽമീഡിയ അൽഗോരിതം തന്നെ!

ഉപയോക്താക്കളുടെ താത്പര്യം മനസ്സിലാക്കി അവരെ ആനന്ദിപ്പിക്കാനും സ്ക്രീനിൽ പിടിച്ചിരുത്താനും ആവശ്യമായ ഉള്ളടക്കങ്ങൾ തെരഞ്ഞെടുത്ത് ആവർത്തിച്ച് കാണിക്കുന്ന ഡിജിറ്റൽ സംവിധാനമെന്ന് അൽഗോരിതത്തെ പൊതുവിൽ നിർവ്വചിക്കാം. ഒരു കാര്യത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുന്നതു പോലും സ്ക്രോളിംഗിനിടെ നമ്മുടെ സ്ക്രീനിൽ തെളിഞ്ഞുവരും. ഒരു ബാഗ് വേണമെന്ന് മറ്റൊരാളോട് പറയുകയോ സുഹൃത്തിന് സന്ദേശമയയ്ക്കുകയോ ചെയ്താൽ പിന്നെ ഇൻസ്റ്റഗ്രാമിലും ഫേസ്ബുക്കിലും യൂട്യൂബിലും വാട്സ്ആപ്പ് സ്റ്റാറ്റസിലുമെല്ലാം ബാഗിന്റെ പരസ്യമായിരിക്കും. നമ്മുടെ ശബ്ദം, സന്ദേശങ്ങൾ, ക്യാമറ ഫോട്ടോസ്, സെർച്ച് ഹിസ്റ്ററി തുടങ്ങിയവയെല്ലാം നിരീക്ഷണത്തിലാണെന്നു സാരം.

കുട്ടികളുടെ ജീവിതത്തിൽ സോഷ്യൽമീഡിയയ്ക്കിന്ന് വലിയ സ്ഥാനമുണ്ട്. കുട്ടികൾ കാണുന്ന വീഡിയോകളും പോസ്റ്റുകളും നിർണ്ണയിക്കുന്നത് പലപ്പോഴും സോഷ്യൽമീഡിയ അൽഗോരിതങ്ങളാണ്. ഒരു കുട്ടി ഏതെങ്കിലും തരത്തിലുള്ള ഉള്ളടക്കത്തിൽ കൂടുതൽ സമയം വിനിയോഗിക്കുമ്പോൾ സമാനമായ ഉള്ളടക്കങ്ങൾ തുടർച്ചയായി സ്ക്രീനിൽ തെളിയുന്നു. മാതാപിതാക്കൾ കാണാറുള്ള സോഷ്യൽമീഡിയ അക്കൗണ്ടുകൾ ഉപയോഗിക്കുമ്പോൾ പ്രായത്തിന് യോജിക്കാത്ത വീഡിയോകളും പോസ്റ്റുകളുമായിരിക്കും കുട്ടികൾക്ക് ലഭിക്കുക. ഇതിലൂടെ കുട്ടികളുടെ ചിന്താരീതി, സ്വഭാവം, മൂല്യബോധം, സമയ വിനിയോഗ രീതി എന്നിവയിൽ ഗണ്യമായ മാറ്റങ്ങൾ സംഭവിക്കാം.

സോഷ്യൽമീഡിയ അൽഗോരിതങ്ങൾ കുട്ടികളുടെ ശ്രദ്ധ പരമാവധി സ്ക്രീനിൽ നിലനിർത്താൻ രൂപകൽപ്പന ചെയ്തവയാണ്. അതിനാൽ വിനോദം, ഗെയിമുകൾ, ക്രൂരത, ചിലപ്പോൾ പ്രായത്തിനനുയോജ്യമല്ലാത്ത അശ്ലീല ഉള്ളടക്കങ്ങൾ പോലും കുട്ടികളിലേക്ക് തുടർച്ചയായി എത്തിച്ചേർന്നേക്കാം. ഇത് പഠനത്തിൽ ശ്രദ്ധക്കുറവ്, ഉറക്കക്കുറവ്, സാമൂഹികമായ ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം, ആത്മവിശ്വാസക്കുറവ് എന്നിവയ്ക്ക് കാരണമാകാം. മറ്റുള്ളവരുടെ ജീവിതവുമായി നിരന്തരം താരതമ്യം ചെയ്യുന്നതിലൂടെ അസംതൃപ്തിയും അപകർഷതാബോധവും വളരാനും സാധ്യതയുണ്ട്.

സോഷ്യൽമീഡിയയിൽ കാണുന്ന കുട്ടികളുടെ ആഢംബരജീവിതവും കളിചിരികളും താരപരിവേഷവുമെല്ലാം എപ്പോഴുമുള്ളതാണെന്ന ചിന്തായിരിക്കും കുട്ടികൾക്കുണ്ടാക്കുക. കുട്ടികളുടെ പ്രതീക്ഷകളും ആവശ്യങ്ങളും വർദ്ധിക്കാനിത് കാരണമാകുന്നു. അത്തരം അനാവശ്യമായ പ്രതീക്ഷകളും താരതമ്യരീതിയും അവരിൽ അപകർഷതാ ബോധം വളരാനും മാതാപിതാളിൽ നിന്ന് അകലാനും കാരണമാകുന്നു. എപ്പോഴും കളിയും ചിരിയും വിനോദയാത്രകളും മാത്രം സ്ക്രീനിൽ കാണുമ്പോൾ എന്തുകൊണ്ട് എന്റെ ജീവിതം മാത്രം ബോറടിക്കുന്നു, അല്ലെങ്കിൽ എന്തുകൊണ്ട് എന്റെ വീട്ടിൽ മാത്രം ഇങ്ങനെ പരിഭവങ്ങളും പ്രാരാബ്ദങ്ങളും എന്ന ചിന്ത കുട്ടികളിൽ ഉടലെടുക്കും.

ജീവിതത്തിൽ സന്തോഷവും ദുഃഖവും വന്നേക്കാമെന്നും അവ

യെ ആർജ്ജവത്തോടെ നേരിടാൻ പരിശീലിക്കണമെന്നും കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. കുട്ടികൾ എന്തു കാണുന്നു, എന്തെല്ലാം പഠിക്കുന്നു, ആരുമായെല്ലാം സൗഹൃദം പുലർത്തുന്നു തുടങ്ങിയ കാര്യങ്ങളിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത് മതപരമായ ഉത്തരവാദിത്തമാണ്. കുട്ടികളെ പൂർണമായും സ്വതന്ത്രരാക്കി വിടുക എന്നതല്ല ഇസ്‌ലാമിന്റെ സമീപനം; സ്നേഹത്തോടെയും വിവേകത്തോടെയും അവർക്ക് മാർഗനിർദേശം നൽകുക എന്നതാണ് മാതാപിതാക്കളുടെ ഉത്തരവാദിത്തം.

**ഉപകാരപ്രദമായ അറിവുകൾ നേടാനും നല്ല സന്ദേശങ്ങൾ പ്രചരിപ്പിക്കാനും സോഷ്യൽ മീഡിയയെ പ്രയോജനപ്പെടുത്താം. അനിയന്ത്രിതമായ ഉപയോഗമാണ് കുട്ടികളുടെ വിശ്വാസത്തെയും സ്വഭാവരൂപീകരണത്തെയും മാനസികാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുക. ഇസ്‌ലാമിക മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ അച്ചടക്കം, മാതാപിതാക്കളുടെ ജാഗ്രത, സമൂഹത്തിന്റെ കൂട്ടായ ഇടപെടൽ എന്നിവയിലൂടെ മാത്രമേ ഈ വെല്ലുവിളിയെ ഫലപ്രദമായി നേരിടാൻ കഴിയൂ.**

## എന്തുചെയ്യാം

സ്ക്രീനുകൾ കുട്ടികളെ സ്വാധീനിക്കുന്നതിനു മുമ്പ്, മാതാപിതാക്കളിൽ നിന്നും ധാർമിക പാഠശാലകളിൽ നിന്നുമുള്ള ആത്മീയവും ധാർമികവുമായ ശിക്ഷണം കുട്ടികൾക്ക് ലഭിച്ചിരിക്കണം. സോഷ്യൽമീഡിയ ഉപയോഗം ഇക്കാലത്ത് കുട്ടികളിൽ നിന്ന് പാടെ എടുത്തുമാറ്റാൻ കഴിയില്ലെന്നുറപ്പാണ്. കുട്ടികളുടെ ഡിജിറ്റൽഉപയോഗത്തിന്റെ കടിഞ്ഞാൺ മാതാപിതാക്കളുടെ കൈകളിലായിരിക്കണം. സ്ക്രീൻ സമയത്തിന് പരിധി നിശ്ചയിക്കണം, പ്രായത്തിനനുയോജ്യമായ ഉള്ളടക്കങ്ങൾ ലഭിക്കുന്നതിന്നായി മക്കൾക്കുവേണ്ടി മുതിർന്നവരുടെ നിയന്ത്രണത്തിലുള്ള മറ്റൊരു അക്കൗണ്ട് തുടങ്ങുന്നതാണുചിതം. കുടുംബവുമൊത്ത് സംവദിക്കാൻ സമയം കണ്ടെത്തുക, ഇതോടൊപ്പം ഖുർആൻ പഠനം, നിസ്കാരം, വായന, കായികപ്രവർത്തനങ്ങൾ തുടങ്ങിയ ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക പ്രധാനമാണ്. വിലക്കുകൾ മാത്രം ഏർപ്പെടുത്തുന്നതിനു പകരം, സോഷ്യൽ മീഡിയയുടെ ഗുണദോഷങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ് വേണ്ടത്.



സോഷ്യൽമീഡിയ അൽഗോരിതങ്ങളെ നന്മകൾക്കുവേണ്ടിയും ഉപയോഗിക്കാം. ഉപകാരപ്രദമായ അറിവുകൾ നേടാനും നല്ല സന്ദേശങ്ങൾ പ്രചരിപ്പിക്കാനും സോഷ്യൽമീഡിയയെ പ്രയോജനപ്പെടുത്താം. അനിയന്ത്രിതമായ ഉപയോഗമാണ് കുട്ടികളുടെ വിശ്വാസത്തെയും സ്വഭാവരൂപീകരണത്തെയും മാനസികാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുക. ഇസ്‌ലാമിക മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ അച്ചടക്കം, മാതാപിതാക്കളുടെ ജാഗ്രത, സമൂഹത്തിന്റെ കൂട്ടായ ഇടപെടൽ എന്നിവയിലൂടെ മാത്രമേ ഈ വെല്ലുവിളിയെ ഫലപ്രദമായി നേരിടാൻ കഴിയൂ. സാങ്കേതികവിദ്യയെ മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുകയും കുട്ടികളെ വിശ്വാസത്തിലും വിജ്ഞാനത്തിലും സദാചാരത്തിലും വളർത്തുകയും ചെയ്യുക എന്നതാണ് ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന സമതുലിതമായ സമീപനം.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# ജീലാനീ ദർശനങ്ങളുടെ കെടാവെളിച്ചം

വിശുദ്ധജീവിതവും ലൗകികവിരക്തിയും കർശനമായ ആത്മനിയന്ത്രണവും വഴി ഔന്നത്യം നേടിയ അല്ലാഹുവിന്റെ ഔലിയാക്കളിൽ പ്രധാനിയാണ് ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ). ഇസ്‌ലാമിക ചരിത്രത്തിലെ അനുഗൃഹീത അധ്യായമാണ് മഹാനുഭാവന്റെ ജീവിതം. ഖുർആനിലും സുന്നത്തിലും അടിയുറച്ചു നിന്ന് മഹാന്മാരുടെ പൊരുത്തം നേടി ആത്മീയ ദർശനത്തിന് തിരികൊളുത്തിയ ശൈഖ് ജീലാനി(റ) വൈജ്ഞാനിക ലോകത്തെ സൂര്യതേജസ്സും ആത്മീയ വിഹായസ്സിലെ അതുല്യ ജ്യോതിസ്സുമാണ്.

ഹിജ്റ 470ൽ (ക്രി.1077) കാസ്പിയൻ കടലിന് തെക്കുഭാഗത്തുള്ള ജീലാൻ പ്രദേശത്തായിരുന്നു ശൈഖ് ജീലാനി(റ)വിന്റെ ജനനം. കൈലാൻ, ജീലാൻ എന്ന പേരുകളിലും ഈ സ്ഥലം അറിയപ്പെടുന്നു.

അബൂസ്വാലിഹ് മൂസ(റ) എന്നവരാണ് മഹാനവർകളുടെ പിതാവ്. ഉമ്മുൽഖൈർ ഫാത്തിമ(റ) എന്നവരാണ് മാതാവ്. മഹാനവർകളുടെ പിതൃപരമ്പരയും മാതൃപരമ്പരയും ചെന്നെത്തുന്നത് മുഹമ്മദ് നബി(സ)യിലേക്കാണ്. ജനിച്ച് ഏതാനും നാളുകൾക്കു ശേഷം പിതാവ് മരണപ്പെട്ടു. ശേഷം ഉമ്മയുടെ പിതാവ് അബ്ദുല്ലാഹിസ്സൗമഈ(റ) യുടെ സംരക്ഷണത്തിലാണ് മഹാനവർകൾ വളർന്നത്. അദ്ദേഹത്തിലേക്ക് ചേർത്തി ‘ഇബ്നുസൗമഈ’ എന്നും ശൈഖവർകളെ വിളിച്ചിരുന്നു. ശൈഖവർകളെ ഗർഭം ധരിച്ചപ്പോൾ ഉമ്മാക്ക് 60 വയസ്സ് പ്രായമുണ്ടായിരുന്നുവെന്ന് ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അബ്ദുല്ല എന്നു പേരുള്ള ഒരു സഹോദരൻ മഹാനവർകൾക്കുണ്ടായിരുന്നു. യുവത്വത്തിൽ തന്നെ അദ്ദേഹം മരണപ്പെട്ടുപോയി.

മുലകുടിപ്രായത്തിൽ തന്നെ ശൈഖ് ജീലാനി(റ)യിൽ അസാധാരണ സ്വഭാവങ്ങൾ അനുഭവപ്പെട്ടതായി മാതാവ് വെളിപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ റമളാനിൽ പകൽ സമയത്ത് മുല കുടിച്ചിരുന്നില്ല. അക്കാലത്ത് മാസപ്പിറവിയുമായി ബന്ധപ്പെട്ട് നാട്ടിൽ സംശയം വന്നപ്പോൾ സംശയദിവസം ഈ കുഞ്ഞ് പകൽസമയം പാൽ കുടിച്ചോ എന്നന്വേഷിച്ച് റമളാനെ സ്ഥിരീകരിച്ചതായി ചരിത്രത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ബാല്യകാലത്തു തന്നെ അനാഥ



ശ്യമായ വിനോദങ്ങളിൽ ഏർപ്പെ ടാതെ ജീവിച്ചു. ഉമ്മയുടെയും മാതാമഹന്റെയും ശിക്ഷണത്തിൽ എല്ലാ നന്മകളും പരിശീലിച്ച് തിന്മകളിൽ നിന്ന് അകലം പാലിച്ച് ശൈഖവർകൾ വളർന്നു.

## ദേശാടനം

ശൈഖ് ജീലാനി(റ)യുടെ പ്രാഥമിക മതപഠനം സ്വദേശത്തു തന്നെയായിരുന്നു. പിന്നീട് പതിനെട്ടാം വയസ്സിൽ ഉന്നത പണ്ഡിതരുടെ പർണ്ണശാല തേടി ബഗ്ദാദിലേക്ക് യാത്ര തിരിച്ചു. ജീലാൻ ഒരു കർഷകഗ്രാമമായിരുന്നു. അതിനാൽ, ചെറുപ്പം മുതൽ തന്നെ മഹാനവർകൾ കൃഷിക

**ബാലനായിരുന്ന ശൈഖ് ജീലാനി(റ) ഒരു അറഫാദിനത്തിൽ പശുവിനെ തെളിച്ചുകൊണ്ട് മലഞ്ചരുവിലേക്ക് പോവുകയായിരുന്നു. അപ്പോൾ ഒരു പശു മഹാന്റെ നേരെ തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'അബ്ദുൽഖാദിർ, താങ്കൾ ഇതിനുവേണ്ടിയല്ല സൃഷ്ടിക്കപ്പെട്ടത്. ഇതിനല്ല നിങ്ങളോട് കൽപ്പിക്കപ്പെട്ടത്.' മഹാൻ ഉടൻ വീട്ടിലേക്ക് മടങ്ങി. വീടിന്റെ മുട്ടുപ്പാവിൽ കയറി വിശുദ്ധകഅ്ബയുടെ ഭാഗത്തേക്ക് നോക്കി. ജനങ്ങൾ അറഫയിൽ നിൽക്കുന്ന കാഴ്ച മഹാൻ കണ്ടു.**



ളിൽ ഏർപ്പെട്ടിരുന്നു. അക്കാലത്താണ് വിജ്ഞാനം തേടി നാടുവിട്ടുപോകാൻ പ്രേരകമായ ഒരു അത്ഭുത സംഭവമുണ്ടായത്.

മുഹ്‌യിദ്ദീൻ മാലയിൽ ഈ സംഭവം പരാമർശിക്കുന്നതിങ്ങനെ:

ഏറും അറഫാനാൾ പശുവെ പായിച്ചാരേ,

ഇതിനോ പടച്ചെന്ന് പശുവ് പറഞ്ഞോവർ.

ബാലനായിരുന്ന ശൈഖ് ജീലാനി(റ) ഒരു അറഫാദിനത്തിൽ പശുവിനെ തെളിച്ചുകൊണ്ട് മലഞ്ചരുവിലേക്ക് പോവുകയായിരുന്നു. അപ്പോൾ ഒരു പശു മഹാന്റെ നേരെ തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'അബ്ദുൽഖാദിർ, താങ്കൾ ഇതിനുവേണ്ടിയല്ല സൃഷ്ടിക്കപ്പെട്ടത്. ഇതിനല്ല നിങ്ങളോട് കൽപ്പിക്കപ്പെട്ടത്.' മഹാൻ ഉടൻ വീട്ടിലേക്ക് മടങ്ങി. വീടിന്റെ മുട്ടുപ്പാവിൽ കയറി വിശുദ്ധകഅ്ബയുടെ ഭാഗത്തേക്ക് നോക്കി. ധാരാളം ജനങ്ങൾ അറഫയിൽ നിൽക്കുന്ന കാഴ്ച മഹാൻ കണ്ടു. പ്രസ്തുത സംഭവം ഉമ്മയെ ധരിപ്പിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ മതപഠനം നടത്താൻ ബാഗ്ദാദിലേക്കു പോകാൻ ഉമ്മയോട് സമ്മതം ചോദിച്ചു.

ജീവിതസായാഹ്നത്തിൽ പൊന്നുമോനെ വേർപിരിഞ്ഞു കഴിയുന്നത് ആ ഉമ്മാക്ക് അസഹനീയമായിരുന്നു. എങ്കിലും സ്നേഹവും വാത്സല്യവും മകന്റെ പഠനത്തിന് തടസ്സമാവരുതെന്നു ചിന്തിച്ച ആ ഉമ്മ അല്ലാഹുവിന്റെ മാർഗത്തിൽ മകനെ പറഞ്ഞയക്കുകയായിരുന്നു. സങ്കടവും പരിഭവങ്ങളും ആ ഉമ്മ ലോകരക്ഷിതാവായ അല്ലാഹുവിന്റെ മുന്നിൽ സമർപ്പിച്ചു.

ബാഗ്ദാദിലേക്ക് പോകാനുറച്ചപ്പോൾ പൊന്നുമോന്റെ യാത്രാചെലവിനായി ഉമ്മ പിതാവിൽ നിന്ന് അനന്തരമായി ലഭിച്ച ഏതാനും ദീനാറുകൾ മകന് നൽകി. അത് ചെറിയ ഒരു സഞ്ചിയിലാക്കി കൊള്ളക്കാരുടെ ദൃഷ്ടിയിൽ പെടാതിരിക്കാൻ കുപ്പായത്തിന്റെ കക്ഷഭാഗത്ത് തുന്നിപ്പിടിപ്പിച്ചു. അങ്ങനെ യാത്ര പുറപ്പെടുമ്പോൾ ഉമ്മയുടെ ഉപദേശം: 'മോനേ, നീ ഒരിക്കലും കളവു പറയരുത്. നിശ്ചയം, സത്യവിശ്വാസി കളവു പറയുകയില്ല.'

യാത്രാസംഘം ഹമദാൻ വഴി ബാഗ്ദാദിലേക്ക് പോവുകയായിരുന്നു. വഴിമധ്യേ യാത്രാസംഘത്തെ ഒരു കൊള്ളസംഘം പിടികൂടി. നിന്റെ കൈയിൽ വല്ലതുമുണ്ടോ എന്ന് കൊള്ളക്കാർ ചോദിച്ചപ്പോൾ ഉമ്മ തന്റെ കുപ്പായത്തിൽ തുന്നിപ്പിടിപ്പിച്ച പണസഞ്ചിയെക്കുറിച്ച് ആ കുട്ടി സത്യസന്ധമായി അവരോട് പറഞ്ഞു. ഈ സത്യസന്ധത കൊള്ളക്കാരുടെ മാനസാന്തരത്തിന് കാരണമാവുകയും അവർ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്തു.

അന്ന് ഇസ്‌ലാമിക ഖിലാഫത്തിന്റെ തലസ്ഥാനമായിരുന്ന

ആത്മീയതയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ശരീഅത്തിന്റെ ജ്ഞാനങ്ങൾ പഠിക്കണം. അറിവില്ലാതെ സൂഫിസത്തിലേക്ക് പ്രവേശിക്കാൻ പാടില്ല. അത് വലിയ അപകടം ചെയ്യും. വൈജ്ഞാനിക അടിത്തറയുള്ള ആത്മീയതക്ക് ശൈഖ് ജീലാനി(റ)യിൽ ഉദാത്തമായ മാതൃകയുണ്ട്. മഹാനവർകൾ ജീവിതത്തിന്റെ ആദ്യഘട്ടം മുഴുവൻ അറിവ് കരസ്ഥമാക്കുന്നതിൽ വിനിയോഗിച്ചു.



ബഗ്ദാദ് എല്ലാ വിജ്ഞാനീയങ്ങളുടെയും കൈമാറ്റ കേന്ദ്രമായിരുന്നു. മഹാപണ്ഡിതനും തത്വജ്ഞാനികമായ ഹുജ്ജതുൽ ഇസ്‌ലാം അബൂഹാമിദ് അൽ ഗസാലി(റ)വും ഇതേ കാലത്ത് തന്നെയാണ് ബാഗ്ദാദിലെത്തിയത്.

മുതിർന്ന പണ്ഡിതന്മാരിൽ നിന്ന് വിവിധ വിജ്ഞാനശാഖകളിൽ ശൈഖ് അവഗാഹം നേടി. അഹമ്മദ് ബിൻ മുളഫർ, അബുൽഖാസിം അലി ബിൻ അഹ്മദ് ബിൻ ബയാൻ, അബൂത്വാലിബ് ബിൻ യൂസഫ് തുടങ്ങിയവരിൽ നിന്നാണ് ഹദീസ് പഠനം നിർവഹിച്ചത്. ഫിഖ്ഹും അനുബന്ധ വിജ്ഞാനങ്ങളും പഠിച്ചത് ഹമ്പലി മദ്ഹബിലെ പണ്ഡിതന്മാരായ അബുൽവഫാ ബിൻ ഉഖൈൽ, അബുൽ ഖത്താബ്, അബ്ദുൽ ഹുസൈൻ മുഹമ്മദ്, അബൂസഈദ് മുബാറക് അൽ മഖ്റമി എന്നിവരിൽ നിന്നാണ്. അബൂസകരിയ്യ തിബ്‌രീസി(റ)യിൽ നിന്ന് അറബി സാഹിത്യവും മഹാനവർകൾ പഠിച്ചു.

ഇൽമുത്തസ്വവ്വുഫിലെ പ്രധാന ഗുരുവര്യനായിരുന്നു ശൈഖ് ഹമ്മാദ് ബിൻ മുസ്‌ലിം ദബ്ബാസ്(റ). വ്യത്യസ്ത വിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടാൻ നീണ്ട മുപ്പത്തിമൂന്ന് വർഷമെടുത്തു. ഇതിനു ശേഷമാണ് ഹിജ്റ വർഷം 521 മുതൽ 561 വരെ ആത്മസംസ്കരണ പരിശീലനത്തിനും പ്രബോധന പ്രവർത്തനങ്ങൾക്കും വേണ്ടി മഹാൻ ജീവിതം മാറ്റിവച്ചത്.

അറിവിന്റെ പ്രാധാന്യത്തെക്കുറിച്ച് ശൈഖവർകൾ പലപ്പോഴും പറയാറുണ്ടായിരുന്നു. ഹിജ്റ 545 ൽ മഹാനവർകൾ നടത്തിയ ഒരു പ്രഭാഷണഭാഗം ഇങ്ങനെ: 'അറിവ് കരസ്ഥമാക്കുക, ശേഷം ഇഖ്‌ലാസോടെ കർമ്മങ്ങൾ അനുഷ്ഠിക്കുക. നബി(സ) പറഞ്ഞിട്ടുണ്ട്: 'അറിവ് പഠിക്കുക. ശേഷം ഉസ്‌ലത്ത് (ജനങ്ങളിൽ നിന്നകന്ന് ഏകാന്തമായി) ഇബാദത്ത് ചെയ്യുക.' ആദ്യം കാര്യങ്ങൾ പഠിക്കുകയും പിന്നീട് ഏകാന്തവാസത്തിന് പോവുകയും ചെയ്യുന്നവനാണ് ശരിയായ മുഅ്മിൻ. (അൽഫത്ഹുറബ്ബാനി 140)

## ശരീഅത്ത് പഠനം

ആത്മീയതയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ശരീഅത്തിന്റെ ജ്ഞാനങ്ങൾ പഠിക്കണം. അറിവില്ലാതെ സൂഫിസത്തിലേക്ക് പ്രവേശിക്കാൻ പാടില്ല. അത് വലിയ അപകടം ചെയ്യും. വൈജ്ഞാനിക അടിത്തറയുള്ള ആത്മീയ

**ഹിജ്റ 521 ശവ്വാൽ മാസത്തിലായിരുന്നു ശൈഖ് ജീലാനി(റ)വിന്റെ പ്രസിദ്ധമായ പ്രഭാഷണങ്ങളുടെ ആരംഭം. ഹൃദയത്തിൽ നിന്ന് ഹൃദയങ്ങളിലേക്ക് പടരുന്ന വാക്കുകൾ ശ്രവിക്കാൻ ആയിരങ്ങളാണ് ഓരോ സദസ്സിലും ഒരുമിച്ചു കൂടിയത്. ആശയസമ്പുഷ്ടങ്ങളായ ഓരോ വാക്കും മനസ്സുകളെ ചിന്തിപ്പിക്കുന്നതും ത്രസിപ്പിക്കുന്നതുമായിരുന്നു. കണ്ണിൽനിന്ന് നീർച്ചാലുകൾ പൊട്ടിയൊഴുകും. വിങ്ങിപ്പൊട്ടലുകളും തേങ്ങലുകളും പലയിടങ്ങളിൽ നിന്നും ഉയർന്നു കേൾക്കും.**

തക്ക് ശൈഖ് ജീലാനി(റ)യിൽ ഉദാത്തമായ മാതൃകയുണ്ട്. മഹാനവർകൾ ജീവിതത്തിന്റെ ആദ്യഘട്ടം മുഴുവൻ അറിവ് കരസ്ഥമാക്കുന്നതിൽ വിനിയോഗിച്ചു.

ഖസീദത്തുൽ ഗൗസിയ്യയിൽ ഇങ്ങനെ കാണാം:

'ഞാൻ ഖുതുബാകുന്നതുവരെ അറിവ് പഠിച്ചുകൊണ്ടിരുന്നു. യജമാനനായ അല്ലാഹുവിൽ നിന്ന് എനിക്ക് വിജയം ലഭിക്കുകയും ചെയ്തു.'

ഈ വരികൾക്ക് രണ്ട് അർത്ഥസാധ്യതകളുണ്ട്. ഒന്നാമത്തേത്, ഖുതുബാകുന്നതുവരെ ഞാൻ അറിവ് പഠിച്ചുകൊണ്ടിരുന്നു എന്നാണ്. രണ്ടാമത്തേത്, അറിവു പഠിച്ചതിന്റെ ഫലമായി എനിക്ക് ഖുതുബ് സ്ഥാനം ലഭിച്ചു എന്നുമാണ്. രണ്ടർത്ഥമനുസരിച്ചും ഔലിയാക്കളുടെ മഹത്തായ സ്ഥാനമായ ഖുതുബ് പദവി ലഭിക്കാൻ അറിവ് കാരണമായെന്ന് വ്യക്തം.

അറിവില്ലാതെ ആത്മശുദ്ധീകരണ മേഖലയിലേക്ക് പ്രവേശിക്കുന്നതിനെ ശക്തമായ ഭാഷയിൽ ശൈഖവർകൾ എതിർത്തിട്ടുണ്ട്. ഒരിക്കൽ അവിടുന്ന് പറഞ്ഞു: 'നിങ്ങളിൽ പലരും വിഡ്ഢികളാണ്; പ്രവർത്തിക്കുന്നതെല്ലാം വിഡ്ഢിത്തങ്ങളും. നിങ്ങൾ മഠങ്ങൾക്കകത്തിരുന്ന് അറിവില്ലാതെ അല്ലാഹുവിനെ ഏകാന്തമായി ആരാധിക്കുന്നു. പർണ്ണശാലകൾക്കകത്തിരുന്നു കൊണ്ടിത് നേടാൻ കഴിയില്ല. ഇൽമിനെയും ഉലമാഇനെയും തേടി യാത്ര ചെയ്യുക, ഇരുകാലുകളും യാത്ര ചെയ്യാൻ കഴിയാത്തവിധം തളർന്നുപോകുന്നതു വരെ.' (ജലാഉൽഖാതിർ)

## പ്രഭാഷണങ്ങൾ

പ്രബോധനമേഖലയിൽ വിസ്മയകരമായ മുന്നേറ്റം കാഴ്ചവെക്കാൻ ശൈഖവർകൾക്ക് സാധിച്ചു. ശൈഖവർകളുടെ പ്രഭാഷണം, ഗ്രന്ഥരചന, ആരെയും ആകർഷിക്കുന്ന സൽസ്വഭാവം തുടങ്ങിയ കഴിവുകൾ വിശുദ്ധ ഇസ്‌ലാമിലേക്ക് ജനലക്ഷങ്ങളെ ആകർഷിക്കാൻ കാരണമായി.

ഹിജ്റ 521 ശവ്വാൽ മാസത്തിലായിരുന്നു ശൈഖ് ജീലാനി(റ)വിന്റെ പ്രസിദ്ധമായ പ്രഭാഷണങ്ങളുടെ ആരംഭം. ഹൃദയത്തിൽ നിന്ന് ഹൃദയങ്ങളിലേക്ക് പടരുന്ന വാക്കുകൾ ശ്രവിക്കാൻ ആയിരങ്ങളാണ് ഓരോ സദസ്സിലും ഒരുമിച്ചു കൂടിയത്. ആശയസമ്പുഷ്ടങ്ങളായ ഓരോ വാക്കും മനസ്സുകളെ ചിന്തിപ്പിക്കുന്നതും ത്രസിപ്പിക്കുന്നതുമായിരുന്നു. കണ്ണിൽനിന്ന് നീർച്ചാലുകൾ പൊട്ടിയൊഴുകും. വിങ്ങിപ്പൊട്ടലുകളും തേങ്ങലുകളും പലയിടങ്ങളിൽ നിന്നും ഉയർന്നു കേൾക്കും. പ്രഭാഷണം തീരുമ്പോഴേക്കും പലരും ബോധം കെട്ടു വീണിട്ടുണ്ടാവും. മഹാനവർകളുടെ പ്രധാന ഗുരുവര്യരിൽ ഒരാളായ ശൈഖ് അബൂസഈദുൽ മഖ്റമി(റ)വിന്റെ പ്രചോദനവും ആശീർവാദവുമാണ് മഹാനവർകളുടെ പ്രഭാഷണകലയെ കൂടുതൽ ചടുലമാക്കിയത്.

ആഴ്ചയിൽ മൂന്ന് ദിവസം നടന്നിരുന്ന പ്രഭാഷണസദസ്സിൽ 70000 പേർ പങ്കെടുത്തിരുന്നു. ശ്രോതാക്കളിൽ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും സാധാരണക്കാരും പാവങ്ങളുമെല്ലാം ഉണ്ടായിരുന്നു. ഓരോ പ്രഭാഷണം കഴിയുമ്പോഴും ആയിരങ്ങൾ മഹാനവർകളുടെ മുന്നിലെത്തി പശ്ചാത്തപിക്കും. അഞ്ചുലക്ഷത്തിലേറെ പേർ ഇസ്‌ലാം സ്വീകരിക്കാൻ ഈ പ്രഭാഷണങ്ങൾ കാരണമായി. കൊടും കുറ്റവാളികളെപ്പോലും നന്മയുടെ വഴിയെ സഞ്ചരിക്കാൻ ഈ പ്രഭാഷണങ്ങൾ പ്രേരിപ്പിച്ചു. അവിടുത്തെ പ്രഭാഷണങ്ങളുടെ സമാഹാരമാണ് പിൽക്കാലത്ത് പ്രസിദ്ധി നേടിയ 'അൽഗുൻയതുലി ത്വാലിബി ത്വരീഖിൽ ഹഖ്' എന്ന ഗ്രന്ഥം. നീണ്ട 40 വർഷം ശൈഖവർകളുടെ പ്രഭാഷണസദസ്സുകൾ തുടർന്നു.

## വിനയം മുഖമുദ്ര

ഉന്നതപദവികളും സ്ഥാനമാനങ്ങളും അഗാധജ്ഞാനവും ആത്മീയയശസ്സുമുണ്ടായിരുന്നെങ്കിലും ശൈഖ് ജീലാനി(റ) അതിസൗമ്യനും വിനയാന്വിതനും എല്ലാവരോടും താഴ്മയോടെ പെരുമാറുന്നവരുമായിരുന്നു. പഠിക്കുന്ന കാലത്തും പഠനശേഷം ഉന്നതപദവികൾ അലങ്കരിച്ചപ്പോഴും വിനയം അവിടുത്തെ മുഖമുദ്രയായിരുന്നു. പരാതികൾ പറയാനും ആത്മീയ ചികിത്സ തേടിയും പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടും തന്നെ സമീപിക്കുന്നവരെ മണിക്കൂറുകളോളം മഹാനവർകൾ കേൾക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു. അഗതികളും അനാഥകളുമായ മക്കളോട് വലിയ വാത്സല്യം കാണിച്ചിരുന്നു. വിനയത്തെക്കുറിച്ച് മഹാനവർകൾ പറഞ്ഞതിങ്ങനെ: 'കണ്ടുമുട്ടുന്ന ജനങ്ങളെക്കുറിച്ച് അവർ നമ്മെക്കാൾ ശ്രേഷ്ഠരാണെന്നും

സബ്തുബ്നുൽജൗസി(റ) പറയുന്നു: 'ശൈഖ് അബ്ദുൽഖാദിർ(റ) കൂടുതൽ മൗനം അവലംബിക്കുന്നവരായിരുന്നു. ജനങ്ങളുടെ മനസ്സുകൾ മന്ത്രിക്കുന്ന കാര്യങ്ങൾ പോലും അദ്ദേഹം പറയുമായിരുന്നു. പൊതുജനങ്ങളിലുള്ള സ്വീകാര്യതയും സൽപേരും അദ്ദേഹത്തിന് വർദ്ധിച്ചുകൊണ്ടേയിരുന്നു. മദ്റസയിൽ നിന്ന് വെള്ളിയാഴ്ച ദിവസം മാത്രമായിരുന്നു മഹാൻ പുറത്തുപോയിരുന്നത്. ബാഗ്ദാദിലെ ധാരാളം ആളുകൾ മഹാനവർകൾ വഴി സൽവഴിയിൽ പ്രവേശിച്ചു.'

അല്ലാഹുവിനടുക്കൽ അവർക്ക് സമുന്നതമായ പദവിയുണ്ടെന്നും ചിന്തിക്കണം.'

ജീലാനി(റ) മകനു നൽകിയ നിർദ്ദേശം പ്രസിദ്ധമാണ്: 'വിനയം, സൽസ്വഭാവം, ഉദാരത എന്നീ മൂന്നു കാര്യങ്ങൾ കൊണ്ട് പാവപ്പെട്ടവർക്ക് സേവനം ചെയ്യുക.'

## സംസാരം

ആവശ്യമായ കാര്യങ്ങൾ മാത്രമേ ശൈഖ് ജീലാനി(റ) സംസാരിച്ചിരുന്നുള്ളൂ. അനാവശ്യമായ കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. സംസാരത്തെക്കാൾ കൂടുതൽ മഹാനവർകൾ മൗനം അവലംബിച്ചു. ശൈഖവർകളുടെ സ്വഭാവം വിവരിച്ച് സബ്തുബ്നുൽജൗസി(റ) പറയുന്നു: 'ശൈഖ് അബ്ദുൽഖാദിർ(റ) കൂടുതൽ മൗനം അവലംബിക്കുന്നവരായിരുന്നു. ജനങ്ങളുടെ മനസ്സുകൾ മന്ത്രിക്കുന്ന കാര്യങ്ങൾ പോലും അദ്ദേഹം പറയുമായിരുന്നു. പൊതുജനങ്ങളിലുള്ള സ്വീകാര്യതയും സൽപേരും അദ്ദേഹത്തിന് വർദ്ധിച്ചുകൊണ്ടേയിരുന്നു. മദ്റസയിൽ നിന്ന് വെള്ളിയാഴ്ച ദിവസം മാത്രമായിരുന്നു മഹാൻ പുറത്തുപോയിരുന്നത്. ബാഗ്ദാദിലെ ധാരാളം ആളുകൾ മഹാനവർകൾ വഴി സൽവഴിയിൽ പ്രവേശിച്ചു.' (മിർആത്തുസ്സമാൻ 8/165)

ശൈഖ് മുഹമ്മദുബ്നു മഹ്മൂദ്(റ) പറയുന്നു: 'ഒരിക്കൽ ഞാൻ എന്റെ ഗുരുവര്യരോട് ചോദിച്ചു: 'ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ)വിൽ നിന്ന് വല്ല കറാമത്തുകളും നിങ്ങൾ കണ്ടിട്ടുണ്ടോ?'

അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതേ, ഞാൻ കണ്ടിട്ടുണ്ട്. വെള്ളിയാഴ്ച്ച ദിവസം അദ്ദേഹം ജനങ്ങളോട് വഅള് പറയും. അദ്ദേഹത്തിൽ നിന്ന് ഹദീസ് കേൾക്കാൻ ഞങ്ങൾ ചെന്നിരിക്കും. ഉപകാരപ്രദമായ കാര്യങ്ങൾ മാത്രമേ അദ്ദേഹം സംസാരിക്കാറുണ്ടായിരുന്നുള്ളൂ.'

## പിശാചിന്റെ കെണിവലകൾ

മനുഷ്യനെ ഏതെങ്കിലും വിധേന അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ പ്രതിജ്ഞയെടുത്ത അഭിശപ്തനാണല്ലോ പിശാച്. ജനങ്ങളിൽ നല്ലവരെ വഴിപിഴപ്പിക്കാൻ അവൻ പലരൂപത്തിലും വരും. ജീലാനി(റ)വിനെ വഴിതെറ്റിക്കാൻ പിശാച് നടത്തിയ വിഫലശ്രമം ചരിത്രഗ്രന്ഥങ്ങളിൽ കാണാം:

'മരുഭൂമിയിലൂടെയുള്ള ദൈർഘ്യമേറിയ സഞ്ചാരത്തിനിടയിൽ ഏതാനും ദിവസങ്ങൾ വെള്ളം ലഭിക്കാതെ ജീലാനി(റ) ദാഹിച്ചവശനായി. അപ്പോൾ മഹാന്റെ മുകളിൽ മേഘം പ്രത്യക്ഷപ്പെടുകയും അതിൽ നിന്ന് മഴ വർഷിക്കുകയും ചെയ്തു. മഹാനവർകൾ ദാഹം തീർത്തു. ഉടനെ ആകാശത്ത് ഒരു വെളിച്ചം പ്രത്യക്ഷമായി. അതിൽ നിന്ന് ഒരശരീരി കേട്ടു: 'ഓ അബ്ദുൽഖാദിർ, ഞാൻ നിന്റെ രക്ഷിതാവാകുന്നു. മറ്റുള്ളവർക്ക് ഹറാമാക്കിയതെല്ലാം താങ്കൾക്ക് ഞാൻ അനുവദനീയമാക്കി തന്നിരിക്കുന്നു.'

ഇതുകേൾക്കേണ്ട താമസം മഹാനവർകൾ 'ശപിക്കപ്പെട്ടവനേ, ദൂരെപ്പോകൂ' എന്ന് ആട്ടിയകറ്റി. ഉടനെ ആ വെളിച്ചം ഇരുട്ടായി പരിണമിച്ചു.

പിന്നീട് മഹാനവർകളോട് പിശാച് പറഞ്ഞു: 'അറിവും വിശ്വാസദൃഢതയും ഉള്ളതുകൊണ്ടാണ് എന്റെ ചതിയിൽ നിന്ന് താങ്കൾ രക്ഷപ്പെട്ടത്. ഇങ്ങനെ എഴുപതു പേരെ ഞാൻ വഴിപിഴപ്പിച്ചിട്ടുണ്ട്.'

ഈ സംഭവം വിവരിച്ചപ്പോൾ മഹാനവർകളോട് ശിഷ്യന്മാർ ചോദിച്ചു: 'ബഹുമാന്യരേ, അത് പിശാചാണെന്ന് അങ്ങേക്കെങ്ങനെ മനസ്സിലായി?'

മഹാൻ പറഞ്ഞു: 'എല്ലാവർക്കും നിഷിദ്ധമാക്കിയത് എനിക്കു മാത്രം ഹലാലാക്കിത്തന്നു' എന്ന വാക്കിലൂടെയാണ് എനിക്കതു മനസ്സിലായത്. നബി(സ)യുടെ ശരീഅത്ത് ദുർബലപ്പെടുത്താനോ മാറ്റത്തിരുത്തലുകൾ വരുത്താനോ ഒരാൾക്കും അവകാശമില്ല.' പ്രസ്തുത സംഭവത്തിൽ നിന്ന് പിശാച് മനുഷ്യനെ വഴിപിഴപ്പിക്കുന്ന രൂപവും അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗവും മനസ്സിലാക്കാം. ശരീഅത്തിന് വിരുദ്ധമായി ആര് എന്ത് പറഞ്ഞാലും അംഗീകരിക്കരുതെന്ന് ഈ സംഭവം നമ്മെ ഓർമിപ്പിക്കുന്നു.

പിശാചിനെയും ദേഹേച്ഛയെയും മഹാനവർകൾ ശത്രുക്കളായിക്കണ്ടു. ഹലാലാണെന്നുറപ്പുള്ളതു മാത്രമേ ഭക്ഷിച്ചിരുന്നുള്ളൂ. ഹറാമായതോ ഹറാമോ ഹലാലോ എന്നതിൽ സംശയമുള്ളതോ ആയ ഒരു വസ്തുവും ഉപയോഗിച്ചിരുന്നില്ല. വിശ്വാസത്തിന്റെ ശക്തി ഉപയോഗിച്ച് തിന്മയുടെ ഒഴുക്കിനെതിരെ നന്മയുടെ തുഴയെറിഞ്ഞ് മുന്നേറാൻ പ്രചോദനം നൽകുന്നതാണ് ശൈഖ് ജീലാനി(റ)വിന്റെ ജീവിതാധ്യായങ്ങൾ.

അല്ലഫൽ അലിഫ്

മുഈനുദ്ദീൻ സഖാഫി വടശ്ശേരി

# തിരുമദ്ഹിലെ അതുല്യ കോർവ



തിരുനബി(സ)യോടുള്ള അഗാധമായ അനുരാഗത്തിൽ നിന്ന് പ്രവഹിച്ച, അറബിസാഹിത്യത്തിലെ അത്യപൂർവ്വവും വിഖ്യാതവുമായ ഒരു ധ്യാനാത്മക കാവ്യമാണ് 'അല്ലഫൽ അലിഫ്.' പ്രവാചക പ്രകീർത്തന ചരിത്രത്തിൽ അദ്വിതീയവും ഇതിഹാസതുല്യവുമായ സ്ഥാനമാണ് ഈ ഖസ്വീദക്ക് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. കേവലമൊരു സ്തുതിഗീതമെന്ന പരിമിതമായ അർത്ഥതലത്തിൽ ഒതുങ്ങുന്നതല്ല ഈ രചന. സൂഫിദർശനങ്ങളുടെ നിഗൂഢവും അഗാധവുമായ ജ്ഞാനപ്രപഞ്ചത്തെ ഉള്ളിലൊതുക്കിയ ഒരു ദിവ്യരഹസ്യപേടകമാണിത്.

ഭാഷാപരമായും സാഹിത്യശാസ്ത്രപരമായും വിശകലനം ചെയ്യുമ്പോൾ, ഒരേസമയം സങ്കീർണ്ണതയും സൗന്ദര്യവും സമന്വയിക്കുന്ന അപൂർവ്വമായൊരു രചനാശൈലിയാണ് ഇതിൽ ദർശിക്കാൻ സാധിക്കുന്നത്. അറബി അക്ഷരമാലയിലെ 'അലിഫ്' മുതൽ 'യാ' വരെയുള്ള വർണ്ണങ്ങളെ ക്രമാനുഗതമായി ഓരോ വരിയുടെയും ആരംഭത്തിൽ വിന്യസിച്ച അക്ഷരമാലാക്രമത്തിലുള്ള ഘടനയാണ് ഈ കാവ്യത്തിന്റെ അടിസ്ഥാന സവിശേഷത. വായനക്കാരന് ദൃശ്യപരമായ ചാരുത സമ്മാനിക്കുന്നതോടൊപ്പം, ആത്മാവിന് ശാന്തി പകരുന്ന ഒരു സംഗീതാത്മക താളലയം കൂടി ഈ കോർവ പ്രദാനം ചെയ്യുന്നു.

വരിയുടെ പ്രാരംഭത്തിലുള്ള അക്ഷരത്തെ ആസ്പദമാക്കി, അതേ അക്ഷരത്തിൽ തുടങ്ങുന്ന അനേകം പദങ്ങളെ അതിസൂക്ഷ്മതയോടെ കോർത്തിണക്കിയാണ് ഇതിലെ ഓരോ ഈരടിയും രൂപപ്പെടുത്തിയിരിക്കുന്നത്. ഖസ്വീദയിലെ മുഴുവൻ വരികളും 'ലാം' എന്ന അക്ഷരത്തിൽ സമാപിക്കുന്നുവെന്നതും ഇതിന്റെ രചനാസൗഷ്ഠവം വർദ്ധിപ്പിക്കുന്നു. ശബ്ദാലങ്കാരവും അർത്ഥഭംഗിയും പരസ്പരം ലയിച്ചുചേരുന്ന ഈ സൃഷ്ടി, ശ്രോതാവിന്റെയും വായനക്കാരന്റെയും ഹൃദയങ്ങളിൽ ഒരേസമയം ഭക്തിയുടെയും അനുരാഗത്തിന്റെയും ദിവ്യതരംഗങ്ങളാണ് ഉണർത്തുന്നത്.

മുപ്പത്തിയൊന്ന് വരികൾ മാത്രമുള്ള ഈ ഖസ്വീദയുടെ ബാഹ്യരൂപം ലളിതമെന്ന് തോന്നാമെങ്കിലും, അതിന്റെ ആന്തരികതലത്തിൽ വിരിഞ്ഞുനിൽക്കുന്നത് വിസ്തൃതമായൊരു ആത്മീയപ്രപഞ്ചമാണ്. ശൈഖുൽഅക്ബർ ഇബ്നുഅറബി(റ) ഉൾപ്പെടെയുള്ള മഹാന്മാരായ സൂഫിദാർശനികരുടെ ചിന്താധാരകളോട് സമാന്തരമായി സഞ്ചരിക്കുന്ന ആത്മീയരഹസ്യങ്ങൾ ഈ വരികളിൽ അന്തർഭവിച്ചിരിക്കുന്നു. കേവലം ഭാഷാപരിജ്ഞാനമോ വ്യാകരണശുദ്ധിയോ അവലംബിച്ച് ഈ കൃതിയുടെ അന്തസ്സത്ത ഗ്രഹിക്കുക അസാധ്യമാണ്; ആത്മീയ ഔന്നത്യവും ദിവ്യജ്ഞാന പ്രകാശവും സിദ്ധിച്ച ആത്മജ്ഞാനികൾക്കു മാത്രമേ ഇതിന്റെ യഥാർത്ഥ ഉള്ളറകളെ സ്പർശിക്കാൻ സാധിക്കുകയുള്ളൂ.

ഭാഷാസൗന്ദര്യത്തോടൊപ്പം ആത്മീയമൂല്യങ്ങളുടെ ഈ ഹൃദ്യമായ സമന്വയം, സൂഫി പണ്ഡിതന്മാരുടെ ആത്മീയ സഞ്ചാരപഥമായ 'സുലൂക്കിന്' ശക്തമായൊരു പ്രേരണയായി മാറുന്നുണ്ട്. ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്ന ഇതിന്റെ ശൈലി വിശ്വാസികളെ ആത്മജ്ഞാനത്തിന്റെ ഉന്നതതലങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്നതാണ്. കാലാന്തരത്തിൽ സൂഫീപണ്ഡിതന്മാർക്കിടയിൽ ഈ ഖസ്വീദയ്ക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. അതിന്റെ ആഴം തിരിച്ചറി

**ഹിജ്റ 1153 ൽ ജനിച്ച ശൈഖ് ഉമർ വലിയുല്ലാഹിൽ ഖാഹിരി(റ) ജീവിതം മുഴുവൻ വിജ്ഞാനപ്രചാരണത്തിനും ആത്മീയ സംസ്കരണത്തിനുമാണ് സമർപ്പിച്ചത്. ഹജ്ജ്കർമ്മത്തിനും സിയാറത്തിനുമായി വിശുദ്ധഹറമുകളിലെത്തിയപ്പോൾ, മദീന മുനവ്വറയിൽ വെച്ച് പ്രമുഖ ജ്ഞാനി ശൈഖ് സയ്യിദ് മുഹ്സിൻ അൽ മുഖ്ബിലിയുമായി സഹവസിക്കുകയും അദ്ദേഹത്തിൽ നിന്ന് ജ്ഞാനം നുകരുകയും ചെയ്തു.**

ഞ്ഞ് അനേകം വ്യാഖ്യാനങ്ങൾ പിൽക്കാലത്ത് രചിക്കപ്പെടുകയുണ്ടായി.

ഖുതുബുസ്സമാൻ മൗലദ്ദവീല സയ്യിദ് അലവി തങ്ങളുടെ പ്രമുഖ ശിഷ്യനായ അവുക്കോയ മുസ്‌ലിയാർ ഈ ഖസ്വീദയ്ക്ക് ആധികാരികമായ വ്യാഖ്യാനം എഴുതിയ പ്രമുഖരിൽ ഒരാളാണ്. ആത്മജ്ഞാനത്തിന്റെ ആഴങ്ങളിൽ നിന്നുകൊണ്ടാണദ്ദേഹം ഈ കൃതിയെ സമീപിച്ചത്. ഇതിന് ഏറ്റവും വിപുലമായ മറ്റൊരു വ്യാഖ്യാനം സമർപ്പിച്ചത് 'ഇന്ത്യയിലെ ഇബ്നുഅറബി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശൈഖ് അബ്ദുറഹ്മാൻ നഖ്ശബന്ദിയാണ്. ശരിയായ ആത്മീയജ്ഞാനത്തിന്റെ അഭാവത്തിൽ ചിലർ ഈ ഖസ്വീദയെ തെറ്റായ രീതിയിൽ സമീപിക്കുകയും ദുർവ്യാഖ്യാനങ്ങൾ നടത്തുകയും ചെയ്ത സാഹചര്യത്തിലാണ് അദ്ദേഹം ഈ മഹത്തായ ഉദ്യമത്തിലേക്ക് പ്രവേശിച്ചതെന്ന് 'അവാരിഫുൽ മആരിഫ്' എന്ന തന്റെ കൃതിയുടെ ആമുഖത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ശൈഖ് നഖ്ശബന്ദിയുടെ അതിഗഹനമായ പാണ്ഡിത്യവും ആത്മജ്ഞാനവും പ്രതിഫലിപ്പിക്കുന്ന പ്രസ്തുത വ്യാഖ്യാനഗ്രന്ഥം പിൽക്കാല പണ്ഡിതന്മാർക്ക് ഖസ്വീദയുടെ പ്രധാന അവലംബമായി മാറി. മറ്റൊരു വ്യാഖ്യാനത്തിനും ഇടം നൽകാത്തവിധം ഈ കൃതി ഖസ്വീദയുടെ എല്ലാ വശങ്ങളെയും സമഗ്രമായി വിശദീകരിക്കുന്നുണ്ട്. പിൽക്കാലത്തുണ്ടായ മിക്ക വ്യാഖ്യാനങ്ങളും നഖ്ശബന്ദിയുടെ ദർശനങ്ങളെ അടിസ്ഥാനമാക്കി രൂപംകൊണ്ടവയാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ ദക്ഷിണേന്ത്യയിൽ ആത്മീയതയുടെയും ജ്ഞാനപ്രഭയുടെയും സുഗന്ധം പരത്തിയ ശൈഖ് ഉമർ വലിയുല്ലാഹിൽ ഖാഹിരിയാണ് ഈ ഖസ്വീദയുടെ കർത്താവ്. 'കിഴക്കിന്റെ കെയ്റോ' എന്നറിയപ്പെട്ട തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ലയിലെ ചരിത്രപ്രസിദ്ധമായ കായൽപട്ടണത്തിലാണ് ശൈഖിന്റെ ജനനം. ഇസ്‌ലാമിന്റെ പ്രഥമ ഖലീഫ അബൂബക്കർ സിദ്ദീഖ് (റ) വിന്റെ വംശപരമ്പരയിലേക്ക് ചേരുന്ന മഹത്തായ കുടുംബപരമ്പരയാണ് അദ്ദേഹത്തിന്റേത്.

ദീനീ വിജ്ഞാനങ്ങളിൽ അത്യപൂർവ്വമായ വ്യുൽപത്തി നേടിയ അദ്ദേഹം സകല വിജ്ഞാന ശാഖകളിലും വിശിഷ്യാ, ആദ്ധ്യാത്മിക വിജ്ഞാനങ്ങളിൽ തന്റെ സമകാലികരിൽ ഏറ്റവും മികച്ച വ്യക്തിത്വമായിരുന്നു. ശൈഖ് മുഹമ്മദ് നുസകിയായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ ഗുരുനാഥൻ. പിന്നീട് സയ്യിദ് മുഹമ്മദ് ജിഫ്രി തങ്ങളിൽ നിന്ന് അലവിയ്യ ത്വരീഖത്തും, സയ്യിദ് മുഹമ്മദ് മൗലൽ ബുഖാരിയിൽ നിന്ന് ഖാദിരിയ്യ ത്വരീഖത്തും സ്വീകരിച്ചു. കർമ്മശാസ്ത്രത്തിൽ ശാഫിഈ സരണിയാണ് അദ്ദേഹം സ്വീകരിച്ചത്.

കേരളത്തിലെ പള്ളിദർസുകളിലെ പ്രധാന പാഠ്യഗ്രന്ഥമായ 'റസാനത്ത്' എന്ന കൃതിയുടെ രചയിതാവായ ശൈഖ് അബ്ദുൽ ഖാദിർ ഖാഹിരിയാണ് അദ്ദേഹത്തിന്റെ പിതാവ്. (പ്രസ്തുത ഗ്രന്ഥത്തിന്റെ രചയിതാവ് അദ്ദേഹത്തിന്റെ പിതാമഹനായ മഹ്മൂദുൽ ഖാഹിരിയാണെന്ന മറ്റൊരഭിപ്രായവുമുണ്ട്).

ഹിജ്റ 1153 ൽ ജനിച്ച ശൈഖ് ഉമർ വലിയുല്ലാഹിൽ ഖാഹിരി(റ) ജീവിതം മുഴുവൻ വിജ്ഞാനപ്രചാരണത്തിനും ആത്മീയസംസ്കരണത്തിനുമാണ് സമർപ്പിച്ചത്. ഹജ്ജ്കർമ്മത്തിനും സിയാറത്തിനുമായി വിശുദ്ധഹറമുകളിലെത്തിയപ്പോൾ, മദീന മുനവ്വറയിൽ വെച്ച് പ്രമുഖ ജ്ഞാനി ശൈഖ് സയ്യിദ് മുഹ്സിൻ അൽ മുഖ്ബിലിയുമായി സഹവസിക്കുകയും അദ്ദേഹത്തിൽ നിന്ന് ജ്ഞാനം നുകരുകയും ചെയ്തു. വഫാത്തടുത്തപ്പോൾ, തന്റെ ജ്ഞാനസിംഹാസനത്തിൽ ദർസ് നടത്തുവാനായി അദ്ദേഹം ഈ പ്രിയശിഷ്യനെയാണ് നിയോഗിച്ചത്. ഗുരുവിന്റെ വസിയ്യത്ത് പ്രകാരം അഞ്ചു വർഷത്തോളം മദീനയിൽ മുദരിസായി സേവനമനുഷ്ഠിച്ചു. പിന്നീട് നാട്ടിലേക്ക് മടങ്ങിയെത്തിയ അദ്ദേഹം ശിഷ്ടകാലം ആദ്ധ്യാത്മിക ലോകത്ത് ജനങ്ങളെ അല്ലാഹുവിലേക്ക് നയിച്ചുകൊണ്ടിരുന്നു. അതിന്റെ ഭാഗമായി പല നാടുകളിലും സഞ്ചരിച്ചു.

അല്ലഫൽഅലിഫ് എന്ന വിശ്രോത്തര ഖസ്വീദക്കു പുറമെ, 'ഇലാഹീ കം തുബ്ഖീനീ...' എന്നു തുടങ്ങുന്ന അതിമനോഹരമായ ആത്മീയകാവ്യവും അദ്ദേഹത്തിന്റെ പ്രധാന രചനകളിൽ പെട്ടതാണ്. ഹിജ്റ 1216 ദുൽഖഅദ് 14ന്, വെള്ളിയാഴ്ച രാവിൽ, ഇശാ സമയത്ത് പൂർണ്ണ വുളൂവോടുകൂടി ആ മഹാഗുരു അല്ലാഹുവിലേക്ക് യാത്രയായി. വിജ്ഞാനദാഹികൾക്കും ആത്മീയാന്വേഷകർക്കും ഒരുപോലെ തണലായിരുന്ന ആ ജ്ഞാനി കായൽപട്ടണത്തിലെ പ്രസിദ്ധമായ തൈക്കാ മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്നു.

*(തുടരും)*

അലി സഖാഫി പുൽപ്പറ്റ

# ഏകാന്തവാസം സുഖവാസമല്ല

നിഷ്കപടമായ ദൈവവിശ്വാസവും പാരത്രിക വിജയം നേടിയെടുക്കാനുള്ള ആത്മാർത്ഥ ത്വരയുമാണ് സൂഫികളുടെ ഏകാന്ത ധ്യാനത്തിന്റെ അടിസ്ഥാന ചോദകം. എന്നാൽ പൈശാചിക പ്രേരണക്കു വശംവദരായി ഏകാന്തധ്യാനത്തിൽ പ്രവേശിക്കുന്ന ചിലരുണ്ട്. പ്രസിദ്ധസൂഫിവര്യന്മാർക്കും മശാഇഖുകൾക്കും 'ഖൽവ'ത്തിൽ ഇരുന്നതിന്റെ ഫലമായി കറാമത്തുകൾ പ്രകടമാവുകയും അദ്ധ്യാത്മിക ജ്ഞാനങ്ങളും പ്രാപഞ്ചിക നിഗൂഢതകളും വെളിപ്പെടുകയും ചെയ്തിട്ടുണ്ടെന്നു മനസ്സിലാക്കി അവ്വിധം തങ്ങൾക്കും അസാധാരണ സിദ്ധികൾ കൈവരിക്കണമെന്നാഗ്രഹിച്ച് ഇവർ ധ്യാനത്തിനിറങ്ങുന്നു.



സാത്വികരായ സൂഫീവര്യന്മാർ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് നിസ്വാർത്ഥമായി സൽകർമ്മങ്ങൾ അനുഷ്ഠിക്കാനും മനസ്സിനെ സ്ഫുടം ചെയ്യാനും ശരീരത്തെ മെരുക്കിയെടുക്കാനും മതനിഷ്ഠകൾക്കു ഭംഗം വരാതെ സൂക്ഷിക്കാനുമാണ് ഏകാന്തതയെ പരിണയിക്കുന്നത്. തൽഫലമായി അവരിൽനിന്ന് കറാമത്തുകൾ വെളിപ്പെട്ടേക്കാം. എന്നുവെച്ച് അതവരുടെ ലക്ഷ്യമേ അല്ല. അല്ലാഹുവിന്റെ പ്രീതിയായിരിക്കും ഏക ചിന്ത. അവരുടെ നൗക മാത്രമേ വിജയതീരത്ത് നങ്കൂരമിടുകയുള്ളൂ.

ശൈഖ് അബൂതമീമിൽ മഗ്രിബി(റ) പറയുന്നു: ''ഏകാന്ത ധ്യാനത്തെ തിരഞ്ഞെടുക്കുന്നവർ തങ്ങളുടെ റബ്ബിനെക്കുറിച്ചുള്ളതല്ലാത്ത മറ്റെല്ലാ ചിന്തകളും പിഴുതെറിയണം. മനസ്സിൽ അല്ലാഹു മാത്രമായിരിക്കണം. ഭൗതിക സമ്പാദ്യങ്ങളിലും സുഖസൗകര്യങ്ങളിലും മനസ്സ് മേയാതിരിക്കുകയും വേണം. ഈ നിബന്ധനകൾ പാലിക്കാതെയുള്ള ഏകാന്തധ്യാനം അപകടകരമാണ്. അത് ആപത്തിലാണ് അവസാനിക്കുക.' (ബൈഹഖി, അസ്സുഹ്ദുൽകബീർ 186)

സ്വാർത്ഥതാല്പര്യങ്ങളുമായി ഏകാന്തധ്യാനത്തിൽ പ്രവേശിച്ചവരുടെ മനസ്സകങ്ങളിൽ പിശാച് ചേക്കേറും. അവൻ തിന്മകളെ നന്മകളാക്കി തോന്നിപ്പിക്കും. തദ്വാരാ ഭൗതിക പ്രലോഭനങ്ങളും അസാധ്യമോഹങ്ങളും ഹൃദയത്തിൽ കൂടുകെട്ടും. ആത്മീയതയുടെ ഉന്നതപദവികളിലാണെന്ന് തോന്നിപ്പിക്കും. അവർ ദിക്റുകളിൽ മുഴുകുകയും ഏകാന്തതയെ ഇഷ്ടപ്പെടുകയും ലൗകികവ്യവഹാരങ്ങളിൽ നിന്ന് അകന്നുനിൽക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആത്മാർത്ഥതയില്ലായ്മ അവയെയെല്ലാം നിഷ്ഫലമാക്കും.

നബിചര്യ പിൻപറ്റാതെ ധ്യാനനിരതനായാലും ചിന്തകൾക്ക് മൂർച്ച കൂടുമെന്നതു ശരിയാണ്. ക്ഷണികനേട്ടങ്ങൾ കൈവരുകയും ചെയ്യും, സംശയമില്ല. തത്വജ്ഞാനികൾക്കും നിരീശ്വരവാദികൾക്കും മറ്റും പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും

കണ്ടുപിടുത്തങ്ങളും അവതരിപ്പി ക്കാൻ സാധിക്കുന്നത് ഇത്തരം ഏകാന്ത ചിന്തകളിലൂടെയാണ്.

എന്നാൽ മതനിയമങ്ങളു ടെ ചട്ടക്കൂടില്ലാത്ത ചിന്തകളെ പൈശാചിക ദുർബോധനങ്ങൾ സ്വാധീനിക്കും. തന്മൂലം മനസ്സി ലുദിക്കുന്ന ദുഷ്ചിന്തകൾ സത്യ മാണെന്നു ധരിക്കും, അതിൽ സായൂജ്യം കൊള്ളും, താൻ ലക്ഷ്യം  കൈവരിച്ചിരിക്കുന്നു വെന്ന് ധരിച്ചു വശാവുകയും ചെ യ്യും. ജൂത-ക്രൈസ്തവ പുരോ ഹിതന്മാർ ധ്യാനിക്കുമ്പോഴും ഇത്തരം നേട്ടങ്ങൾ ലഭിക്കാറുണ്ട്. ഏകാന്തധ്യാനത്തിന്റെ ലക്ഷ്യം അതല്ല. ശരീഅത്ത് പ്രകാരമുള്ള സുസ്ഥിര ജീവിതത്തിന് പ്രചോ ദനവും അടിത്തറയും ലഭിക്കുന്ന ചിന്തകളാണു വേണ്ടത്. 'പരം പൊരുളായ അല്ലാഹു നിന്നിൽ നിന്ന് ഇസ്തിഖാമത്ത് (സന്മാർഗ ത്തിൽ ഉറച്ചുനിൽക്കുക) ആഗ്ര ഹിക്കുന്നു. നീയാണെങ്കിൽ കറാമത്തു തേടി നടക്കുന്നു!' എന്നാണ് ഇതിനെക്കുറിച്ച് ഒരു സൂഫിവര്യൻ പറഞ്ഞത്.

പുണ്യാത്മാക്കളിൽ ചിലർ ക്കു കറാമത്തുകളുടെയും ശരി യായ മുഖലക്ഷണങ്ങളുടെയും കവാടങ്ങൾ തുറക്കപ്പെടുകയും സംഭവിക്കാനിരിക്കുന്ന കാര്യ ങ്ങൾ കാലേക്കൂട്ടി വെളിപ്പെടു കയും ചെയ്തേക്കാം. ചിലർക്ക് ഇവയിൽ ഒന്നും ലഭിച്ചില്ലെന്നും വരാം. അതവരുടെ ന്യൂനതയല്ല. ഋജുവായ പാതയിൽ നിന്നുള്ള വ്യതിചലനം മാത്രമേ അവരുടെ അവസ്ഥക്കും പദവിക്കും കോട്ട മാവുകയുള്ളൂ.

ഒരു വിശ്വാസി ആത്മാർത്ഥത യോടെ മുറപ്രകാരം നാൽപതോ അതിലധികമോ ദിവസം ഏകാ ന്തതയിലിരുന്ന് അല്ലാഹുവിനെ ആരാധിച്ചാൽ അവന്റെ അകം തെളിയുകയും ഹൃദയത്തിന്റെ മറ നീങ്ങുകയും ചെയ്യും. ഞാനെ ന്റെ മനക്കണ്ണാൽ എന്റെ റബ്ബിനെ കണ്ടുവെന്നു പറയാൻ കഴിയും വിധം അവർ അല്ലാഹുവിൽ ലയി ക്കും.

മുഴുവൻ സമയവും സുകൃത ങ്ങളാൽ സജീവമാക്കുന്നതു മൂല വും ചിലപ്പോൾ ഈ പദവിയിൽ എത്തിച്ചേരും. ചിലപ്പോൾ മനസ്സി



ന്റെ സത്യസന്ധതയും മുന്നൊരു ക്കത്തിന്റെ ഫലവും കാരണം കൂ ടുതൽ കർമ്മങ്ങളൊന്നുമില്ലാതെ തന്നെ അല്ലാഹു ഔദാര്യമായി പ്രസ്തുത സ്ഥാനം നൽകും.

ഒരു ദിക്ർ മാത്രം പതിവാക്കി ക്കൊണ്ടായിരിക്കും ചിലപ്പോൾ ഈ പദവി കൈവരിക്കുക. നിർ ബന്ധനിസ്കാരങ്ങളും അവയുടെ റവാത്തിബുകളും നിർവഹിച്ചു കഴിഞ്ഞാൽ സദാ സമയവും അവർ പ്രസ്തുത ദിക്റിൽ ലയി ക്കും. അംഗശുദ്ധി വരുത്താൻ പോകുമ്പോഴും ഭക്ഷണവേളക ളിലുമെല്ലാം ആ ദിക്റിലായിരി ക്കും. ലാ ഇലാഹ ഇല്ലല്ലാഹു എന്ന വചനമാണ് ഭൂരിപക്ഷവും ഇതിനു തിരഞ്ഞെടുക്കാറുള്ളത്. പ്രസ്തുത വചനത്തിന്റെ മഹത്വം വിവരിക്കുന്ന നിരവധി പ്രാമാ ണിക വചനങ്ങളുണ്ട്. അതിവിടെ വിവരിക്കുന്നില്ല.

പ്രസ്തുത മഹദ്വചനം അവ രിൽ മേധാവിത്വം നേടുകയും നാവിലൂടെ അഭംഗുരം നിർഗളി ക്കുകയും ചെയ്താൽ ഹൃദയം അതു പാനം ചെയ്യും. പിന്നെ നാവ് അടങ്ങിയാലും ഹൃദയ ത്തിൽ ദിക്ർ തുടിച്ചുകൊണ്ടിരി ക്കും. പതിയെ ദേഹവും അതി നനുസരിച്ച് താളം പിടിക്കും. ഈ അവസ്ഥക്കാണ് മുകാശഫ, മുശാഹദ, മുആയന എന്നെല്ലാം പറയുന്നത്. ഖുർആൻ പാരായണ ത്തിലൂടെയും ഈ സ്ഥിതി കൈ വരിക്കാൻ കഴിയും.

ദിക്റും ഖുർആനും ഹൃദയമ ന്ത്രമാകുന്നതോടൊപ്പം ഇന്ദ്രിയാ തീത (ലദുന്നിയ്യ) അറിവുകളുടെ ലോകം അവന് തുറന്നു കിട്ടും. ദിക്റിന്റെ മാധുര്യവും ആനന്ദ വും ആസ്വദിച്ച് സ്വബോധമില്ലാ

തെ സ്വപ്നലോകത്തെന്ന പോലെ അതിൽ അലിഞ്ഞുചേരുന്ന അവസ്ഥയാണിത്.

ദിക്റിന്റെ പ്രകാശം അവന്റെ ഹൃദയത്തെ വലയം ചെയ്യും. നാലുതരം പ്രകാശങ്ങളാണ് ദിക്റിലൂടെ ലഭിക്കുക. നാവിന്റെ ദിക്റിലൂടെ നൂറുൽ ഇസ്ലാമും ഖൽബിന്റെ ദിക്റിലൂടെ നൂറുൽ ഈമാനും സിരിയ്യായ ദിക്റിലൂടെ നൂറുൽ ഇഹ്സാനും ആത്മാവിന്റെ ദിക്റിലൂടെ നൂറുൽ ഈഖാനും സ്വായത്തമാകുന്നു. ഒന്നാമത്തേതിനെ നക്ഷത്രവെളിച്ചത്തോടും രണ്ടാമത്തേതിനെ ചന്ദ്രശോഭയോടും മൂന്നാമത്തേതിനെ പ്രഭാതപുലരിയോടും നാലാമത്തേതിനെ സൂര്യപ്രകാശത്തോടും തുലനം ചെയ്യാം.

ഏകാന്തതയിൽ ധ്യാനനിരതരായവർക്ക് ചിലപ്പോൾ നിഗൂഢയാഥാർത്ഥ്യങ്ങൾ പ്രതീകാത്മകമായിട്ടാണു വെളിപ്പെടുക. സർപ്പത്തെ വകവരുത്തിയതായി സ്വപ്നദർശനം ഉണ്ടാകുന്നത് ഉദാഹരണം. അതിന്റെ വ്യാഖ്യാനമനുസരിച്ച് ശത്രുവിനെ പരാജയപ്പെടുത്തിയതായി പിന്നീട് അനുഭവവേദ്യമാകുന്നു. ചിലപ്പോൾ വ്യാഖ്യാനങ്ങൾക്ക് ഇടമില്ലാത്ത വിധം നിഗൂഢതകളുടെ കലവറകൾ അവർക്ക് മുമ്പിൽ തുറക്കപ്പെടും.

പ്രതീകാത്മകമല്ലാതെ ലഭിക്കുന്ന വെളിപാടു ജ്ഞാനങ്ങൾ സ്വപ്നദർശനം, അശരീരി, ഉൾവിളി തുടങ്ങിയ രൂപങ്ങളിൽ ഉണ്ടാകാം. സാധാരണ മനുഷ്യരുടെയും പുണ്യാത്മാക്കളുടെയും സ്വപ്നദർശങ്ങൾ തമ്മിൽ അന്തരമുണ്ട്. സാധാരണക്കാർ ദൃശ്യലോകത്തെ കേന്ദ്രീകരിച്ചായിരിക്കും സ്വപ്നം ദർശിക്കുക. വിശിഷ്ടരാകട്ടെ ആത്മീയലോകത്തെയും അദൃശ്യലോകത്തെയും കാഴ്ചകളായിരിക്കും ദർശിക്കുക.

ഏകാന്തധ്യാനം ഫലപ്രദമായി പ്രയോജനപ്പെടുത്തിയാലേ ഇതു യാഥാർത്ഥ്യമാവുകയുള്ളൂ. അതിനാൽ അൽഅർബഈനിയ്യത്തിനെ തിരഞ്ഞെടുക്കുന്ന സൂഫി ഐഹികവിഭവങ്ങളെല്ലാം കൈവെടിഞ്ഞ് സമ്പൂർണ്ണ ശുദ്ധീകരണം വരുത്തി ഖൽവത്തിൽ പ്രവേശിക്കണം. രണ്ടു റക്അത്തു

**നാലുതരം പ്രകാശങ്ങളാണ് ദിക്റിലൂടെ ലഭിക്കുക. നാവിന്റെ ദിക്റിലൂടെ നൂറുൽ ഇസ്ലാമും ഖൽബിന്റെ ദിക്റിലൂടെ നൂറുൽ ഈമാനും സിരിയ്യായ ദിക്റിലൂടെ നൂറുൽ ഇഹ്സാനും ആത്മാവിന്റെ ദിക്റിലൂടെ നൂറുൽഈഖാനും സ്വായത്തമാകുന്നു. ഒന്നാമത്തേതിനെ നക്ഷത്രവെളിച്ചത്തോടും രണ്ടാമത്തേതിനെ ചന്ദ്രശോഭയോടും മൂന്നാമത്തേതിനെ പ്രഭാത പുലരിയോടും നാലാമത്തേതിനെ സൂര്യപ്രകാശത്തോടും തുലനം ചെയ്യാം.**

നിസ്കരിച്ച് മനമുരുകി കണ്ഠമിടറി അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങണം. രഹസ്യവും പരസ്യവും അകവും പുറവുമെല്ലാം സമീകരിക്കണം. അസൂയ, പക, കാമം, ക്രോധം, മോഹം ആദിയായ മനോരോഗങ്ങൾ പൂർണമായും ഉപേക്ഷിക്കണം.

തുടർന്ന് ഏകാന്തതയിൽ ഇരിക്കണം. ജുമുഅ ജമാഅത്തുകൾക്കല്ലാതെ പുറത്തുപോകരുത്. ജമാഅത്ത് നിസ്കാരം ഉപേക്ഷിക്കുന്നത് മഹാ അബദ്ധമാണ്. പള്ളിയിൽ പോകാൻ സാധിക്കാതെ വരുന്ന പക്ഷം ഖൽവത്തിൽ വെച്ച് ജമാഅത്ത് നിർവഹിക്കാൻ ഒരാളെ കരുതിവെക്കുക. ഒറ്റയ്ക്ക് നിസ്കരിക്കുന്നത് പൂർണ്ണമായും ഉപേക്ഷിക്കണം. ജമാഅത്ത് ഉപേക്ഷിച്ച് ഖൽവത്തിൽ ധ്യാനിച്ചിരുന്ന പലരും മനസ്സ് ശിഥിലമായി സന്മാർഗത്തിൽ നിന്ന് വ്യതിചലിച്ചതായി കണ്ടിട്ടുണ്ട്.

ജമാഅത്തിനു പോകുമ്പോഴും ദിക്റിൽ നിന്നു മുക്തമാകരുത്. കണ്ണിനെയും കാതിനെയും ഖൽബിനെയും നിയന്ത്രിക്കുകയും വേണം. പുറംകാഴ്ചകളിലേക്കു കണ്ണയയ്ക്കുകയോ ശബ്ദങ്ങൾക്കു ചെവി കൊടുക്കുകയോ അരുത്. താൻ ഖൽവത്തിൽ ധ്യാനിച്ചിരിക്കുകയാണെന്നും ജനങ്ങൾ എന്നെ സാകൂതം നോക്കുകയാണെന്നുമുള്ള വിചാരം മനസ്സിൽ ഒരു തരി പോലും കടന്നുകൂടരുത്.

അല്ലാഹുവിന്റെ തൃപ്തി സമ്പാദിക്കാനുതകുന്ന ഖുർആൻ പാരായണം, ദിക്ർ, സ്വലാത്ത്, മുറാഖബ പോലുള്ള ഏതെങ്കിലും ഒരു സൽകർമ്മത്തിൽ സദാ വ്യാപൃതനായിരിക്കുക. അലസത പാടില്ല. വിരസത വന്നാൽ ഇനം മാറ്റിപ്പിടിക്കുക. പറ്റേ ക്ഷീണിതനായാൽ അല്പം ഉറങ്ങുക. എപ്പോഴും വുളൂഇലായിരിക്കണം. അനിയന്ത്രിതമായാലല്ലാതെ നിദ്രയെ പുണരരുത്. രാത്രിയും പകലും ഇതായിരിക്കണം സ്ഥിതി.

ആഹാരം റൊട്ടിയിലും ഉപ്പിലും പരിമിതപ്പെടുത്തുന്നതാണ് ഉത്തമം. എല്ലാ രാത്രിയും ഇശാഇനു ശേഷം ഒരു റാത്തൽ (സുമാർ 450 ഗ്രാം) ഭക്ഷണം കഴിക്കുക. ഭാഗിച്ചു കഴിക്കണമെങ്കിൽ രണ്ടാക്കി പകുത്ത് രാത്രിയുടെ ആദ്യത്തെ പകുതിയിലും അവസാന പകുതിയിലും കഴിക്കുക. പിന്നീട് പടിപടിയായി അത് ഒരു റാത്തലിന്റെ കാൽഭാഗമാക്കി കുറച്ചുകൊണ്ടുവരിക. കുറഞ്ഞ ഭക്ഷണം ആമാശയത്തെ ഭാരരഹിതമാക്കുന്നതും രാത്രിയെ സജീവമാക്കാൻ സഹായിക്കുന്നതുമാണ്.

അൽപ്പ ഭക്ഷണവും നേരിയ ഉറക്കവും കുറഞ്ഞ സംസാരവും ജനങ്ങളിൽ നിന്ന് അകലം പാലിക്കലുമാണ് സൂഫികളുടെ അടിസ്ഥാന മൂല്യങ്ങളെന്നു ആത്മീയാചാര്യന്മാർ ഏകസ്വരത്തിൽ പറയുന്നു. ഇത്തരം മുഴുവൻ നിബന്ധനകളും പാലിച്ച് ഏകാന്തവാസം അനുഷ്ഠിക്കുകയെന്നത് സൗഭാഗ്യവാന്മാർക്കു മാത്രമേ സാധിക്കുകയുള്ളൂ.



ചരിതം

ബശീർ സഖാഫി വാണിയമ്പലം

# മത്സ്യവയറ്റിലെ പ്രവാചകൻ

എത്ര പ്രബോധനം ചെയ്തിട്ടും ജനത സ്വീകരിക്കാതെ വന്നപ്പോൾ യൂനുസ്നബി(അ) നിരാശനായി. ദേഷ്യത്തോടെ നാടുവിടാൻ തീരുമാനിച്ചു. ഒരു കപ്പലിൽ കയറി യാത്ര തിരിച്ചു. കപ്പൽ സമുദ്രമധ്യത്തിലെത്തിയപ്പോൾ കടൽക്ഷോഭിച്ചു. അമിതഭാരം കാരണം കപ്പൽ മുങ്ങിപ്പോകുമെന്ന അവസ്ഥ വന്നപ്പോൾ യാത്രക്കാരിൽ ഓരോരുത്തരെ കടലിലെറിയാമെന്ന് തീരുമാനിച്ചു. ആരെ ആദ്യം കടലിലെറിയുമെന്നതിൽ ആശയക്കുഴപ്പത്തിലായപ്പോൾ അവർ നറുക്കിടാൻ തീരുമാനിച്ചു. നറുക്ക് വീഴുന്നയാളെ കടലിലെറിയാമെന്നായിരുന്നു തീരുമാനം. ആദ്യമായി നറുക്ക് വീണത് യൂനുസ്നബി(അ)നാണ്.

നബിയെ കടലിലെറിയാതിരിക്കാൻ രണ്ടാമതും മൂന്നാമതും നറുക്കെടുത്തെങ്കിലും യൂനുസ് നബി(അ)ക്കു തന്നെയാണ് നറുക്കു വീണത്. ഗത്യന്തരമില്ലാതെ അവർ യൂനുസ്നബി(അ)യെ കടലിലെറിഞ്ഞു. അല്ലാഹുവിന്റെ അലംഘനീയമായ വിധിയായിരുന്നു അത്.

കടലിലെറിയപ്പെട്ട യൂനുസ് നബി(അ) വലിയൊരു മത്സ്യത്തിന്റെ വായിലകപ്പെട്ടു. അല്ലാഹു ആ മത്സ്യത്തിന് ഇങ്ങനെ നിർദ്ദേശം നൽകി: 'മത്സ്യമേ, അദ്ദേഹത്തിന്റെ ശരീരത്തിലെ മാംസം ഭക്ഷിക്കുകയോ എല്ലുകൾക്ക് കേടുപാടുകൾ വരുത്തുകയോ ചെയ്യരുത്.' അങ്ങനെ മത്സ്യം യൂനുസ്നബി(അ)യെ വയറ്റിൽ വഹിച്ച് കടലിലൂടെ നീന്താൻ തുടങ്ങി.

നബി മത്സ്യവയറ്റിൽ സുജൂദ് ചെയ്തു. അല്ലാഹുവിനെ സ്തുതിച്ചു. ഒരു ളുഹാ സമയത്താണ് മത്സ്യം നബിയെ വിഴുങ്ങിയത്. അന്നു രാത്രി കടൽത്തീരത്ത് പുറംതള്ളി. മത്സ്യവയറ്റിൽ മൂന്നു ദിവസം താമസിച്ചുവെന്ന അഭിപ്രായവുമുണ്ട്.

മത്സ്യവയറ്റിലെ ഇരുട്ടിനു പുറമെ, സമുദ്രാന്തർഭാഗത്തെ ഇരുട്ടും രാത്രിയുടെ ഇരുട്ടും യൂനുസ് നബി(അ)യെ വലയം ചെയ്തു. മത്സ്യങ്ങളുടെ തസ്ബീഹ് കേട്ടപ്പോൾ യൂനുസ്നബി(അ) അല്ലാഹുവിനോട് അതേക്കുറിച്ച് ചോദിച്ചു. മത്സ്യങ്ങളുടെ തസ്ബീഹാണതെന്ന് അല്ലാഹു മറുപടി നൽകി. അപ്പോൾ യൂനുസ്നബി(അ)യും അല്ലാഹുവിന് തസ്ബീഹ് ചൊല്ലാൻ തുടങ്ങി: 'ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ കുൻതു മിനള്ളാലിമീൻ' എന്ന പ്രസിദ്ധമായ തസ്ബീഹാണ് യൂനുസ്നബി(അ) ഉരുവിട്ടത്.

ഈ ശബ്ദം കേട്ട മലക്കുകൾ അല്ലാഹുവിനോട് ചോദിച്ചു: 'അല്ലാഹുവേ, ഞങ്ങൾ സവിശേഷമായ ഒരു തസ്ബീഹ് കേൾക്കുന്നല്ലോ. എന്താണത്?'

അല്ലാഹു മറുപടി നൽകി: 'അത് എന്റെ അടിമയായ യൂനുസിന്റെ ശബ്ദമാണ്. സ്വന്തം ജനതയോട് ദേഷ്യപ്പെട്ട് നാടുവിട്ടപ്പോൾ മത്സ്യവയറ്റിൽ അദ്ദേഹത്തെ ഞാൻ തടവിലാക്കിയിരിക്കുകയാണ്.'

അപ്പോൾ മലക്കുകൾ യൂനുസ്നബി(അ)നു വേണ്ടി അല്ലാഹുവിനോട് ശിപാർശ ചെയ്തു: 'അല്ലാഹുവേ, രാപകലുകൾ സൽകർമ്മങ്ങൾ കൊണ്ട് ധന്യമാക്കുന്ന സദ്വൃത്തനായ അടിമയാണല്ലോ അദ്ദേഹം. അദ്ദേഹത്തിന് മോചനം നൽകണേ!' മലക്കുകളുടെ ശിപാർശ അല്ലാഹു സ്വീകരിച്ചു. യൂനുസ് നബി(അ)യെ മോചിപ്പിക്കാൻ മത്സ്യത്തിന് അല്ലാഹു നിർദ്ദേശം നൽകി. അങ്ങനെ മത്സ്യം നബിയെ കടൽതീരത്ത് പുറന്തള്ളി.

ദുർബലമായ ശരീരവുമായാണ് നബി മത്സ്യവയറ്റിൽ നിന്ന് പുറത്തെത്തിയത്. 'മത്സ്യവയറ്റിൽ വെച്ച് തസ്ബീഹ് ചൊല്ലിയില്ലായിരുന്നെങ്കിൽ അന്ത്യനാൾ വരെ ഞാൻ യൂനുസിനെ മത്സ്യവയറ്റിൽ കിടത്തുമായിരുന്നു' എന്ന് വിശുദ്ധ ഖുർആനിൽ കാണാം. ഏതു പ്രതിസന്ധിഘട്ടത്തിലും രക്ഷപ്പെടാനുള്ള പോംവഴിയാണ് തസ്ബീഹ് എന്ന വലിയ പാഠം ഈ ചരിത്രത്തിൽ നിന്ന് വിശ്വാസികൾക്ക് പഠിക്കാനുണ്ട്.

ലൈഫ്സ്റ്റൈൽ

സൈനുദ്ദീൻ ഇർഫാനി മാണൂർ

# സോഷ്യൽമീഡിയ അതിരുകൾ മറികടക്കരുത്

പുതിയ ലോകത്തിന്റെ പരിച്ഛേദമാണ് സോഷ്യൽമീഡിയ. ആശയവിനിമയം എളുപ്പമാകാൻ, അറിവും അനുഭവവും വർദ്ധിപ്പിക്കാൻ, പുതിയ ആശയങ്ങളുടെ ആകാശങ്ങൾ എത്തിപ്പിടിക്കാൻ, സാമൂഹിക പ്രശ്നങ്ങളിൽ പ്രതികരിക്കാൻ, അതിനുവേണ്ടി കൂട്ടായ്മകൾ രൂപീകരിക്കാൻ തുടങ്ങി ഒട്ടനവധി കാര്യങ്ങൾക്ക് സോഷ്യൽമീഡിയ സഹായകമായിട്ടുണ്ട്. ആനുകാലിക വിഷയങ്ങളിൽ അഭിപ്രായങ്ങളും വിമർശനങ്ങളും തുറന്നു പറയാനും മറ്റുള്ളവരുടെ അഭിപ്രായങ്ങളോട് യോജിക്കാനും വിയോജിക്കാനുമെല്ലാം സോഷ്യൽ മീഡിയ ഉപകാരപ്രദമാണ്.

മനുഷ്യന് ഒഴിവാക്കാനാവാത്ത വിധം ജീവിതത്തിന്റെ സകല മേഖലകളിലും സോഷ്യൽമീഡിയ പിടിമുറുക്കിയിട്ടുണ്ട്. എന്നാൽ, ക്രിയാത്മക മുന്നേറ്റങ്ങൾക്ക് കാരണമാവുന്ന തോടൊപ്പം സോഷ്യൽമീഡിയക്ക് സംഹാരാത്മക മറ്റൊരു വേഷവുമുണ്ട്. വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും വേഗത്തിൽ വ്യാപിക്കാനും കുട്ടികളിലും യുവാക്കളിലും മാനസികസമ്മർദവും അടിമത്തവും സൃഷ്ടിക്കാനും സൈബർ ആക്രമണങ്ങളും ഡിജിറ്റൽ കുറ്റകൃത്യങ്ങളും വർദ്ധിക്കാനുമെല്ലാം സോഷ്യൽ മീഡിയയുടെ രംഗപ്രവേശം കാരണമായിട്ടുണ്ട്.

## ധാർമികതയുടെ അൽഗോരിതങ്ങൾ

മനുഷ്യരാശിയുടെ നിലനിൽപ്പിന്റെയും പുരോഗതിയുടെയും അടിസ്ഥാനശിലയാണ് ധാർമികത. മാനവികമായ ഗുണങ്ങളെ ഉൾക്കൊള്ളുകയും പൈശാചികമായ ദുർഗുണങ്ങളെ നിരാകരിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ യഥാർത്ഥ ലക്ഷ്യത്തിലെത്തിച്ചേരുന്നത്. ശരിയും തെറ്റും തിരിച്ചറിയാനുള്ള വിവേകമാണ് ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും ധാർമികമൂല്യങ്ങൾ തീരുമാനിക്കുന്നത്.

ഖേദകരമെന്നു പറയട്ടെ, സോഷ്യൽമീഡിയയിൽ ധാർമികതക്കും നൈതികതക്കും ഒട്ടും പ്രസക്തിയില്ല. കളിയും വിനോദവും ആനന്ദവും ആഹ്ലാദവുമെല്ലാമാണ് സോഷ്യൽമീഡിയയിൽ പ്രധാനം. ധാർമികബോധമോ മാനവികമൂല്യമോ എവിടെയും ചർച്ചയാകുന്നില്ല. നിരന്തരം കാണുന്ന നെഗറ്റീവ് റീലുകൾ മനുഷ്യമനസ്സുകളിൽ സന്നിവേശിപ്പിക്കുന്ന സാംസ്കാരിക ജീർണ്ണത ആശങ്കാജനകമാണ്. വ്യക്തികളുടെ സ്വകാര്യതയിലേക്ക് കടന്നുകയറുന്ന വാർത്തകൾ യുവതലമുറയുടെ മൂല്യച്യുതിക്ക് കാരണമാകുന്നു. റീലുകളിൽ പലതും അധമസംസ്കാരം പ്രകാശിപ്പിക്കുന്ന വൈകൃതപ്രകടനങ്ങളാണ്. സമൂഹത്തിന്റെ സാംസ്കാരികാവബോധത്തെ വിഷലിപ്തമാക്കുന്ന ചിത്രീകരണങ്ങളാണ് അവയിൽ പലതിലുമുള്ളത്. അവ സമൂഹത്തിന്റെ ധാർമികമൂല്യങ്ങൾ തകർത്തുകൊണ്ടിരിക്കുകയാണ്.

പണവും പദവിയും മാത്രം ലക്ഷ്യമാക്കി ഓടുന്നതിനിടയിൽ മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ പലർക്കും സാധിക്കുന്നില്ല. ധനത്തോടുള്ള ആർത്തി അധർമത്തിന്റെ ഏതറ്റം വരെ പോകാനും മനുഷ്യരെ പ്രേരിപ്പിക്കുന്നു. അതിനുവേണ്ടി സാങ്കേതികവിദ്യയെ ദുരുപയോഗം ചെയ്യുകയാ



ണ് പലരും. എങ്ങനെയെങ്കിലും പണമുണ്ടാക്കുക എന്ന ലക്ഷ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കി മാറ്റുന്നുവെന്നതാണ് യാഥാർത്ഥ്യം.

വൃത്തികേടുകൾ കാണാനും കേൾക്കാനും സാധിക്കുന്ന വിധം മലർക്കെ തുറന്നിട്ട കവാടമാണ് ഡിജിറ്റൽ സൗകര്യം. കലാകാരന്മാർക്കു ധാർമികതയും നൈതികമൂല്യങ്ങളും ആവശ്യമില്ലെന്ന അലിഖിത ധാരണ നിലവിൽ നമ്മുടെ നാട്ടിലുണ്ട് താനും. പല പ്രമുഖ കലാകാരന്മാരും കലാരംഗത്ത് പ്രസിദ്ധരും അരാജക ജീവിതത്തിൽ കുപ്രസിദ്ധരുമാണ്. കലയുടെ ആവിഷ്കാര സ്വാതന്ത്ര്യം നൈതികതയുടെ പരിധിക്കു പുറത്താണെന്ന അവകാശവാദം മാത്രമാണവരുടേത്.

ഭാവനയുടെ മേച്ചിൽപുറങ്ങളിൽ വിഹരിക്കുന്ന കലാകാരന്മാരുടെ ധാർമികത തൊട്ടുതീണ്ടിയിട്ടില്ലാത്ത ജീവിതം സമൂഹത്തിന് വലിയ ദുരന്തമാണ് സമ്മാനിക്കുന്നത്. ധാർമികതയില്ലാതാകുന്നതിന്റെ ഫലമായി സമൂഹത്തിൽ അഴിമതി, അക്രമങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, സ്ത്രീപീഡനം, കൊലപാതകം പോലുള്ളവ ക്രമാതീതമായി വർധിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ, കല ഉദാത്തമാകുന്നത് ധാർമികതയിലധിഷ്ഠിതമാകുമ്പോൾ മാത്രമാണ്.

## മൂല്യച്യുതിയുടെ നേർസാക്ഷ്യങ്ങൾ

സോഷ്യൽമീഡിയ സജീവമായപ്പോൾ സംഹാരാത്മക വാർത്തകൾ പ്രസക്തവും നിർമ്മാണാത്മക വാർത്തകൾ അപ്രസക്തവുമായി മാറിട്ടുണ്ട്. നെഗറ്റീവ് വാർത്തകൾ നിരന്തരം കണ്ടും കേട്ടും മനസ്സ് മരവിച്ച അവസ്ഥയിലാണിപ്പോൾ മലയാളികളുള്ളത്. അതിദാരുണമായ വാർത്തകൾ കേട്ടാൽ പോലും ഞെട്ടാത്ത സാഹചര്യത്തിലേക്ക് മലയാളികളുടെ മനസ്സാക്ഷി മാറിക്കഴിഞ്ഞിരിക്കുന്നു. സമൂഹമനസ്സാക്ഷിയെ നടുക്കുന്ന വാർത്തകളാണ് ദിനം പ്രതി പുറത്തു വന്നു കൊണ്ടിരിക്കുന്നത്.

## ഡിജിറ്റൽകാലവും കുട്ടികളും

മരുന്ന് കഴിക്കാൻവേണ്ടി കുട്ടികൾക്ക് അല്പം മധുരം നൽകുന്നതു പോലെ ഭക്ഷണം കഴിക്കാൻ വേണ്ടി ഫോൺ നൽകുന്ന അവസ്ഥയിൽ നിന്നാണ് കുട്ടികളുടെ ഭാവി ഇരുട്ട് നിറഞ്ഞതാകുന്നത്. ചില ഗെയിമുകൾക്കും കഥാപാത്രങ്ങൾക്കും കുട്ടികൾ പൂർണ്ണമായും അഡിക്റ്റായി മാറുന്ന കാഴ്ചയാണ് നാം ദൈനംദിനം കണ്ടുകൊണ്ടിരിക്കുന്നത്. ഡിജിറ്റൽ യുഗത്തിൽ ബാല്യം നഷ്ടപ്പെടുന്ന കുട്ടികളാണുള്ളത്. രാജ്യത്തെ സ്കൂൾ വിദ്യാർത്ഥികളിൽ 70 ശതമാനവും പഠനാവശ്യങ്ങൾക്കല്ലാതെ മൊബൈൽ ഫോണിൽ ദിവസവും രണ്ട് മണിക്കൂർ ചെലവഴിക്കുന്നുവെന്നാണ് നാഷണൽ കൗൺസിൽ ഓഫ് സിബിഎസ്ഇ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. 21 ശതമാനം വിദ്യാർത്ഥികൾ ദിനേന നാലുമണിക്കൂർ ഗെയിം പ്ലാറ്റ്ഫോമുകളിലും സമൂഹ മാധ്യമങ്ങളിലും ചെലവഴിക്കുന്നുമുണ്ടത്രെ.

മൊബൈൽ സ്ക്രീനുകൾ ഒരേ വീട്ടിൽ കഴിയുന്നവർക്കിടയിൽ തന്നെ മതിലുകൾ സൃഷ്ടിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സുഹൃത്തുക്കളോടൊപ്പം കളിച്ചും സംവദിച്ചും ധാർമിക മൂല്യങ്ങൾ അനുഭവിച്ചും വളർന്നിരുന്ന കുട്ടികൾ ഇന്ന് ഡിജിറ്റൽ മേഖലയുടെ വലയിലാണുള്ളത്. സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നുമാണ് കുട്ടികളുടെ ഡിജിറ്റൽ ശീലങ്ങൾ കടന്നുവരുന്നത്.

സോഷ്യൽമീഡിയ ഉപയോഗം മാനസികാരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ഹാർവഡ് യൂണിവേഴ്സിറ്റിയുടെ പുതിയ പഠനമനുസരിച്ച് ആസക്തിയുണ്ടാക്കുന്ന പദാർത്ഥങ്ങൾ തലച്ചോറിനെ എങ്ങനെയാണോ ബാധിക്കുന്നത്, അതേ രൂപത്തിൽ സോഷ്യൽ മീഡിയ നമ്മുടെ തലച്ചോറിനെയും ബാധിക്കുന്നുണ്ട്.

നേരത്തെ രാഷ്ട്രീയ കൊലപാതകങ്ങളാണ് വാർത്തകളിൽ കൂടുതൽ നിറഞ്ഞു നിന്നിരുന്നതെങ്കിൽ ഇന്ന് കുടുംബത്തിലെയും സൗഹൃദങ്ങളിലെയും ചെറിയ തർക്കങ്ങളും തുടർന്നുണ്ടാകുന്ന കൊലകളുമായി അത് മാറിയിട്ടുണ്ട്. ഇവ വെറുമൊരു ക്രമസമാധാന പ്രശ്നമല്ല, നമ്മുടെ സാംസ്കാരിക തകർച്ചയെ കൂടിയാണ് സൂചിപ്പിക്കുന്നത്.

പല കൊലകളും അപ്രതീക്ഷിത സംഭവങ്ങളായാണ് നടക്കുന്നത്. പഴയകാലത്ത് ആസൂത്രിത കൊലപാതകങ്ങളായിരുന്നു കൂടുതൽ. ഇപ്പോൾ പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെത്തുടർന്ന് സംഭവിക്കുന്നവയാണ് കൂടുതലുള്ളത്. ചെറിയ തർക്കങ്ങളും സംശയവും നൈമിഷിക കോപവുമാണ് പലപ്പോഴും ജീവൻ നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത്.

## ഡിജിറ്റൽ സാക്ഷരത

നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കിടയിൽ ഡിജിറ്റൽ സാക്ഷരതയിൽ വലിയ മുന്നേറ്റമുണ്ടായിട്ടുണ്ടെന്ന് കേന്ദ്ര ആരോഗ്യവകുപ്പിന്റെ പുതിയ കുടുംബാരോഗ്യ സർവേ വെളിപ്പെടുത്തുന്നുണ്ട്. 2019–21 വർഷത്തിൽ 33 ശതമാനമായിരുന്ന സ്ത്രീകളുടെ ഇന്റർനെറ്റ്, ഡിജിറ്റൽ സാക്ഷരത 2023–24 വർഷത്തിൽ 64 ശതമാനമായി വളർന്നിട്ടുണ്ട്. സാങ്കേതികവിദ്യ മനുഷ്യർക്കിടയിൽ അകലം കുറച്ചുവെന്ന് അവകാശപ്പെടുമ്പോഴും കുടുംബങ്ങൾക്കും സാമൂഹിക ബന്ധങ്ങൾക്കുമിടയിൽ വലിയ അകൽച്ചയുണ്ടായിട്ടുണ്ടെന്ന് പറയാതെ വയ്യ. വെർച്ച്വൽ ലോകത്തെ ബന്ധങ്ങൾക്കു വേണ്ടി യഥാർത്ഥ ബന്ധങ്ങളെ ബലികഴിക്കുന്ന പ്രവണതയും പുതിയകാലത്ത് കൂടുതലായി കാ

**മാധ്യമങ്ങളുടെ ഉപയോഗം ഇന്നത്തെ തല മുറയ്ക്ക് അനിവാര്യമായതുകൊണ്ടു തന്നെ ഇന്റർനെറ്റ് ഉപയോഗിക്കരുതെന്നോ ഡിജിറ്റൽ ലോകത്ത് ഉണ്ടാകരുതെന്നോ പറയാൻ സാധ്യ മല്ല. എന്നാൽ, സൈബർ മര്യാദകൾ പാലിച്ചും സ്വകാര്യത മാനിച്ചും അശ്ലീലങ്ങളിൽ നിന്നും മാ നവികവിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്നും അകന്നും സോഷ്യൽമീഡിയയെ ക്രിയാത്മകമാ യി ഉപയോഗിക്കുകയാണ് നാം ചെയ്യേണ്ടത്.**

ണുന്നുണ്ട്. സ്ത്രീകൾക്കുണ്ടായ ഡിജിറ്റൽ അഡിക്ഷൻ കുടുംബ ബന്ധങ്ങളിൽ കാര്യമായ കരിനി ഴൽ വീഴ്ത്തിയിട്ടുണ്ട്. ഡിജിറ്റൽ സാക്ഷരത കൈവന്നതോടെ വ്യക്തിബന്ധങ്ങൾ വികസിച്ചു. പലരും ജീവിതപങ്കാളിയോടൊ പ്പം ചെലവഴിക്കുന്നതിനെക്കാൾ കൂടുതൽ സമയം ഫോണിലും സോഷ്യൽമീഡിയയിലും ചെല വഴിക്കുന്ന സ്ഥിതിവിശേഷവും നിലവിൽ വന്നു.

എളുപ്പത്തിൽ ലഭ്യമാകുന്ന ഡേറ്റിംഗ് ആപ്പുകൾ വഴി പങ്കാളി അറിയാതെ പുതിയ ബന്ധങ്ങൾ വളരുകയും അത് വിവാഹമോ ചനത്തിലെത്തുകയും ചെയ്യുന്ന പ്രവണത പുതിയകാലത്ത് വർദ്ധിച്ചു വരികയാണ്. തന്മൂ ലം മാതൃത്വത്തിന്റെ പരിപാവന ഉത്തരവാദിത്വത്തിൽ നിന്നും ശി ശുപരിപാലനമെന്ന പ്രധാന ദൗ ത്യത്തിൽ നിന്നും സ്ത്രീകളുടെ ശ്രദ്ധ മാറുന്നു.

## ജാഗ്രത വേണം

മാധ്യമങ്ങളുടെ ഉപയോഗം ഇന്നത്തെ തലമുറയ്ക്ക് അനിവാ ര്യമായതുകൊണ്ടു തന്നെ ഇന്റർ നെറ്റ് ഉപയോഗിക്കരുതെന്നോ ഡിജിറ്റൽ ലോകത്ത് ഉണ്ടാകരു തെന്നോ പറയാൻ സാധ്യമല്ല. എന്നാൽ, ഡിജിറ്റൽ സൗകര്യങ്ങ ളെ ഇരുതല മൂർച്ചയുള്ള വാൾ പോലെ കൈകാര്യം ചെയ്യേണ്ട തുണ്ട്. സൈബർ മര്യാദകൾ പാലിച്ചും സ്വകാര്യത മാനിച്ചും അശ്ലീലങ്ങളിൽ നിന്നും മാനവിക വിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്നും അകന്നും സോഷ്യൽമീ ഡിയയെ ക്രിയാത്മകമായി ഉപ യോഗിക്കുകയാണ് നാം ചെയ്യേ ണ്ടത്.

വിശ്വാസിയെ സംബന്ധിച്ചിട ത്തോളം ജീവിതത്തിന്റെ എല്ലാ തുറകളിലും ധാർമികമൂല്യങ്ങൾ മുറുകെ പിടിക്കൽ അനിവാര്യ മാണ്. മനുഷ്യൻ ഉയരങ്ങൾ കീഴടക്കിയാലും ധാർമികത യെന്ന അടിത്തറയില്ലെങ്കിൽ ആ നേട്ടങ്ങൾകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഈ വിവേകം ഉള്ളിലുണ്ടാകുമ്പോഴാണ് നമ്മു ടെ ജീവിതം മനോഹരമാകുന്നത്. കുടുംബത്തിലും സമൂഹത്തിലും ജീവിതത്തിന്റെ നിഖിലമേഖലക ളിലും സ്രഷ്ടാവിന്റെ നിയമങ്ങൾ പാലിക്കാൻ വിശ്വാസി തയ്യാറാ വണം. ഒരു സാഹചര്യത്തിലും അതിനെ മറികടക്കാൻ മുതിരരു ത്. സ്രഷ്ടാവിന്റെ അതിർവരമ്പു കൾ ലംഘിച്ചുള്ള ജീവിതം വി നാശകരമായ പര്യവസാനമാണ് സമ്മാനിക്കുക. നബി(സ) പറയു ന്നു: 'അല്ലാഹുവിന്റെ അതിർവര മ്പുകളിൽ നിലകൊള്ളുന്നവനും അവയെ ലംഘിക്കുന്നവനുമുള്ള ഉപമ ഒരു കപ്പലിൽ നറുക്കെടു പ്പ് നടത്തിയ യാത്രക്കാരെപ്പോ ലെയാണ്. അവരിൽ ചിലർക്ക് മുകൾഭാഗവും മറ്റുചിലർക്ക് താ ഴ്ഭാഗവും ലഭിച്ചു. താഴ്ഭാഗത്തു ള്ളവർ വെള്ളത്തിന് ആവശ്യം വരുമ്പോൾ മുകളിലുള്ളവരുടെ അടുത്തുകൂടെ പോകേണ്ടതു ണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞു: 'താഴ്ഭാഗത്ത് ഒരു ദ്വാര മുണ്ടാക്കിയാൽ മുകളിലുള്ളവരെ നമുക്ക് പ്രയാസപ്പെടുത്തേണ്ടതി ല്ലല്ലോ?' അവരുടെ ഉദ്ദേശ്യം പോ ലെ അവർ ചെയ്തുകൊള്ളട്ടെ എന്നു ചിന്തിച്ച് മുകളിലുള്ളവർ താഴെയുള്ളവരെ അവഗണിച്ചാൽ അവരെല്ലാം ഒരുമിച്ച് നശിക്കും. എന്നാൽ മുകളിലുള്ളവർ താഴെ യുള്ളവരെ അതിൽനിന്ന് തട ഞ്ഞാൽ എല്ലാവരും രക്ഷപ്പെടും.' (ബുഖാരി:2493)

അല്ലാഹുവിന്റെ വിധിവില ക്കുകൾ ജീവിതത്തിൽ പാലി ക്കുകയും, അല്ലാഹുവിന്റെ കൽപ്പനകൾ നിറവേറ്റുകയും, നന്മ കൽപ്പിക്കുകയും തിന്മ വി രോധിക്കുകയും ചെയ്യുന്നവരുടെ ഉപമയാണ് പ്രസ്തുത ഹദീസിൽ തിരുനബി(സ) വിശദീകരിച്ചത്. സാമൂഹിക തിന്മകൾ വിപാടനം ചെയ്യുന്നതിനുള്ള മനഃശാസ്ത്ര പരമായ പരിഹാരമാണ് തിരുന ബി(സ) ഈ ഹദീസിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

ധാർമികബോധത്തിന്റെ ഉദാ ത്തശീലങ്ങൾ വിശുദ്ധ ഖുർആ നിലുടനീളം അല്ലാഹു നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്: 'തീർച്ച യായും, അല്ലാഹു കൽപിക്കുന്ന ത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമു ള്ളവർക്ക് സഹായം നൽകുവാനു മാണ്. നീചവൃത്തിയിൽനിന്നും ദുരാചാരത്തിൽനിന്നും അതിക്ര മത്തിൽ നിന്നുമാണ് അവൻ വി ലക്കുന്നത്.'(16:90), 'നല്ലതും ചീ ത്തയും സമമാവുകയില്ല. ഏറ്റവും നല്ലതു കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക.' (41:34).

എല്ലാ തരത്തിലുമുള്ള അശ്ലീ ലതകളെയും മ്ലേച്ഛവൃത്തികളെ യും ഇസ്‌ലാം നഖശിഖാന്തം എതിർക്കുന്നു. അവ പൈശാ ചികമാണെന്നും സകലമാന ദുഷ്പ്രവർത്തനങ്ങളിൽ നിന്നും അകന്നുനിൽക്കാൻ തയ്യാറാക ണമെന്നും സ്രഷ്ടാവ് ഉണർത്തു ന്നു. 'പിശാചിന്റെ കാൽപ്പാടുകളെ നിങ്ങൾ പിന്തുടരാതിരിക്കുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാണ്. ദുഷ്കർമ ങ്ങളിലും നീചവൃത്തികളിലും ഏർപ്പെടുവാനും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാ ത്തത് പറഞ്ഞുണ്ടാക്കുവാനുമാ ണ് അവൻ നിങ്ങളോട് കൽപി ക്കുന്നത്.' (2:168,169)



ആത്മികം

ഹന്ന റാഫിഅ കാവുംപുറം

# നിയ്യത്തിന്റെ സൗന്ദര്യം

നുഅ്മാനു ബശീർ(റ) നിവേദനം ചെയ്ത, ആത്മസംസ്കരണത്തിന്റെ ആഴം തൊടുന്ന ഒരു ഹദീസ്വാക്യം: 'ശരീരത്തിലെ ഒരു മാംസപിണ്ഡം, അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് മലിനമായാലോ, ശരീരം മുഴുവൻ ദുഷിച്ചു. അതാണ് ഹൃദയം.' മനുഷ്യരുടെ ചിന്തകളും കർമങ്ങളും കാഴ്ചയും കേൾവിയും വാക്കുകളും തുടങ്ങി എല്ലാം ഹൃദയകേന്ദ്രിതമാണ്. സഹിഷ്ണുതയും കാരുണ്യവും പരസ്പരസ്നേഹവുമെല്ലാം ഹൃദയബന്ധിതമാണ്. ഇവ മനുഷ്യന്റെ ആത്മീയശ്വാസമായാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്നത്.

പരോപകാരം ചെയ്യുമ്പോൾ അത് മറ്റുള്ളവരിൽ നിന്ന് ഒളിപ്പിച്ചുവെക്കാൻ കഴിഞ്ഞിടത്താണല്ലോ മുൻഗാമികളുടെ വിജയം. രാത്രിയുടെ നിശ്ശബ്ദതയിൽ ഉമർ(റ) സാക്ഷിയായ ഒരു രംഗം ഹദീസിൽ കാണാം. ഉറ്റവരാരുമില്ലാത്ത പ്രായംചെന്ന ഒരു വിധവയുടെ കുടിലിലേക്ക് ഒരാൾ പാതിരാത്രി നേരത്ത് കയറിപ്പോകുന്നു. അവശ്യമായ ഭക്ഷണവും സഹായങ്ങളും നൽകി, വസ്ത്രങ്ങൾ വൃത്തിയാക്കി ഇരുട്ടിലേക്ക് മറയുന്നു. ഖലീഫ അബൂബക്ർ സിദ്ദീഖ്(റ) ആണതെന്ന് തിരിച്ചറിഞ്ഞപ്പോൾ ഉമർ(റ) അത്ഭുതപ്പെട്ടുപോയി. തനിക്ക് സേവനം ചെയ്യുന്ന അപരിചിതൻ ഖലീഫയാണെന്ന് ആ വയോവൃദ്ധക്കും അറിയില്ലായിരുന്നു. വലതുകൈ കൊടുക്കുന്നത് ഇടതുകൈ അറിയരുതെന്നാണല്ലോ തിരുമൊഴി.

പ്രവാചകരിൽ നിന്ന് ഏറ്റവും കൂടുതൽ ഹദീസുകൾ പകർന്നുതന്നത് അബൂഹുറയ്റ(റ) വാണല്ലോ. അബ്ദുറഹ്മാനുബ്നു സ്വഖ്‌രി എന്നാണ് മഹാന്റെ പൂർണനാമം. 'പൂച്ചകളുടെ പിതാവ്' എന്ന പേരുവന്നത് സഹജീവിയോടുള്ള അദ്ദേഹത്തിന്റെ ഹൃദ്യമായ സഹവാസത്താലായിരുന്നല്ലോ. അബൂഹുറയ്റ(റ) നിവേദനം ചെയ്ത ഒരു ഹദീസ്, ഇമാം മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചിട്ടുണ്ട്: 'തീർച്ച, അല്ലാഹു നിങ്ങളുടെ രൂപങ്ങളിലേക്കോ ഭാവങ്ങളിലേക്കോ നോക്കുന്നില്ല; നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവൃത്തികളിലേക്കുമാണവന്റെ നോട്ടം.' ഈ ഹദീസിലുണ്ട് നിവേദകന്റെ ജീവിതം. നിയ്യത്താണ് മുഖ്യമെന്നു സാരം. പ്രദർശനപരതയുടെ കാലത്തോടാണ് ഈ ഹദീസ് സംവദിക്കുന്നത്. സോഷ്യൽമീഡിയ സ്റ്റാറ്റസുകളിലൂടെയും റീലുകളിലൂടെയും മറ്റുമുള്ള എല്ലാവിധ പ്രദർശനപരതകളെയും ഈ തിരുവചനം പ്രതിരോധിക്കുന്നു. 'നിയ്യത്തുകൾ കൊണ്ടുമാത്രമാണ് കർമ്മങ്ങൾ' എന്നു സാരമുള്ള ഹദീസ് കർമങ്ങളുടെ മർമ്മം നിയ്യത്താണെന്ന് ബോധ്യപ്പെടുത്തുന്നു. ലോകമാന്യത്തിന്റെ (രിയാഅ്) കരി പുരണ്ട ഒന്നും അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നത് എത്രമേൽ ഗൗരവതരമാണെന്ന് ചിന്തിക്കാമല്ലോ. നിദ്ര പോലും നിയ്യത്തുകൊണ്ട് ഇലാഹീപ്രീതിയിലാക്കാമെന്ന ഒരു ആന്തരികാർത്ഥം കൂടിയുണ്ട് ഈ ഹദീസിന്.

ഹൃദയവിശുദ്ധിക്ക് ശൈഖ് സൈനുദ്ദീൻ മഖ്ദൂം(റ) 'അദ്കിയാ'യിൽ നിർദേശിക്കുന്ന അഞ്ചു കാര്യങ്ങൾ നോക്കൂ: അർത്ഥമറിഞ്ഞുള്ള ഖുർആൻ പാരായണം, മിതഭോജനം, രാത്രിനിസ്കാരം, അത്താഴനേരത്തെ പ്രാർത്ഥന, സദ്‌വൃത്തരോടു സഹവാസം.

ബാഹ്യഭംഗിക്കും ചമയങ്ങൾക്കുമപ്പുറം അകം ശുദ്ധീകരിക്കുമ്പോഴാണ് ആത്മീയജീവിതം സഫലമാകുന്നത്. അസൂയ, അഹങ്കാരം, ലോകമാന്യം, മ്ലേച്ഛവികാരം തുടങ്ങിയ ദുർഗുണങ്ങൾ ഹൃദയത്തെ വരിഞ്ഞുമുറുക്കരുതെന്ന് സയ്യിദ് അലവി തങ്ങൾ ഓർമപ്പെടുത്തുന്നുണ്ട്. ഹൃദയത്തിന്റെ വിശുദ്ധി നിലനിർത്താൻ ഇന്ദ്രിയങ്ങളെ അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണമെന്നാണ് മഹാന്മാരുടെ നിർദ്ദേശം. നിരന്തരമായ പശ്ചാത്താപവും (തൗബ) ലൗകിക ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ചുള്ള ഓർമയുമാണ് ഹൃദയത്തിന് ജീവൻ നൽകുന്നതെന്നാണ് സൂഫീവചനം.

ചോദ്യോത്തരം/ ഹനഫി

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# പെൺകുട്ടികളുടെ പ്രായപൂർത്തി

***ചോദ്യം: ജീലാനിദിനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശൈഖ് ജീലാനി(റ)വിന്റെ ജനനമോ? വഫാത്തോ?***
***സ്വലാഹുദ്ദീൻ അജ്മാൻ***

**ഉത്തരം:** ശൈഖ് അബ്ദുൽഖാദിരിൽ ജീലാനി(റ)വിന്റെ ജനനവും വഫാത്തും റബീഉൽആഖിർ പതിനൊന്നിനായിരുന്നു എന്നാണ് പ്രബലാഭിപ്രായം. ആയതിനാൽ ജീലാനിദിനം എന്നതുകൊണ്ട് രണ്ടും ഉദ്ദേശിക്കാം. ജനനം റബീഉൽആഖിർ പതിനൊന്നിനായിരുന്നു എന്ന് ഇബ്നുൽജൗസി(റ) അൽമുൻതളിം എന്ന ഗ്രന്ഥത്തിൽ (10/219) പരാമർശിച്ചിട്ടുണ്ട്. ഡോ. അബ്ദുൽറസ്സാഖിൽ കീലാനി രചിച്ച ശൈഖ് അബ്ദുൽഖാദിരിൽ ജീലാനി(റ) എന്ന ഗ്രന്ഥത്തിൽ (പേ.265) വഫാത്ത് റബീഉൽആഖിർ പതിനൊന്നിനായിരുന്നു എന്നതാണ് പ്രബലാഭിപ്രായമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആണ്ടുപരിപാടികൾ നടത്തുന്നത് വഫാത്ത് ദിവസം പരിഗണിച്ചാണ്. വിശുദ്ധ ഖുർആൻ പാരായണവും ദാനധർമ്മങ്ങളും മറ്റു സൽകർമ്മങ്ങളും ചെയ്ത് അതിന്റെ പ്രതിഫലത്തിനു സമാനമായത് മരണപ്പെട്ടവർക്കു വേണ്ടി ഹദ്‌യ ചെയ്യലാണല്ലോ ആണ്ടു പരിപാടികളിൽ പ്രധാനം. സൽകർമ്മങ്ങളുടെ പ്രതിഫലങ്ങൾ കൃത്യമായി ലഭിക്കുന്നത് വഫാത്തിനു ശേഷമാണല്ലോ. ഈ യോജിപ്പിനെ അടിസ്ഥാനപ്പെടുത്തിയാണ് ആണ്ടു പരിപാടികൾ വഫാത്ത് ദിവസത്തെ പരിഗണിച്ച് നടത്തുന്നത്.

***ചോദ്യം: ശൈഖ് ജീലാനി(റ) ഏത് മദ്ഹബുകാരനായിരുന്നു?***
***സിയാദ്, ദുബൈ***

**ഉത്തരം:** ശൈഖ് അബ്ദുൽ ഖാദിരിൽ ജീലാനി(റ) ശാഫിഈ, ഹമ്പലീ മദ്ഹബുകളിലെ പണ്ഡിതന്മാരുടെ നേതാവായിരുന്നു എന്ന് ഇമാം നവവി(റ)വിനെ ഉദ്ധരിച്ചുകൊണ്ട് ഖലാഇദുൽ ജവാഹിറിൽ (പേ. 137) രേഖപ്പെടുത്തിയിട്ടുണ്ട്. ശൈഖ് ജീലാനി(റ) ആദ്യം ശാഫിഈ മദ്ഹബുകാരനും പിന്നീട് ഹമ്പലീ മദ്ഹബ്കാരനുമായിരുന്നു എന്ന് സ്വദഖത്തുല്ലാഹിൽ ഖാഹിരീ(റ) ഖുത്വബിയ്യത്ത് ബൈത്തിൽ പറഞ്ഞിട്ടുണ്ട്.

***ചോദ്യം: പെൺകുട്ടിക്ക് പതിനഞ്ച് വയസ്സ് കഴിഞ്ഞിട്ടും പ്രായപൂർത്തിയായിട്ടില്ലെങ്കിൽ അവൾ കുട്ടിയുടെ ഹുക്മിലാണോ യുവതിയുടെ ഹുക്മിലാണോ?***
***സ്വാലിഹ ജലാൽ കാഞ്ഞിരപ്പള്ളി***

**ഉത്തരം:** മെൻസസ് ഉണ്ടാവുക, ഗർഭം ധരിക്കുക തുടങ്ങിയ കാര്യങ്ങൾ പതിനഞ്ചു വയസ്സു വരെ ഉണ്ടായിട്ടില്ലെങ്കിൽ പതിനഞ്ച് വയസ്സ് പൂർത്തിയായതു മുതൽ പ്രായപൂർത്തി എത്തിയതായി ഗണിക്കപ്പെടുമെന്നതാണ് പ്രബലാഭിപ്രായം. (ശറഹുൽ വിഖായ 7/14)

***ചോദ്യം: സ്ത്രീകൾ ഭംഗിക്കായി ഒരേ വിഭാഗത്തിലുള്ള ഒന്നിലധികം ആഭരണങ്ങൾ ധരിക്കുന്നതിൽ തെറ്റുണ്ടോ?***
***നാസ്വിറ നാസർ, കൽപ്പറ്റ***

**ഉത്തരം:** ഇല്ല. സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ധരിക്കൽ സ്ത്രീകൾക്ക് നിരുപാധികം അനുവദനീയമാണ്. (അൽലുബാബ് പേ. 698)

***ചോദ്യം: കഫം ഇറക്കിയാൽ നോമ്പ് മുറിയുമോ?***
***മുഹമ്മദ് ഇസ്മാഈൽ, പയ്യനാട്***

**ഉത്തരം:** ഇല്ല. (റദ്ദുൽ മുഹ്താർ 3/333)

***ചോദ്യം: അവയവം ദാനം ചെയ്യുന്നതിന്റെ വിധിയെന്താണ്?***
***ജലാലുദ്ദീൻ, പാമ്പനാർ***

**ഉത്തരം:** അനുവദനീയമല്ല. മനുഷ്യന്റെ ശരീരഭാഗങ്ങൾ ഒരു ആവശ്യത്തിനും ഉപയോഗപ്പെടുത്തൽ അനുവദനീയമല്ല. (അൽ ഫതാവാൽഹിന്ദിയ്യഃ 5/354) ഭക്ഷണം ലഭിക്കാതെ വിശപ്പ് കാരണം മരണപ്പെട്ടുപോകുമോ എന്ന് ഭയക്കുന്ന അവസ്ഥയിലുള്ള ഒരാളോട് മറ്റൊരാൾ 'എന്റെ കൈയോ ശരീരത്തിന്റെ ഏതെങ്കിലും ഭാഗമോ നീ മുറിച്ചെടുത്ത് തിന്നുക' എന്നു പറയലും കേട്ടയാൾക്കങ്ങനെ ചെയ്യലും അനുവദനീയമല്ല. സ്വന്തം ശരീരത്തിന്റെ ഒരു ഭാഗം മുറിച്ചെടുത്ത് ഭക്ഷിക്കലും അനുവദനീയമല്ല. (ഫതാവാ ഖാളീഖാൻ 4/365) ഒരവയവം മറ്റൊരാൾക്ക് ദാനം ചെയ്യുന്നതോ അത് സ്വീകരിക്കുന്നതോ സ്വന്തം ശരീരത്തിന്റെ ഒരു ഭാഗം മുറിച്ചെടുത്ത് മറ്റൊരു ഭാഗത്ത് വെച്ചുപിടിപ്പിക്കുന്നതോ അനുവദനീയമല്ലെന്ന് ഇമാം ഖാളീഖാൻ(റ)വിന്റെ ഈ ഫത്‌വയിൽ നിന്ന് വ്യക്തമാണ്.

***ചോദ്യം: ആർത്തവരക്തം നിലച്ചതിനു (നിശ്ചിത ദിവസത്തിനു) ശേഷം കുളിക്കാതെ ഭാര്യയുമായി ശാരീരികബന്ധത്തിൽ ഏർപ്പെടുന്നത് കുറ്റകരമാണോ?***
***ജലാലുദ്ദീൻ, ഒറ്റമംഗലം***

**ഉത്തരം:** പത്തിൽ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ ആർത്തവരക്തം നിലച്ചാൽ ആ സ്ത്രീ കുളിക്കുന്നതിനു മുമ്പോ ഒരു ഫർള് നിസ്കാരത്തിന്റെ സമയം കഴിയുന്നതിനുമുമ്പോ ലൈംഗികബന്ധം പുലർത്താൻ പാടില്ല. എന്നാൽ, ആർത്തവം പൂർണ്ണമായ പത്ത് ദിവസം നിലനിൽക്കുകയും പത്തു ദിവസം പൂർത്തിയാകുന്നതോടുകൂടി രക്തം നിലയ്ക്കുകയും ചെയ്താൽ അവൾ കുളിക്കുന്നതിനു മുമ്പ് ശാരീരികബന്ധം പുലർത്തുന്നത് അനുവദനീയമാണ്. (അൽജൗഹറത്തുന്നയ്യിറഃ 1/37,38)

***ചോദ്യം: യാത്രക്കാരന് നിസ്കാരം ജംആക്കാവുന്ന ഏതെങ്കിലും സമയമുണ്ടോ?***
***സീനത്ത് റഷീദ്, പട്ടിമറ്റം***

ഉത്തരം: ഇല്ല. അറഫയിലും മുസ്ദലിഫയിലും ഒഴികെ യാത്രയിലോ നാട്ടിലോ ഒരു കാരണത്താലും രണ്ട് നിസ്കാരം ജംആക്കൽ അനുവദനീയമല്ല. (അൽഫതാവാൽ ഹിന്ദിയ്യ 1/52)

ആരോഗ്യം

# ഉറക്കക്കുറവിന്റെ 5 ലക്ഷണങ്ങൾ

ആരോഗ്യത്തിന്റെ സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ ഉറക്കത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. ആവശ്യമായ വിശ്രമം ലഭിക്കാതെ വരുമ്പോൾ ശരീരം കാണിച്ചു തുടങ്ങു ന്ന പ്രധാനപ്പെട്ട ചില ലക്ഷണങ്ങൾ ശ്രദ്ധിക്കാം:

**▸▸ ദിവസം മുഴുവൻ ക്ഷീണം**

വിട്ടുമാറാത്ത ക്ഷീണം ഉറക്കമില്ലായ്മയുടെ പ്രധാന ലക്ഷണങ്ങളിലൊന്നാണ്. രാത്രി മുഴുവൻ ഉറങ്ങിയാലും രാവിലെ ഉണരുമ്പോൾ ക്ഷീണമുണ്ടെങ്കിൽ, ഗുണനിലവാരമുള്ള ഉറക്കം ലഭിക്കുന്നില്ലെന്നാണർത്ഥം. ഇടയ്ക്കിടെയുള്ള കോട്ടുവായ്, കൺപോളകൾക്ക് ഭാരം എന്നിവ ഇതിന്റെ പ്രഥമലക്ഷണങ്ങളാണ്.

**▸▸ ശ്രദ്ധക്കുറവ്**

ആവശ്യത്തിന് ഉറക്കം ലഭിക്കാതെ വരുമ്പോൾ, ജാഗ്രതയോടെയിരിക്കാൻ മസ്തിഷ്കം ബുദ്ധിമുട്ടുന്നു. ഉറക്കക്കുറവ് അനുഭവിക്കുന്നവർക്ക് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും വിവരങ്ങൾ ഓർമ്മിച്ചുവെക്കാനും ലളിതമായ ജോലികൾ ചെയ്യാനും പ്രയാസമായിരിക്കും. ഓർമ്മക്കുറവും പ്രതികരണശേഷി മന്ദഗതിയിലാകുന്നതും ഇതിന്റെ ഭാഗമാണ്.

**▸▸ പെട്ടെന്നുള്ള ദേഷ്യം**

ഉറക്കമില്ലായ്മയുടെ മറ്റൊരു പ്രധാന പാർശ്വഫലമാണ് മാനസികനിലയിലുണ്ടാകുന്ന മാറ്റങ്ങൾ. നിസ്സാരകാര്യങ്ങൾ പോലും മനസ്സിൽ കൂടുതൽ അസ്വസ്ഥതയുണ്ടാക്കിയേക്കാം. ഉറക്കക്കുറവ് മൂലം ദേഷ്യം, ഉത്കണ്ഠ, മാനസിക സമ്മർദ്ദം എന്നിവ വർദ്ധിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

**▸▸ ജങ്ക് ഫുഡിനോട് ആസക്തി**

ഉറക്കം വിശപ്പിനെ നിയന്ത്രിക്കുന്ന ഹോർമോണുകളെ ബാധിക്കുന്നു. ആവശ്യത്തിന് ഉറങ്ങിയില്ലെങ്കിൽ, വിശപ്പ് തോന്നിക്കുന്ന സൂചനകൾ ശരീരം കൂടുതലായി നൽകിത്തുടങ്ങും. ഉറക്കക്കുറവുള്ളവർക്ക് പകൽസമയത്ത് മധുരപലഹാരങ്ങൾ, ഉപ്പുള്ള ഭക്ഷണങ്ങൾ, എളുപ്പത്തിൽ ഊർജ്ജം നൽകുന്ന ആഹാരങ്ങൾ കഴിക്കാൻ തോന്നുന്നതിന്റെ കാരണവും മറ്റൊന്നല്ല.

**▸▸ ഇടയ്ക്കിടെ അസുഖങ്ങൾ**

പ്രതിരോധശേഷിക്ക് ഉറക്കം അത്യാവശ്യമാണ്. വിശ്രമവേളയിലാണ് ശരീരം കോശങ്ങളെ നവീകരിക്കുന്നതും അണുബാധകൾക്കെതിരെയുള്ള പ്രതിരോധം ശക്തിപ്പെടുത്തുന്നതും. ഇടയ്ക്കിടെ ജലദോഷം വരികയോ അസുഖങ്ങളിൽ നിന്ന് മുക്തി നേടാൻ കൂടുതൽ സമയമെടുക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ഉറക്കക്കുറവ് അതിനൊരു കാരണമാകാം.

ലൈഫ്‌സ്റ്റൈൽ

ബുജൈർ ചെട്ടിപ്പടി

# മൗനം വിശ്വാസിക്ക് ഭൂഷണം

മനുഷ്യനെ മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് ചിന്തിക്കാനും സംസാരിക്കാനുമുള്ള ശേഷിയാണ്. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് ശരീരത്തിലേക്കാവാഹിക്കുന്ന അറിവുകളെ മറ്റുള്ളവരിലേക്ക് ഷെയർ ചെയ്യുന്നത് നാവിലൂടെ മാത്രമാണ്. അഞ്ചവയവങ്ങളിലൂടെ അറിയുന്ന നൂറുകൂട്ടം വിവരങ്ങളെ ഒരേയൊരു അവയവത്തിലൂടെ പുറന്തള്ളുക എന്നതിനർത്ഥം ലഭിക്കുന്ന അറിവുകളിൽ വളരെ അത്യാവശ്യമുള്ളത് മാത്രമാണ് പങ്കുവെക്കേണ്ടത് എന്നാണല്ലോ.

നാവെന്ന ചെറിയ അവയവത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം കൽപ്പിക്കുന്നു. ഒരാൾ ഇസ്‌ലാമിലേക്കു വരുമ്പോൾ സത്യവിശ്വാസം ഹൃദയത്തിൽ ഉറപ്പിക്കുന്നതോടൊപ്പം നാവുകൊണ്ട് കലിമ ഉച്ചരിക്കുക കൂടി വേണം. നാവിനെ സൂക്ഷിച്ചേ പ്രയോഗിക്കാവൂ. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാൻ മാത്രം നാവിനെ ഉപയോഗിക്കുക എന്നതാണ് സൂക്ഷ്മത. ഖുർആൻ പാരായണം, സ്വലാത്ത് തുടങ്ങിയ നല്ല കാര്യങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്തുകയും ഏഷണി, പരദൂഷണം, കളവ്, പരിഹാസം തുടങ്ങിയ അനാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താതിരിക്കുകയും ചെയ്യുന്നതാണ് നാവുകൊണ്ടുള്ള നന്ദി പ്രകടനം. നല്ലവാക്കുകൾ പറയുന്നവന്റെ കർമ്മങ്ങളെ അല്ലാഹു നന്നാക്കുമെന്നും പാപങ്ങൾ പൊറുക്കുമെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

സങ്കല്പമോ യാഥാർത്ഥ്യമോ, ഉറപ്പുള്ളതോ ഊഹിക്കപ്പെടുന്നതോ ആയ എന്തിനെക്കുറിച്ചും സംസാരിക്കാനും. അവയെല്ലാം ശരിയാണെന്ന് സ്ഥാപിക്കാനും നിഷേധിക്കാനും നാവിന് കഴിയും. വിജ്ഞാനത്തിലൂടെ അറിയുന്ന ഏതൊരു കാര്യവും വിശദീകരിക്കാൻ കഴിയും. ഈ സവിശേഷത ശരീരത്തിലെ മറ്റവയവങ്ങൾക്കൊന്നുമില്ല. ഉദാഹരണത്തിന് കണ്ണുകൾക്ക് വർണ്ണങ്ങളും രൂപങ്ങളുമല്ലാതെ മറ്റൊന്നും ദർശിക്കാൻ കഴിയില്ല. കാതുകൾക്ക് നിശ്ചിത തീവ്രതയുള്ള ശബ്ദങ്ങളെല്ലാതെ മറ്റൊന്നും കേൾക്കാൻ കഴിയില്ല. കൈകൾക്ക് വസ്തുക്കളെ സ്പർശിക്കാൻ മാത്രമേ സാധിക്കൂ. ശരീരത്തിലെ മറ്റവയവങ്ങളുടെ അവസ്ഥയും ഇതുപോലെയാണ്. എന്നാൽ, നാവിന് ഇങ്ങനെയുള്ള നിയന്ത്രണങ്ങൾ ഒന്നുമില്ല. സ്വന്തം നാവിനെ നിയന്ത്രിക്കേണ്ടത് വിവേകശാലിയായ മനുഷ്യന്റെ കടമയാണ്. എല്ലാം പറയാൻ സ്വാതന്ത്ര്യമുണ്ടെന്നുകരുതി തോന്നിയതെല്ലാം വിളിച്ചു പറയാനുള്ളതല്ല വിശ്വാസിയുടെ നാവ്. മൗനം ദീക്ഷിക്കുന്നവൻ വിജയിച്ചിരിക്കുന്നുവെന്ന് തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്.

## മൗനത്തിന്റെ ശ്രേഷ്ഠത

പൊതുവേ മൗനിയായിരിക്കുന്നവർ കൂടുതൽ ചിന്തിക്കുന്നവരും ബുദ്ധിജീവികളുമായിരിക്കും. കാരണം, ആഴത്തിലുള്ള മനനത്തിന് തടസ്സമാകുന്ന മറ്റു ഇടപെടലുകളോ ടെൻഷനുകളോ ഇല്ലെന്നതു തന്നെ. അറിയാതെ പറഞ്ഞുപോകുന്ന, നിമിഷനേരത്തെ ദേഷ്യം കാരണം വായിൽ നിന്ന് പുറത്തുവരുന്ന അസംബന്ധങ്ങളാണ് നമ്മുടെ അധിക ടെൻഷനുകളുടെയും ഹേതു. അതുകൊണ്ടാണ് തിരുനബി(സ) പഠിപ്പിച്ചത്: 'ഏറ്റവും എളുപ്പമുള്ളതും വളരെ ലളിതവുമായ ഒരു ആരാധന ഞാൻ നിങ്ങൾക്ക് അറിയിച്ചുതരാം, മൗനം പാലിക്കലും നല്ല സ്വഭാവവും.'

ഈസാനബി(അ) പറഞ്ഞുവല്ലോ: 'ഒരു സത്യവിശ്വാസിയെ ശാന്തനും പ്രൗഢിയുള്ളവനുമായി നിങ്ങൾ കാണുകയാണെങ്കിൽ അദ്ദേഹത്തോടടുക്കുക. കാരണം, അദ്ദേഹം തന്ത്രം (ഹിക്മത്) നൽകപ്പെട്ടവനാണ്.' യൂനുസുബ്നു ഉബൈദ്(റ) പറഞ്ഞു:

**ഇബ്നുമസ്ഊദ്(റ) സ്വഫാമലയിൽ നിൽക്കുമ്പോൾ സ്വന്തം നാവിനോട് ഇപ്രകാരം പറഞ്ഞു: 'നാവേ! നീ നല്ലത് പറയൂ, എന്നാൽ, നിനക്ക് നേട്ടമുണ്ടാക്കാം. ഖേദിക്കേണ്ടിവരാതിരിക്കാൻ നീ മൗനം പാലിക്കൂ, എങ്കിൽ നിനക്ക് രക്ഷപ്പെടാം.' അപ്പോൾ അദ്ദേഹത്തോട് ഒരാൾ ചോദിച്ചു: 'അബൂഅബ്ദിർറഹ്മാൻ! ഇത് താങ്കളുടെ മൊഴിയാണോ, അതോ മറ്റാരിൽ നിന്നെങ്കിലും കേട്ടതാണോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'മനുഷ്യന്റെ ഭൂരിഭാഗം തെറ്റുകളും ഉത്ഭവിക്കുന്നത് അവന്റെ നാവിൽ നിന്നാണ്.'**

'നാവിനെ നിയന്ത്രിക്കുന്നവരെ നിരീക്ഷിക്കുമ്പോൾ അവരുടെ മറ്റെല്ലാ കർമ്മങ്ങളിലും അതിന്റെ നന്മ പ്രതിഫലിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്.'

ഇബ്നുമസ്ഊദ്(റ) സ്വഫാമലയിൽ നിൽക്കുമ്പോൾ സ്വന്തം നാവിനോട് ഇപ്രകാരം പറഞ്ഞു: 'നാവേ! നീ നല്ലത് പറയൂ, എന്നാൽ, നിനക്ക് നേട്ടമുണ്ടാക്കാം. ഖേദിക്കേണ്ടിവരാതിരിക്കാൻ നീ മൗനം പാലിക്കൂ, എങ്കിൽ നിനക്ക് രക്ഷപ്പെടാം.' അപ്പോൾ അദ്ദേഹത്തോട് ഒരാൾ ചോദിച്ചു: 'അബൂഅബ്ദിർറഹ്മാൻ! ഇത് താങ്കളുടെ മൊഴിയാണോ, അതോ മറ്റാരിൽ നിന്നെങ്കിലും കേട്ടതാണോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'മനുഷ്യന്റെ ഭൂരിഭാഗം തെറ്റുകളും ഉത്ഭവിക്കുന്നത് അവന്റെ നാവിൽ നിന്നാണ്.'

## നാവിന്റെ മൂർച്ച

സൂക്ഷിച്ചു പ്രയോഗിച്ചില്ലെങ്കിൽ നാവ് സ്വന്തത്തിനും മറ്റുള്ളവർക്കും അപകടം വരുത്തിത്തീർക്കും; ഒരു മാരകായുധം പോലെ. അതുകൊണ്ടാണ് താബിഉകളിൽ പ്രധാനിയായ ത്വാഊസ്(റ) പറഞ്ഞത്: 'എന്റെ നാവ് ഒരു വന്യമൃഗമാണ്, അഴിച്ചുവിട്ടാൽ അത് എന്നെത്തന്നെ തിന്നുകളയും.' അനാവശ്യമായ വല്ല സംസാരവും വന്നുപെടുമോ എന്ന ഭയത്തിൽ അബൂബക്ർ സിദ്ദീഖ്(റ) തന്റെ വായിൽ ഒരു ചെറിയ കല്ല് വെക്കുമായിരുന്നു. എന്നിട്ട് സ്വന്തം നാവ് ചൂണ്ടി അദ്ദേഹം പറയുമായിരുന്നു: 'ഇതാണ് എന്നെ വിനാശകരമായ വഴികളിലെത്തിച്ചത്.'

വീട്ടിലെ അംഗങ്ങൾക്കിടയിലും ഭാര്യഭർത്താക്കന്മാർക്കിടയിലുമുള്ള ചില സംസാരങ്ങളാണ് കുടുംബത്തിൽ പല പ്രശ്നങ്ങൾക്കും വഴിമരുന്നിടുന്നത്. എല്ലാ കാര്യങ്ങളും നിർബന്ധമായും എല്ലാവരിലേക്കും ഷെയർ ചെയ്യണമെന്ന ശാഠ്യമനസ്ഥിതിയാണ് ഇതിലേക്കു വഴി വെക്കുന്നത്. ചിലർ വായടക്കുന്ന സമയം അപൂർവ്വമായിരിക്കും. അത്തരക്കാരുടെ വീടുകളിൽ സമാധാനവും അപൂർവമാകും. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു: 'അല്ലാഹുവാണെ സത്യം, നാവിനേക്കാൾ കൂടുതൽ തടവറയർഹിക്കുന്ന മറ്റൊന്നുമില്ല.'

അനാവശ്യ വർത്തമാനങ്ങൾ, ആത്മീയനേട്ടങ്ങൾ നഷ്ടമാകാൻ കാരണമാകുന്നതുപോലെ ഭൗതികനേട്ടങ്ങളും നഷ്ടമാകാൻ കാരണമാകുന്നുവെന്നത് യഥാർത്ഥ്യമാണ്. തിർമുദി ഉദ്ധരിച്ച ഹദീസിൽ കാണാം: ഓരോ പ്രഭാതത്തിലും ശരീരത്തിലെ എല്ലാ അവയവങ്ങളും നാവിനോടാവശ്യപ്പെടുന്നു: 'നീ അല്ലാഹുവിനെ ഭയക്കുക. ഞങ്ങളെല്ലാവരും നിന്റെ ഗതിയനുസരിച്ചാണ്. നീ ഇന്ന് നല്ലത് പ്രവർത്തിച്ചാൽ ഞങ്ങൾ രക്ഷപ്പെടും.'

അബ്ദുല്ലാഹിബ്നു സുഫ്യാൻ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: സ്വഹാബികൾ ചോദിച്ചു: 'ഞങ്ങൾ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട കാര്യമെന്താണ് റസൂലേ?' തിരുനബി(സ) തിരുനാവിലേക്ക് ചൂണ്ടിക്കൊണ്ട് (നാവിനെ സൂക്ഷിക്കാൻ) ആംഗ്യം കാണിച്ചു. ശേഷം തുടർന്നു: 'ഖബ്ഖബ്, ദബ്ദബ്, ലഖ്ലഖ് എന്നിവയുടെ തിന്മയിൽ നിന്ന് സംരക്ഷണം ലഭിച്ചവർ എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കപ്പെട്ടു.' ഖബ്ഖബ് എന്നാൽ ഉദരവും, ദബ്ദബ് എന്നാൽ ഗുഹ്യാവയവവും, ലഖ്ലഖ് എന്നാൽ നാവുമാണുദ്ദേശ്യമെന്ന് പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്.

## സംസാരവും പിഴവും

നബി(സ) അരുളി: 'സംസാരം അതിരുകവിയുന്നവരുടെ വീഴ്ചകളും വർധിക്കും. വീഴ്ചകൾ വർധിക്കുമ്പോൾ പാപങ്ങൾ കൂടും. പാപങ്ങൾ കൂടുന്നവർക്കർഹിച്ച സ്ഥലം നരകമാകുന്നു.' മനുഷ്യർ തമ്മിലുള്ള സൗഹൃദം നഷ്ടപ്പെടുന്നതിനും വൈരാഗ്യം വളരുന്നതിനും പ്രധാന കാരണം പരിധി കടന്ന സംസാരമാണ്. മറ്റൊരാൾക്ക് താല്പര്യമില്ലാത്ത വിഷയം അയാളുടെ അസാന്നിധ്യത്തിൽ പറയുന്നത് ശിക്ഷാർഹമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. കുത്തുവാക്കുകൾ കൊണ്ട് അപരനെ നോവിക്കുന്നത് നോവിക്കപ്പെട്ടവൻ മനസ്സറിഞ്ഞു മാപ്പുനൽകാതെ അല്ലാഹു പൊറുക്കില്ല.

നബി(സ) ആഇശ(റ)ബീവിയോടൊത്തിരിക്കുകയായിരുന്നു. അപ്പോഴാണ് സ്വഫിയബീവി(റ) അങ്ങോട്ടുവന്നത്. അന്നേരം ആഇശാബീവി(റ) അവരുടെ ഉയരക്കുറവിനെക്കുറിച്ച് എന്തോ സംസാരിച്ചു. ഉടനെ നബി(സ) പ്രതിവചിച്ചു: 'ആഇശാ, നീ

**ഈസാനബി(അ) പറഞ്ഞു: 'സത്യവിശ്വാസിയുടെ നാവ് ഹൃദയത്തിന്റെ പിന്നിലാണ്. സംസാരിക്കാൻ ഉദ്ദേശിക്കുമ്പോൾ ആദ്യം ഹൃദയം കൊണ്ട് ആലോചിക്കും, ശേഷം സംസാരിക്കും. എന്നാൽ, കപടവിശ്വാസിയുടെ നാവ് ഹൃദയത്തിന്റെ മുന്നിലാണ്; ഹൃദയം കൊണ്ട് ആലോചിക്കുന്നതിനു മുമ്പ് കാര്യം വിളിച്ചുപറയും.' പറയുന്നതിനു മുമ്പ് നന്നായി ആലോചിക്കണമെന്നു സാരം. ഉപദ്രവമില്ലെങ്കിലും ഉപകാരപ്പെടില്ലെന്നു തോന്നിയാൽ മൗനം ദീക്ഷിക്കുന്നതാണുചിതം.**



ഇപ്പോൾ പറഞ്ഞ വാക്ക് കടലിലെറിഞ്ഞാൽ കടൽ മുഴുവൻ അശുദ്ധമായിത്തീരും.' ഏറ്റവും കൂടുതൽ നരകപ്രവേശത്തിന് ഹേതുവാക്കുന്ന രണ്ട് അവയവങ്ങളെ നബി(സ) പരിചയപ്പെടുത്തിയത് 'തുറന്ന രണ്ടു ദ്വാരങ്ങൾ' എന്നാണ്. വായയും ഗുഹ്യാവയവവുമാണത്.

ഈ രണ്ട് അവയവങ്ങളിലൂടെയും സംഭവിക്കുന്ന പാപങ്ങൾ അതിഗുരുതരമാണ്. മുഹമ്മദുബ്നു വാസിഅ്(റ), മാലികുബ്നു ദീനാർ(റ)വിനോട് പറഞ്ഞു: 'അബൂയഹ്യാ! ദീനാറും ദിർഹവും (പണം) സൂക്ഷിക്കുന്നതിനേക്കാൾ പ്രയാസകരമാണ് നാവിനെ സൂക്ഷിക്കൽ.' വാക്കുകൾ പ്രയോഗിക്കുമ്പോൾ ഏറെ ശ്രദ്ധ വേണമെന്നു സാരം. ഈസാനബി(അ) പറഞ്ഞു: 'സത്യവിശ്വാസിയുടെ നാവ് ഹൃദയത്തിന്റെ പിന്നിലാണ്. സംസാരിക്കാൻ ഉദ്ദേശിക്കുമ്പോൾ ആദ്യം ഹൃദയം കൊണ്ട് ആലോചിക്കും, ശേഷം സംസാരിക്കും. എന്നാൽ, കപടവിശ്വാസിയുടെ നാവ് ഹൃദയത്തിന്റെ മുന്നിലാണ്; ഹൃദയം കൊണ്ട് ആലോചിക്കുന്നതിനു മുമ്പ് കാര്യം വിളിച്ചുപറയും.' പറയുന്നതിനു മുമ്പ് നന്നായി ആലോചിക്കണമെന്നു സാരം. ഉപദ്രവമില്ലെങ്കിലും ഉപകാരപ്പെടില്ലെന്നു തോന്നിയാൽ മൗനം ദീക്ഷിക്കുന്നതാണുചിതം.

അബൂബക്റുബ്നു അയ്യാശ്(റ) നൽകിയ ഒരു വിവരണം ഇമാം ഗസാലി(റ) ഇഹ്യാഉലൂമുദ്ധീനിൽ ഉദ്ധരിക്കുന്നതിങ്ങനെ: 'ഇന്ത്യയിലെ രാജാവ്, ചൈനയിലെ രാജാവ്, കിസ്റാ (പേർഷ്യൻ രാജാവ്), ഖൈസർ (റോമൻ രാജാവ്) എന്നീ നാല് രാജാക്കന്മാർ ഒരുമിച്ചു കൂടി. അതിലൊരാൾ പറഞ്ഞു: 'ഞാൻ പറയാത്ത കാര്യങ്ങളിൽ എനിക്ക് ഖേദിക്കേണ്ടി വന്നിട്ടില്ല, എന്നാൽ പറഞ്ഞ കാര്യങ്ങളിൽ ഖേദിക്കേണ്ടി വന്നിട്ടുണ്ട്.' രണ്ടാമൻ പറഞ്ഞു: 'ഞാനൊരു വാക്ക് പറയുമ്പോൾ അതെന്നെ കീഴടക്കുന്നു; ഞാനത് പറഞ്ഞില്ലെങ്കിലോ ഞാനതിനെ കീഴടക്കുന്നു.' മൂന്നാമൻ പറഞ്ഞു: 'അനാവശ്യമായി സംസാരിക്കുന്നവന്റെ കാര്യം അത്ഭുതം തന്നെ! തിരിച്ചെടുത്താൽ ആ വാക്ക് അവന് ഉപകരിക്കില്ല, തിരിച്ചെടുത്തില്ലെങ്കിൽ അതവന് ദോഷകരമാവുകയും ചെയ്യും.' നാലാമൻ പറഞ്ഞു: 'പറയാത്ത വാക്ക് തിരുത്തുന്നതിനെക്കാൾ എനിക്ക് ദുഷ്കരമാണ് പറഞ്ഞ വാക്ക് തിരുത്തൽ.'

ഈസാ നബി(അ)നോട് അനുയായികൾ ചോദിച്ചു: 'സ്വർഗ്ഗപ്രവേശത്തിന് സഹായകമാകുന്ന ഒരു പ്രവർത്തനം ഞങ്ങൾക്ക് പറഞ്ഞുതന്നാലും.' നബി പറഞ്ഞു: 'നിങ്ങൾ മൗനം ദീക്ഷിക്കുക. അവർ പറഞ്ഞു: 'ഞങ്ങൾക്കത് സാധിക്കില്ല.' അപ്പോൾ നബി പറഞ്ഞു: 'എങ്കിൽ നന്മ മാത്രമേ സംസാരിക്കാവൂ.'

ലൈഫ്സ്റ്റൈൽ

മുഹമ്മദ് വിളയിൽ

# സിംഗിൾലൈഫിന്റെ ഭാവിവിചാരങ്ങൾ

യാത്രക്കിടെ ഒരാൾ കൈകാണിച്ചപ്പോൾ വാഹനം നിറുത്തി. അയാൾ തന്റെ പ്രയാസങ്ങൾ വിശദീകരിച്ചു തുടങ്ങി. ഭാര്യ മരിച്ചതിനു ശേഷം ഒറ്റയ്ക്ക് കഴിയുകയാണയാൾ. മക്കളില്ല. കിട്ടുന്ന പണിക്കെല്ലാം പോകും. ബസ്സ്റ്റാന്റിൽ കിടന്നുറങ്ങും. നിലവിൽ ജോലിയെടുക്കാൻ കഴിയാത്ത വിധം ആരോഗ്യം ക്ഷയിച്ചിരിക്കുന്നു. സമീപപ്രദേശത്തെ വീടുകളിൽ ചെന്നു സഹായാഭ്യർത്ഥന നടത്തി മുന്നോട്ടുപോകാമെന്ന ധാരണയിലാണുള്ളത്.

മറ്റൊരിക്കൽ, ജോലി സ്ഥലത്ത് ഒരു പ്രൊഫസർ കാണാൻ വന്നു. അക്കാദമിക് ചുമതലയുള്ളതിനാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കാനാകുമെന്നു കരുതി. പക്ഷേ, അദ്ദേഹം വന്നത് സാമ്പത്തികസഹായത്തിനുവേണ്ടിയാണെന്ന് ഒടുവിലാണ് മനസ്സിലായത്. രോഗിയായ അദ്ദേഹത്തിന് ചികിത്സക്കായി വലിയ തുക ചെലവഴിക്കേണ്ടിവരുന്നുണ്ട്. സ്ഥാപനത്തിലെ മറ്റു സ്റ്റാഫുകളുമായി സംസാരിച്ച് വേണ്ടതു ചെയ്യാമെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന് അന്നത്തെ ചെലവിലേക്ക് വല്ലതും കിട്ടാൻ വേണ്ടിയാണ് വന്നതെന്ന് പറഞ്ഞു. അഥവാ, ഒരു ദിവസം പോലും അന്യരുടെ സഹായമില്ലാതെ മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണദ്ദേഹം.

മനുഷ്യജീവിതത്തിൽ പ്രധാനമായും മൂന്ന് ഘട്ടങ്ങളാണുള്ളത്. ഒന്ന്, ശൈശവകാലം. ഈ ഘട്ടത്തിൽ മറ്റുള്ളവരുടെ സഹായമോ ആനുകൂല്യമോ ഇല്ലാതെ ജീവിക്കാനാവില്ല. എന്തെങ്കിലും തൊഴിൽ ചെയ്യാൻ ശേഷിയുണ്ടാകുന്നതു വരെ ഇങ്ങനെ തന്നെ ജീവിക്കേണ്ടിവരും. യുവത്വകാലമാണ് രണ്ടാമത്തേത്. വ്യത്യസ്ത വരുമാന മാർഗങ്ങൾ കണ്ടെത്തി പരാശ്രയമില്ലാതെ ജീവിക്കാൻ തുടങ്ങുന്ന കാലമാണിത്. എന്നാൽ, ഈ ഘട്ടം വളരെ ചെറിയൊരു കാലമാണ്. മൂന്നാം ഘട്ടം വാർദ്ധ്യക്യമാണ്.

ഇങ്ങനെയൊക്കെ ജീവിക്കുന്ന മനുഷ്യൻ ശൈശവകാലത്തെ സൗജന്യജീവിതത്തിനു പകരം നൽകാൻ ബാധ്യസ്ഥരാണ്. അതിന് ഏറ്റവും അർഹതപ്പെട്ടവർ സ്വന്തം മാതാപിതാക്കൾ തന്നെയാണല്ലോ.

വിവാഹം ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും കുടുംബമാകുന്നതുമൊക്കെ ഓരോരുത്തരുടെയും ഇഷ്ടമാണ്. സാമ്പത്തികമായ പ്രതിസന്ധികൾ കൊണ്ടോ, ജീവിതസാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാലോ വിവാഹജീവിതത്തിൽ നിന്ന് മാറി നിൽക്കുന്നവരുണ്ട്.

എന്നാൽ, ഈയിടെ പുതിയൊരു സിംഗിൾ ലൈഫ് ട്രെന്റ് രൂപപ്പെടുന്നുണ്ട്. വിവാഹത്തെ നിരുത്സാഹപ്പെടുത്തുകയും കുടുംബ ജീവിതത്തെ പരിഹസിക്കുകയും ചെയ്യുന്ന ഇത്തരം ആശയങ്ങൾ സമൂഹത്തിന്റെ അടിത്തറയ്ക്കാണ് വിള്ളൽ വീഴ്ത്തുന്നത്. പുതിയ തലമുറ പ



ഠിക്കുന്നതും ജോലി നേടുന്നതുമൊക്കെ 'സ്വന്തം കാലിൽ' പരാശ്രയമില്ലാതെ ജീവിക്കാൻ വേണ്ടിയാണ്. എന്നാൽ, സ്വന്തം താൽപര്യങ്ങൾക്ക് തടസ്സമാകുന്ന വിവാഹം, കുടുംബം, മക്കൾ തുട

**സ്വന്തം കാലിൽ നിൽക്കുമെന്നും സ്വയം പര്യ പ്തരാണെന്നും പറഞ്ഞ് കുടുംബജീവിതം ഉപേക്ഷിക്കുന്നവർ അധ്വാനശേഷി ഇല്ലാതാ കുന്നതോടെ, കൈയിലുള്ള സമ്പാദ്യം തീർ ന്നുപോകുന്നതോടെ പൊതുസമൂഹത്തിന് ഭാരമായിത്തീരുമെന്ന് ചുരുക്കം. ഏറെക്കുറെ സുരക്ഷിതമായ സാമൂഹികവ്യവസ്ഥിതിയെ തള്ളിപ്പറഞ്ഞവരും പരിഹസിച്ചവരും തകർ ക്കാൻ പണിയെടുത്തവരുമാണവർ എന്നതു കൊണ്ട് അവരെ 'ഭാരം' എന്നു വിശേഷിപ്പിക്കു ന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.**



ങ്ങിയ ഘടകങ്ങളുമായി ചേർന്നു നിൽക്കുന്നത് മനുഷ്യന്റെ സ്വത ന്ത്രവിഹാരത്തിന് തടസ്സമാണെ ന്നാണ് പുതിയ പക്ഷം. മനുഷ്യ ജീവിതത്തിലെ സ്വാർത്ഥതയുടെ പരിഷ്കരിച്ച പതിപ്പാണ് ഈ സിംഗിൾലൈഫ് ട്രെന്റ് എന്നു സാരം. വിവാഹവും കുടുംബ വുമൊക്കെ പരിഷ്കൃത സമൂ ഹത്തിന് യോജിച്ചതല്ലെന്ന ഈ കാഴ്ചപ്പാട് പുതിയ തലമുറയെ വ്യാപകമായ രീതിയിൽ ഗ്രസിച്ചി രിക്കുകയാണ്. സ്വന്തം ഇഷ്ടങ്ങൾ ക്കും സ്വപ്നങ്ങൾക്കും മാത്രം പ്രസക്തി നൽകുകയും മറ്റുള്ള വരെ പാടെ അവഗണിക്കുകയും ചെയ്യുന്ന ഈ രീതി മനുഷ്യന്റെ അടിസ്ഥാന ഗുണങ്ങൾക്കെതി രാണ്.

നമ്മുടെ സാമൂഹിക പരിസര ങ്ങളിൽ അവശജനതയ്ക്ക്, അല്ലെ ങ്കിൽ വൃദ്ധസമൂഹത്തിന് ഏറ്റവും ചെലവ് കുറഞ്ഞതും ഫലപ്രദവു മായ പരിചരണം ലഭിക്കുന്നത് കുടുംബമെന്ന സ്ഥാപനത്തിൽ നിന്നാണ്. ഓരോ കുടുംബത്തിലു മുള്ള ആശ്രിതജനങ്ങളെ അതതു കുടുംബങ്ങൾ തന്നെ പരിചരി ക്കുന്ന രീതിയാണല്ലോ പൊതു വെയുള്ളത്. എന്നാൽ, കുടുംബ ങ്ങളില്ലാത്തവരും പരിചരിക്കാൻ സന്നദ്ധരല്ലാത്ത കുടുംബങ്ങളു ള്ളവരുമായ അവശവിഭാഗങ്ങളെ പരിചരിക്കൽ പൊതുസമൂഹത്തി ന്റെ അല്ലെങ്കിൽ ഗവണ്മെന്റിന്റെ ഉത്തരവാദിത്വമാണ്.

സ്വന്തം കാലിൽ നിൽക്കുമെ ന്നും സ്വയം പര്യപ്തരാണെന്നും പറഞ്ഞ് കുടുംബജീവിതം ഉപേ ക്ഷിക്കുന്നവർ അധ്വാനശേഷി ഇല്ലാതാകുന്നതോടെ, കൈയി ലുള്ള സമ്പാദ്യം തീർന്നുപോകു ന്നതോടെ പൊതുസമൂഹത്തിന് ഭാരമായിത്തീരുമെന്ന് ചുരുക്കം. ഏറെക്കുറെ സുരക്ഷിതമായ സാ മൂഹികവ്യവസ്ഥിതിയെ തള്ളി പ്പറഞ്ഞവരും പരിഹസിച്ചവരും തകർക്കാൻ പണിയെടുത്തവരുമാ ണവർ എന്നതുകൊണ്ട് അവരെ 'ഭാരം' എന്നു വിശേഷിപ്പിക്കു ന്നതിൽ തെറ്റുണ്ടെന്നു തോന്നു ന്നില്ല.

അതുകൊണ്ട്, കുടുംബ വ്യവസ്ഥയെയും സന്താനോൽ പാദനത്തെയും തള്ളിപ്പറയുന്ന വർ സാമൂഹികവിരുദ്ധരാണെ ന്ന് പറയേണ്ടി വരും. കാരണം, ഇവർ സാമൂഹിക നിയമങ്ങൾ ക്കും നന്മയ്ക്കും എതിരായി പ്രവർത്തിക്കുന്നവരാണ്. സ്വന്തം സുഖങ്ങൾ മാത്രം നോക്കി ജീ വിതം ചിട്ടപ്പെടുത്തുന്ന ഇവർ മാനുഷിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നില്ലെന്നു മാത്രമല്ല, സാമൂഹിക വ്യവസ്ഥ തകർക്കുക യും മറ്റുള്ളവർക്ക് ഭാരമായി മാറു കയുമാണ് ചെയ്യുന്നത്.

# അനർഹരെ സ്വാതന്ത്ര്യസമര സേനാനികളായി പ്രതിഷ്ഠിക്കാനുള്ള നീക്കം അപലപനീയം: എസ്. ജെ. എം

കോഴിക്കോട്: ഇന്ത്യയുടെ യഥാർത്ഥ സ്വാതന്ത്ര്യസമരസേനാനികളെ വിസ്മരിച്ച് തൽസ്ഥാനത്ത് അനർഹരെ പ്രതിഷ്ഠിക്കാനുള്ള തൽപരകക്ഷികളുടെ നീക്കം അപലപനീയമാണെന്നും രാജ്യത്തിന്റെ ചരിത്രത്തെ വികലമാക്കാനുള്ള ശ്രമങ്ങളെ ഭരണകർത്താക്കളും ജനങ്ങളും ഒന്നിച്ച് എതിർക്കണമെന്നും സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ഓൾഇന്ത്യാ ജില്ലാ സെക്രട്ടറീസ് സംഗമം.

സമസ്ത സെന്ററിൽ നടന്ന സംഗമത്തിൽ സയ്യിദ് അലി ബാഫഖി തങ്ങൾ അധ്യക്ഷത വഹിച്ചു. കർണാടക സ്റ്റേറ്റ് പ്രസിഡന്റ് അബ്ദുറഹ്മാൻ മദനി ജപ്പു ഉദ്ഘാടനം ചെയ്തു. സുലൈമാൻ സഖാഫി കുഞ്ഞുകുളം പദ്ധതിരേഖ അവതരിപ്പിച്ചു. സമസ്ത സെന്റിനറി പ്രവർത്തനങ്ങൾ സെൻട്രൽ കമ്മറ്റി ട്രഷറർ വിപിഎം വില്യാപ്പള്ളി വിശദീകരിച്ചു. സെന്റിനറി പ്രവർത്തനങ്ങളിലെല്ലാം മുഅല്ലിംകൾ സജീവമാകണമെന്നും സമാപനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഉലമാസംഗമത്തിൽ എല്ലാ മുഅല്ലിംകളുടെയും സാന്നിധ്യം ഉറപ്പുവരുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ ചർച്ചകൾക്ക് നേതൃത്വം നൽകി. അക്ബറലി മുസ്‌ലിയാർ നീലഗിരി, മുഹമ്മദ് ഹനീഫ് മദനി ഹുബ്ലി, ശഹീം സഅദി മൈസൂർ, ആരിഫ് നിസാമി മഹാരാഷ്ട്ര, ഇബ്റാഹീം ലത്വീഫി രാമനാഥപുരം, ഉണ്ണീൻ കുട്ടി മുസ്‌ലിയാർ സേലം, ഹനീഫ് സഖാഫി ദാർവാഡ്, അബ്ദുറഹ്മാൻ സഅദി ഉഡുപ്പി, അബൂബക്കർ സിദ്ദീഖ് സഖാഫി ബംഗളൂരു ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

# അന്താരാഷ്ട്ര മീലാദ് സമ്മേളനത്തിന് 1501 അംഗ സ്വാഗതസംഘം

കോഴിക്കോട്: സെപ്റ്റംബർ അഞ്ചിന് കോഴിക്കോട് നടക്കുന്ന അന്താരാഷ്ട്ര മീലാദ് സമ്മേളനത്തിന്റെ സ്വാഗതസംഘമായി. മർകസ് കാമിൽ ഇജ്തിമായിൽ നടന്ന കൺവെൻഷനിൽ സാദാത്തുക്കളുടെയും പണ്ഡിതരുടെയും ഉമറാക്കളുടെയും സാന്നിധ്യത്തിൽ 1501 അംഗ സ്വാഗതസംഘം സുൽത്താനുൽ ഉലമ കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ പ്രഖ്യാപിച്ചു. അന്താരാഷ്ട്ര പ്രശസ്ത പണ്ഡിതരും മുഫ്തിമാരും ദേശീയ പ്രതിനിധികളും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ നേതാക്കളും സംബന്ധിക്കുന്ന സമ്മേളന ചടങ്ങുകൾക്ക് കൺവെൻഷൻ രൂപം നൽകി.

പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങളുടെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് വി പി എം ഫൈസി വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. കാന്തപുരം ഉസ്താദ് സന്ദേശ പ്രഭാഷണം നടത്തി. സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി പദ്ധതി അവതരിപ്പിച്ചു. മുഹമ്മദലി സഖാഫി വള്ളിയാട്, സിപി ഉബൈദുല്ല സഖാഫി സംസാരിച്ചു. അബ്ദുൽ അസീസ് സഖാഫി വെള്ളയൂർ, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, സയ്യിദ് സ്വാലിഹ് ശിഹാബ് ജിഫ്രി, സയ്യിദ് ജലാലുദ്ദീൻ ജീലാനി വൈലത്തൂർ, മജീദ് കക്കാട്, സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി, സയ്യിദ് മുർത്തള ശിഹാബ് സഖാഫി, കുഞ്ഞിമുഹമ്മദ് സഖാഫി പറവൂർ, ഇബ്റാഹീം ബാഖവി മേൽമുറി, അബ്ദുൽ ജബ്ബാർ സഖാഫി പെഴക്കാപ്പിള്ളി, പുന്നോരത്ത് അമ്മദ് ഹാജി, നാസർ ഹാജി ഓമച്ചപ്പുഴ, മലപ്പുറം ഈസ്റ്റ്, മലപ്പുറം വെസ്റ്റ്, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, വയനാട് ജില്ലകളിലെ സമസ്ത, മുസ്‌ലിം ജമാഅത്ത്, എസ് വൈ എസ്, എസ് എസ് എഫ്, എസ് എം എ, എസ് ജെ എം നേതാക്കൾ, മർകസ് കമ്മിറ്റി അംഗങ്ങൾ, മർകസ് മുദരിസുമാർ, പണ്ഡിതർ, സാദാത്തുക്കൾ, ഉമറാക്കൾ സംബന്ധിച്ചു.

**പോസ്റ്റർ പ്രകാശനം ചെയ്തു**

മീലാദ് സമ്മേളനത്തിന്റെ പോസ്റ്റർ പ്രകാശനം പണ്ഡിതരും സാദാത്തുക്കളും പ്രാസ്ഥാനിക നേതാക്കളും ചേർന്ന് നിർവഹിച്ചു. പ്രസിഡന്റ് സയ്യിദ് അലി ബാഫഖി, ജന. സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നേതൃത്വം നൽകി. തിരുനബി(സ)യെക്കുറിച്ച് കൂടുതൽ അറിയാനും വിവിധ ദേശങ്ങളിലെ പ്രവാചക പ്രകീർത്തന വൈവിധ്യം ആസ്വദിക്കാനുമുള്ള വേദിയാകുന്ന സമ്മേളനത്തിൽ കാന്തപുരം ഉസ്താദിന്റെ വാർഷിക മദ്ഹുറസൂൽ പ്രഭാഷണം, സാദാത്ത് സംഗമം, മെഗാ ദഫ് ഘോഷയാത്ര തുടങ്ങിയ പരിപാടികൾ പ്രധാന ആകർഷണമാകും.

**സ്വാഗതസംഘം ഓഫീസ് തുറന്നു**

സെപ്റ്റംബർ അഞ്ചിന് കോഴിക്കോട് നടക്കുന്ന അന്താരാഷ്ട്ര മീലാദ് സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസ് തുറന്നു. മർകസ് സെൻട്രൽ ക്യാമ്പസിൽ ആരംഭിച്ച ഓഫീസ് മർകസ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങൾ ഉദ്ഘാടനം ചെയ്തു.

മർകസ് വൈസ് പ്രസിഡന്റുമാരായ വി പി എം ഫൈസി വില്യാപ്പള്ളി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ, സയ്യിദ് സൈനുൽ ആബിദീൻ ജമലുല്ലൈലി, സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി, ഇബ്റാഹീം ബാഖവി മേൽമുറി, അലവി സഖാഫി കായലം, ബശീർ സഖാഫി കൈപ്പുറം, സമദ് സഖാഫി മായനാട്, ഉസ്മാൻ മുസ്‌ലിയാർ, ടിവി അഹ്മദ് കബീർ സംബന്ധിച്ചു.

## 362 മുഅല്ലിംകൾക്ക് ധനസഹായവും 9 പേർക്ക് കൂടി ഭവനവും അനുവദിച്ചു

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് സഹായർഹരായ 362 മുഅല്ലിംകൾക്ക് ധനസഹായം അനുവദിച്ചു. മക്കളുടെ വിവാഹം, ഭവനനിർമ്മാണം, അറ്റകുറ്റപ്പണി, കിണർ നിർമ്മാണം, രോഗചികിത്സ, ആശ്വാസധനം, മഹർ എന്നീ ഇനങ്ങളിൽ 356 പേർക്ക് സഹായധനവും സ്നേഹസ്പർശം പദ്ധതിയിൽ 6 പേർക്ക് സ്പെഷ്യൽ സഹായവുമാണ് അനുവദിച്ചത്. ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി പുതുതായി 6 മുഅല്ലിംകൾക്ക് കൂടി വീട് നിർമ്മിച്ചു നൽകുവാനും മുഅല്ലിം ക്ഷേമനിധിയോഗം തീരുമാനിച്ചു. വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി പ്രാർത്ഥന നടത്തി. കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

# മുഅല്ലിം സമ്മേളനങ്ങൾ വിജയകരമായി പുരോഗമിക്കുന്നു

കോഴിക്കോട്: സമസ്ത സെന്റിനറി ആഘോഷങ്ങളുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിക്കുന്ന പ്രധാന പദ്ധതികളിലൊന്നായ മേഖലാ മുഅല്ലിം സമ്മേളനങ്ങൾ വിജയകരമായി തുടരുന്നു. കേരളത്തിൽ 65 മേഖലകളിലും കേരളത്തിനു പുറത്ത് 35 മേഖലകളിലുമായി 100 കേന്ദ്രങ്ങളിലാണ് മുഅല്ലിം സമ്മേളനങ്ങൾ നടക്കുന്നത്. മതവൈജ്ഞാനിക പ്രസരണരംഗത്ത് അതുല്യമായ പ്രവർത്തനങ്ങളാണ് പതിറ്റാണ്ടുകളായി മദ്റസാധ്യാപകരുടെ നേതൃത്വത്തിൽ നടന്നുവരുന്നത്.

പാരമ്പര്യ ഇസ്‌ലാമിന്റെ തനതായ ജ്ഞാനവിനിമയമാണ് മദ്റസാ പ്രസ്ഥാനങ്ങളിലൂടെ സാധ്യമായത്. 1951ലാണ് സമസ്തയുടെ ആഭിമുഖ്യത്തിൽ വ്യവസ്ഥാപിതമായ മദ്റസാ പ്രസ്ഥാനം ആരംഭിച്ചത്. ഇളം പ്രായത്തിലേ മതപരവും മതേതരവുമായ അറിവും ദേശീയബോധവും സൗഹൃദവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള പ്രായോഗികജീവിതവും പരിശീലിപ്പിച്ച് മുസ്‌ലിംകൾക്ക് ധാർമികവും ദേശീയതയിലധിഷ്ഠിതവുമായ പ്രബുദ്ധത സമ്മാനിക്കുന്നതിൽ മദ്റസാ പ്രസ്ഥാനവും മദ്റസാധ്യാപകരും അനല്പമായ പങ്കുവഹിച്ചിട്ടുണ്ട്.

തലമുറകൾക്കിടയിലും വിദ്യാഭ്യാസ മേഖലയിലും അതിവേഗം മാറ്റങ്ങൾ സംഭവിക്കുന്ന ഇക്കാലത്ത്, കാലോചിതമായി എങ്ങനെ അധ്യാപനം നടത്തണമെന്നും പുതിയകാലത്തെ എങ്ങനെ സമീപിക്കണമെന്നുമുള്ള ആലോചനകൾ മുഅല്ലിം സമ്മേളനങ്ങളിൽ നടക്കുന്നുണ്ട്.

ഓരോ മേഖലാ പരിധിയിലെയും മുഅല്ലിംകളാണ് സമ്മേളനങ്ങളിൽ സംബന്ധിക്കുന്നത്. സമസ്ത നൂറ് പ്രകാശവർഷങ്ങൾ, അധ്യാപകന്റെ സാമൂഹിക ദൗത്യം, സെന്റിനറി പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കിയുള്ള വിഷയാവതരണങ്ങളും ചർച്ചകളുമാണ് സമ്മേളനങ്ങളിലെ മുഖ്യവിഭവങ്ങൾ. സമ്മേളനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കഴിഞ്ഞ മാസം ഏഴിന് മലപ്പുറം വെസ്റ്റ് ജില്ലയിൽ നടന്ന പൊന്നാനി മേഖല മുഅല്ലിം സമ്മേളനം വൻവിജയമായി. ഈ മാസം അവസാനത്തോടെ മേഖല സമ്മേളനങ്ങൾ പൂർത്തിയാകും.

# എസ് ജെ എം അവാർഡ് നൽകി

കോഴിക്കോട്: സ്കൂൾ വെക്കേഷൻ കാലത്ത് മദ്റസ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ദശദിന ക്യാമ്പിൽ എസ്.ജെ.എം സെൻട്രൽ കമ്മിറ്റി നിർദ്ദേശിച്ച നിയമങ്ങൾ പൂർണമായി പാലിച്ച് മികവു തെളിയിച്ച മദ്റസകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ മദ്റസകൾകളെ എസ് ജെ എം അവാർഡ് നൽകി ആദരിച്ചു.

പുത്തിഗെ മദീനമഖ്ദൂം മദ്റസത്തുൽ ബദ്‌രിയ്യ, തൃക്കരിപ്പൂർ വെള്ളച്ചാൽ ദാറുൽ ഇസ്‌ലാം മദ്റസ യഥാക്രമം ഒന്നും രണ്ടും സ്ഥാനം നേടി. തലപ്പെരുമണ്ണ മദ്റസത്തുൽ അഹ്ദലിയ്യ, താഴെ തിരുവമ്പാടി നൂറുൽ ഇസ്‌ലാം മദ്റസ മൂന്നാം സമ്മാനം പങ്കിട്ടു. പ്രസ്തുത മദ്റസകൾക്കുള്ള അവാർഡുകൾ എസ് ജെ എം പ്രസിഡന്റ് സയ്യിദലി ബാഫഖി സമ്മാനിച്ചു. തിരഞ്ഞെടുക്കപ്പെട്ട നൂറോളം മദ്റസകൾക്കുള്ള സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

സമസ്ത സെന്ററിൽ നടന്ന ചടങ്ങിൽ എസ് ജെ എം സെക്രട്ടറി അബൂഹനീഫൽ ഫൈസി, ട്രഷറർ വി.പി.എം വില്യാപള്ളി, വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, മാനേജർ സി പി സൈതലവി, കെ പി എച്ച് തങ്ങൾ, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ, സി.എം യൂസുഫ് സഖാഫി, അബ്ദുറഹ്മാൻ മദനി തുടങ്ങി ഒട്ടേറെ പ്രമുഖർ സംബന്ധിച്ചു.

# 15 മദ്റസകൾക്കു കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി പതിനഞ്ച് മദ്റസകൾക്കു കൂടി അംഗീകാരം നൽകി.

മലപ്പുറം, കണ്ണൂർ, പാലക്കാട്, കൊല്ലം ജില്ലകളിൽ നിന്നും കർണാടകയിൽ നിന്നുമുള്ള മദ്റസകളാണ് പുതുതായി അംഗീകാരം നേടിയത്.

സയ്യിദ് അലി ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ സമസ്ത സെന്ററിൽ നടന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗം കെ പി മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. എ കെ അബ്ദുൽ ഹമീദ് സ്വാഗതവും പ്രോഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സിപി സൈതലവി മാസ്റ്റർ വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ത്വാഹാ തങ്ങൾ സഖാഫി, ടി അബൂഹനീഫൽ ഫൈസി, വി.പി.എം. വില്യാപള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സി മുഹമ്മദ് ഫൈസി, പി.എസ്.കെ മൊയ്തു ബാഖവി, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, മാളിയേക്കൽ സുലൈമാൻ സഖാഫി, അബ്ദുറഹ്മാൻ ദാരിമി കൂറ്റമ്പാറ, എ സൈഫുദ്ദീൻ ഹാജി, മജീദ് കക്കാട്, ഡോ മുഹമ്മദ് കുഞ്ഞ് സഖാഫി, മുസ്തഫ മാസ്റ്റർ കോഡൂർ, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി, അബ്ദുൽഖാദിർ മദനി, കെ കെ മുഹമ്മദലി ഫൈസി, അബ്ദുറഹ്മാൻ മദനി ജപ്പു, ഉമർ മദനി, കെ കെ എം കാമിൽ സഖാഫി, ഹാജി അബ്ദുന്നാസിർ ഹിശാമി, വി.എച്ച് അലി ദാരിമി, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, പി സി ഇബ്റാഹിം മാസ്റ്റർ, അഹ്മദ് കുട്ടി ബാഖവി തുടങ്ങിയവർ സംബന്ധിച്ചു.

# മീലാദ് സമ്മേളനം വൻവിജയമാക്കുക: എസ്.ജെ.എം

കോഴിക്കോട്: ഈ മാസം അഞ്ചിന് കോഴിക്കോട് നടക്കുന്ന അന്താരാഷ്ട്ര മീലാദ് സമ്മേളനം വൻവിജയമാക്കുവാൻ സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ ആഹ്വാനം ചെയ്തു.

കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ മുഴുവൻ മുഅല്ലിംകളും മറ്റു ജില്ലകളിൽ നിന്ന് സൗകര്യപ്പെടുന്നവരും സമ്മേളനത്തിൽ എത്തിച്ചേരണമെന്ന് എസ് ജെ എം ജില്ലാ സെക്രട്ടറീസ് സംഗമം നിർദ്ദേശിച്ചു.

സമസ്ത സെന്ററിൽ നടന്ന സംഗമത്തിൽ പ്രസിഡന്റ് സയ്യിദലി ബാഫഖി അധ്യക്ഷത വഹിച്ചു. അബ്ദുറഹ്മാൻ മദനി ജപ്പു ഉദ്ഘാടനം ചെയ്തു. വിപിഎം വില്യാപള്ളി, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് വി വി അബൂബക്കർ സഖാഫി(കണ്ണൂർ) അബ്ദുൽ ഖാദർ സഅദി(കാസർകോട്) സയ്യിദ് സൈനുൽ ആബിദീൻ ജിഫ്രി(കോഴിക്കോട് നോർത്ത്) മുനീർ സഅദി(കോഴിക്കോട് സൗത്ത്) സൈദലവി ഹിശാമി (മലപ്പുറം ഈസ്റ്റ്) അബ്ദുൽ ജബ്ബാർ ബാഖവി (മലപ്പുറം വെസ്റ്റ്) നുജൂമുദ്ദീൻ അമാനി (കൊല്ലം) ബശീർ അൽഹസനി (ആലപ്പുഴ) ഹാഫിള് മുഹമ്മദ് താജുദ്ദീൻ ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ചു.

# അൽമൗലിദുൽ അക്ബർ പ്രൗഢമായി

കോഴിക്കോട്: റബീഉൽഅവ്വൽ മാസത്തിലെ ആദ്യ തിങ്കളാഴ്ച മർകസിനു കീഴിൽ സംഘടിപ്പിച്ച അൽമൗലിദുൽ അക്ബർ മർകസ് നോളജ്സിറ്റിയിലെ ജാമിഉൽഫുതൂഹിൽ പ്രൗഢമായി നടന്നു. പ്രവാചപ്രകീർത്തന കാവ്യങ്ങളുടെ ആലാപനം, വിവിധ മൗലിദുകളുടെ പാരായണം, പ്രഭാഷണങ്ങൾ, പ്രാർത്ഥനകൾ എന്നിവയാൽ ഭക്തിനിർഭരമായ സംഗമത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് വിശ്വാസികൾ സംബന്ധിച്ചു.

സമസ്ത പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ ഉദ്ഘാടനം നിർവഹിച്ചു. ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ആമുഖഭാഷണം നടത്തി. പേരോട് അബ്ദുറഹ്മാൻ സഖാഫി, പൊന്മള മുഹ്‌യിദ്ദീൻകുട്ടി ബാഖവി, ഹസ്രത്ത് ഇല്യാസ് ബാഖവി തമിഴ്നാട്, ബറക്കത്തുല്ലാഹ് സാഹബ് മുത്തുപ്പേട്ട, മൗലാനാ ബിശാർ ഹുസൈൻ സഖാഫി കാശ്മീർ, സുഹൈൽ ഇഖ്ബാൽ സംഭാൽ സംസാരിച്ചു. സയ്യിദ് അലി ബാഫഖി സയ്യിദ് ശിഹാബുദ്ദീൻ മുത്തനൂർ, സയ്യിദ് ഹൈദ്രോസ് മുത്തുക്കോയ തങ്ങൾ, സയ്യിദ് ഇമ്പിച്ചിക്കോയ തങ്ങൾ വിവിധ സമയങ്ങളിലായി പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. സി മുഹമ്മദ് ഫൈസി, ഹസൻ മുസ്‌ലിയാർ വയനാട്, വി പി എം വില്യാപ്പള്ളി, ഹസൻ അലി സാഹിബ് ഈറോഡ്, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സിപി ഉബൈദുല്ലാഹ് സഖാഫി, സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ജലാലുദ്ദീൻ ബുഖാരി, സുലൈമാൻ സഖാഫി മാളിയേക്കൽ, ഡോ. മുഹമ്മദ് കുഞ്ഞ് സഖാഫി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി സംബന്ധിച്ചു. ലോക സമാധാനത്തിനായുള്ള പ്രത്യേക പ്രാർത്ഥനയോടെയും തബറുക്ക് വിതരണത്തോടെയുമാണ് സംഗമം സമാപിച്ചത്.

# അന്താരാഷ്ട്ര മീലാദ് സമ്മേളനം വിജയിപ്പിക്കുക: വിദ്യാഭ്യാസ ബോർഡ്

കോഴിക്കോട്: ഈ മാസം അഞ്ചിന് കോഴിക്കോട് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മീലാദ് സമ്മേളനം വിജയിപ്പിക്കണമെന്ന് സുന്നി വിദ്യാഭ്യാസ ബോർഡ് എക്സിക്യൂട്ടീവ് യോഗം ആഹ്വാനം ചെയ്തു. സയ്യിദ് അലി ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ സമസ്ത സെന്ററിൽ നടന്ന എക്സിക്യൂട്ടീവ് യോഗം കെ.പി മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

പ്രൊഫ. എ.കെ. അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സി.പി സൈദലവി വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ത്വാഹാ തങ്ങൾ, ടി അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സി മുഹമ്മദ് ഫൈസി, പി.എസ്.കെ മൊയ്തു ബാഖവി, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, മാളിയേക്കൽ സുലൈമാൻ സഖാഫി, അബ്ദുറഹ്മാൻ ദാരിമി കൂറ്റമ്പാറ, എ സൈഫുദ്ദീൻ ഹാജി, മജീദ് കക്കാട്, ഡോ. മുഹമ്മദ് കുഞ്ഞ് സഖാഫി, മുസ്തഫ കോഡൂർ, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി, അബ്ദുൽഖാദിർ മദനി, കെ.കെ മുഹമ്മദലി ഫൈസി, അബ്ദുറഹ്മാൻ മദനി ജപ്പു, ഉമർ മദനി, കെ.കെ.എം കാമിൽ സഖാഫി, ഹാജി അബ്ദുന്നാസിർ ഹിശാമി, വി.എച്ച് അലി ദാരിമി എറണാകുളം, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, പി.സി ഇബ്റാഹീം മാസ്റ്റർ, അഹ്മദ് കുട്ടി ബാഖവി തുടങ്ങിയവർ സംബന്ധിച്ചു.

# മർകസ് കാമ്പസ് മൗലിദ് പ്രൗഢമായി

കോഴിക്കോട്: മുഹമ്മദ് നബി(സ)യുടെ ജീവിതമാതൃകകളും ദർശനങ്ങളുമെല്ലാം മനുഷ്യനെ നവീകരിക്കാനുള്ളവയാണെന്നും അവ സമൂഹത്തിൽ സമാധാനവും സുസ്ഥിതിയും സാധ്യമാക്കുമെന്നും മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ. നബിദിനത്തിന്റെ ഭാഗമായി മർകസിൽ നടന്ന കാമ്പസ് മൗലിദ് പ്രകീർത്തന സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മർകസ് സെൻട്രൽ കാമ്പസിലെ വിവിധ സ്ഥാപനങ്ങളിലെ സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളും സംബന്ധിച്ച സംഗമത്തിൽ വിവിധ ആത്മീയ-നബികീർത്തന പരിപാടികൾ നടന്നു. വൈസ് പ്രസിഡന്റ് വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി പ്രഭാഷണം നടത്തി. കുഞ്ഞിമുഹമ്മദ് സഖാഹി, അബ്ദുല്ല സഖാഫി, ബശീർ സഖാഫി, ഉമറലി സഖാഫി, നൗശാദ് സഖാഫി, മുഹ്‌യിദ്ദീൻ സഅദി, അബ്ദുസത്താർ കാമിൽ സഖാഫി, അബ്ദുറഹ്മാൻ സഖാഫി, സൈനുദ്ദീൻ അഹ്സനി, അബ്ദുല്ലത്വീഫ് സഖാഫി തുടങ്ങിയ മർകസ് ഡയറക്ടറേറ്റ് അംഗങ്ങളും ഉസ്താദുമാരും സംബന്ധിച്ചു.

# അൽമഖർ: 73 അമാനികൾക്ക് സനദ് നൽകി

തളിപ്പറമ്പ്: അൽമഖർ ശില്പിയും സമസ്തയുടെ സമുന്നത നേതൃത്വവുയിരുന്ന കൻസുൽ ഉലമ കെ.പി ഹംസ മുസ്‌ലിയാരുടെ എട്ടാം ആണ്ടനുസ്മരണവും അൽമഖർ സനദ്ദാന സമ്മേളനവും പ്രൗഢമായി.

വൈസ് പ്രസിഡന്റ് പട്ടുവം കെ പി ഹംസ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ പേരോട് അബ്ദുറഹ്മാൻ സഖാഫി ഉദ്ഘാടനം ചെയ്തു. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. പ്രസിഡന്റ് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ 73 അമാനികൾക്കും 11 ഹാഫിളുകൾക്കും സനദ് നൽകിക്കൊണ്ട് സനദ്ദാന പ്രഭാഷണം നടത്തി.

ഫസ്റ്റ്, സെക്കൻഡ് റാങ്കുകാർക്കുള്ള സമ്മാനദാനം വിപിഎം വില്യാപ്പള്ളി, വയനാട് ഹസൻ മുസ്‌ലിയാർ, കടാങ്കോട് മുസ്തഫ ദാരിമി, ഉമ്മുൽഖുവൈസ് മഹ്മൂദ് ഹാജി എന്നിവർ നിർവഹിച്ചു. സെക്രട്ടറി സയ്യിദ് സുഹൈൽ സഖാഫി സ്വാഗതം പറഞ്ഞു.

സമ്മേളനത്തോടനുബന്ധിച്ച് മഹ്ളറത്തുൽ ബദ്‌രിയ്യ, സ്റ്റുഡൻസ് കോൺഫറൻസ്, അമാനീസ് സംഗമം, സ്ഥാനവസ്ത്ര വിതരണം തുടങ്ങിയവയും നടന്നു. സാദാത്തുക്കൾ, പണ്ഡിതർ, പ്രാസ്ഥാനിക നേതാക്കൾ, സുന്നി പ്രവർത്തകർ ഉൾപ്പെടെ നിരവധി പ്രമുഖർ സംബന്ധിച്ചു.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally